# സിഐടിയു സന്ദേശം


സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2018 ഏപ്രിൽ വോള്യം: 6. ലക്കം: 9



7 സിഐടിയു മാനിഫെസ്റ്റോ







11 ഡബ്ല്യുഎഫ്ടിയു-മേയ്ദിന സന്ദേശം




14 സെപ്റ്റംബർ 5-ന് തൊഴിലാളി കർഷക റാലി

ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ 22

കുറിപ്പുകള് 24
പി. നന്ദകുമാർ

പട്ടികജാതി-വർഗ അതിക്രമം തടയൽ 28
ജി. മമത

തൊഴിൽ അരക്ഷിതമാവുമ്പോൾ 31
ഡോ. കെ.പി. കണ്ണൻ

കേരള ഈറ്റ കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് 33
ടി.പി. രാമകൃഷ്ണൻ

മമതാഭരണത്തിൽ ജനാധിപത്യ കശാപ്പ് 35

സ്ക്രിപാൽ സംഭവവും ആഗോള രാഷ്ട്രീയവും 40
ജോസ് ടി എബ്രഹാം

ലോകമാകെ തൊഴിലാളി സമരങ്ങൾ 42
വി.ബി. പരമേശ്വരൻ

സാമ്രാജ്യത്വവും കൂട്ടാളികളും ലോകത്തെ യുദ്ധത്തിലേക്ക് നയിക്കുന്നു 50
എൻ. പത്മലോചനൻ



**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

എഡിറ്റോറിയൽ

# മോദിയുടെ പ്രതിച്ഛായ മങ്ങുന്നു

2014 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കിയ ശേഷം, നരേന്ദ്ര മോഡി– അമിത്ഷാ കൂട്ട് കെട്ട് പ്രഖ്യാപിച്ചത്, അടുത്ത അമ്പത് വർഷത്തേക്ക് ബിജെപിക്ക് തുടർച്ചയായി ഇന്ത്യ ഭരിക്കാനാവുമെന്നായിരുന്നു. ഭാവിയിൽ അപ്രതീക്ഷിതമായ വല്ലതും സംഭവിച്ചാലോ എന്ന് സംശയമുന്നയിച്ചവരോട് അമിത്ഷാ ഉറപ്പിച്ച് പറഞ്ഞത് അടുത്ത 15 വർഷത്തേക്ക് ബിജെപി അധികാരത്തിലിരിക്കും എന്ന കാര്യത്തിൽ നേരിയ സംശയം പോലും ഇല്ല എന്നായിരുന്നു. എന്നാൽ ആ പ്രതീക്ഷകൾക്ക് മങ്ങലേറ്റതായി ബിജെപി നേതൃത്വത്തിലുള്ളവർ തന്നെ തുറന്ന് സമ്മതിക്കാൻ തുടങ്ങി. ഉത്തർപ്രദേശിലെ ഗോരഖ്പൂർ, ഫൂൽപൂർ ഉപതെരഞ്ഞെടുപ്പുകളിൽ ബിജെപിക്കേറ്റ തിരിച്ചടിയാണ് അവരുടെ പ്രതീക്ഷകളെ തകിടം മറിച്ചത്.

ത്രിപുര അസംബ്ലി തെരഞ്ഞെടുപ്പിൽ വിജയം നേടാൻ കഴിഞ്ഞപ്പോൾ, മോഡിയുടെ നേതൃത്വപാടവത്തെക്കുറിച്ചും, ശേഷിയെക്കുറിച്ചും ഉയർന്നു പ്രതീക്ഷയും അവകാശവാദവുമാണ് ബിജെപിയും ആർഎസ്എസ്സും ഉന്നയിച്ചത്. വടക്ക് കിഴക്കൻ സംസ്ഥാനമായ ത്രിപുരയിൽ എല്ലാ വൃത്തികെട്ട ഉപജാപങ്ങളുടെയും പണമൊഴുക്കലിന്റെയും ഫലമായിരുന്നു ബിജെപി വിജയം. അഖണ്ഡ ഭാരതത്തെക്കുറിച്ച് വാതോരാതെ പ്രസംഗിക്കുന്നവർ, വിഘടനവാദികളായ ഐപിഎഫ്ടിയെപോലും കൂട്ടുപിടിച്ചു. കേന്ദ്രഭരണം, എല്ലാ മര്യാദകളും ലംഘിച്ച് തെരഞ്ഞെടുപ്പിൽ ഇടപെട്ടു ത്രിപുരയിൽ മുഖ്യപ്രതിപക്ഷമായിരുന്ന കോൺഗ്രസിനെ മൊത്തമായി ബിജെപി വിലക്കെടുത്തു. എല്ലാ ജനാധിപത്യ മര്യാദകളും കാറ്റിൽ പറത്തി നേടിയ വിജയമായിരുന്നു ത്രിപുരയിലേത്. എന്നിട്ടും നരേന്ദ്രമോഡി ഉൾപ്പെടെയുള്ളവർ അഹങ്കാരത്തോടെ പറഞ്ഞത് സിപിഐഎമ്മിന്റെ അന്ത്യം കുറിക്കും എന്നായിരുന്നു. ഇടത്പക്ഷത്തിന് അവശേഷിക്കുന്ന കേരള ഭരണവും താമസിയാതെ അവസാനിക്കുമെന്ന് അവർ വീമ്പ് പറഞ്ഞു.

ഇത് കഴിഞ്ഞ് പത്ത് ദിവസങ്ങൾക്ക് ശേഷമാണ് യുപി, ബീഹാർ സംസ്ഥാനങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളിലെ ബിജെപിയുടെ തോൽവി. ഇന്ത്യയുടെ ഹൃദയഭാഗം എന്നറിയപ്പെടുന്ന ഹിന്ദി പ്രദേശത്തെ തിരിച്ചടിയുടെ ആഘാതം ചെറുതല്ല. യുപി മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും 2014 ൽ വിജയിച്ച ഗോരക്പൂർ, ഫൂൽപൂർ മണ്ഡലങ്ങളാണ് ബിജെപിക്ക് നഷ്ടമായത്. ത്രിപുരയിൽ ഇടത്പക്ഷത്തിന്റെ 25 വർഷത്തെ ഭരണത്തിന് അന്ത്യം കുറിച്ചു എന്നവകാശപ്പെട്ട ബിജെപി 27 വർഷം തുടർച്ചയായി കൈവശം വച്ച ഗോരഖ്പൂർ മണ്ഡലത്തിലാണ് തോറ്റത്. സമാജ്‌വാദി പാർടി സ്ഥാനാർത്ഥി ബിഎസ്പിയുടെ പിന്തുണയോടെ ഇവിടെ ജയിച്ചു. ഈ ഉപതെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് രൂപം കൊണ്ട ഒരു സഖ്യത്തിന് ബിജെപിയെ പരാജയപ്പെടുത്താനായത് ഭാവിയിലേക്കുള്ള ചൂണ്ട് പലകയാണ്. ഈ സഖ്യം തുടർന്നാൽ യുപിയിലാകെ തിരിച്ചടി നേരിടുമെന്ന് ബിജെപി ഭയക്കുന്നു.

ബീഹാറിലെ അറാറിയ ലോകസഭാ മണ്ഡലത്തിൽ യുണൈറ്റഡ് ജനതാദൾ പിന്തുണ ഉണ്ടായിട്ടും ബിജെപിക്ക് ജയിക്കാനായില്ല. രാഷ്ട്രീയ ജനതാദളാണ് ഇവിടെ ജയിച്ചത്. ബീഹാറിലെ മതേതര സഖ്യം വിട്ട്, ബിജെപിയോടൊപ്പം ചേർന്ന നിധീഷ് കുമാർ നേതൃത്വം നൽകുന്ന യുണൈറ്റഡ് ജനതാദളിലും തെരഞ്ഞെടുപ്പ് ഫലം കനത്ത ആഘാതമായി. കേവലം ഒരു ഉപതെരഞ്ഞെടുപ്പ് ഫലമായി യുപി ബീഹാർ ഫലങ്ങളെ കാണാനാവില്ല. രാജ്യത്തെ വോട്ടർമാരുടെ മനസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തിന്റെ ലക്ഷണമായിട്ടാണ് രാഷ്ട്രീയ നിരീക്ഷകർ ഇതിനെ കാണുന്നത്. യുപിയിലെ രണ്ട് പാർലമെന്റ് മണ്ഡലങ്ങളിലെ വോട്ടിന്റെ കണക്ക് പരിശോധിച്ചാൽ ഇത് വ്യക്തമാവും. 2014 ൽ ലഭിച്ചതിനെ അപേക്ഷിച്ച്, ഗോരഖ്പൂരിൽ 1,04,495 വോട്ടും, ഫൂൽപൂരിൽ 2,20,102 വോട്ടും ബിജെപിക്ക് കുറഞ്ഞു. 2014 ലെ തെരഞ്ഞെടുപ്പിൽ ഗോരഖ്പൂർ മണ്ഡലത്തിൽ എസ്പി, ബിഎസ്പി പാർടി സ്ഥാനാർത്ഥികൾക്ക് ലഭിച്ച വോട്ടുകളേക്കാൾ ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ച

എസ്പി സ്ഥാനാർത്ഥി പ്രവീൺ കുമാർ നിഷാദ് 56,000 വോട്ട് അധികം നേടി. 2014 ൽ എസ്പി, ബിഎസ്പി വെവ്വേറെ മത്സരിച്ചപ്പോൾ രണ്ട് കൂട്ടർക്കും കൂടി ലഭിച്ചത് 4.02 ലക്ഷം വോട്ടുകളായിരുന്നു. നിഷാദിന് ഈ തെരഞ്ഞെടുപ്പിൽ ലഭിച്ചത് 4.56 ലക്ഷം വോട്ടുകളാണ്. ഇന്ത്യയുടെ ഹൃദയമേഖല യിലെ ജനങ്ങൾ എങ്ങിനെ ചിന്തിക്കുന്നു എന്നതാണ് ഇത് നൽകുന്ന സൂചന.

2014 ലെ ലോകസഭാ തെരഞ്ഞെടുപ്പിലും 2017 ലെ അസംബ്ലി തെരഞ്ഞെടുപ്പിലും യുപിയിൽ ബിജെപി വമ്പിച്ച വിജയം നേടി. നിയമസഭാ തെരഞ്ഞെടുപ്പിൽ ബിഎസ്പി ഒറ്റക്കും എസ്പി കോൺഗ്ര സുമായി ചേർന്നുമാണ് മത്സരിച്ചിരുന്നത്. ഈ രണ്ട് പാർടികൾക്കും ലഭിച്ച വോട്ടുകൾ ചേർത്ത് വെച്ചാൽ യുപിയിലെ 50 ലോകസഭാ മണ്ഡലങ്ങളിൽ ഭൂരിപക്ഷമാണ്. ആകെയുള്ള 82 സീറ്റുകളിൽ 71 എണ്ണ ത്തിലും ജയിച്ചാണ് ബിജെപി 2014 ൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. യുപി തോറ്റാൽ കേന്ദ്രഭ രണം അസാധ്യമാവും. യുപി, ബീഹാർ ഉപതെരഞ്ഞെടുപ്പുകൾക്ക് മുമ്പ് നടന്ന രാജസ്ഥാൻ, മധ്യപ്ര ദേശ് ഉപതെരഞ്ഞെടുപ്പുകളിൽ ബിജെപി തോറ്റിരുന്നു. ഗുജറാത്ത് അസംബ്ലി തെരഞ്ഞെടുപ്പിലെ മങ്ങിയ വിജയത്തിനു ശേഷം ബിജെപിയുടെ നില അത്ര മെച്ചപ്പെട്ടതല്ല.

പുതിയ സാഹചര്യം ബിജെപി മുന്നണിയിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. എൻഡിഎ ഘടക കക്ഷികളായ ശിവസേന, ടിഡിപി എന്നിവർ മുന്നണി വിട്ടു. ടിഡിപി മന്ത്രിമാർ കേന്ദ്രമന്ത്രിസഭയിൽ നിന്ന് രാജിവെക്കുകയും ചെയ്തു. ഇതിന് പുറമെ, ഉപതെരഞ്ഞെടുപ്പുകളിൽ കണ്ട മറ്റൊരു പ്രവ ണത, മുമ്പ് ബിജെപിക്ക് ശക്തമായ പിന്തുണ നൽകിയിരുന്ന നഗര വോട്ടർമാരുടെ മാറ്റം ഗോരഖ്പൂ രിലും ഫൂൽപൂരിലും പ്രകടമായി. ഫൂൽപൂർ മണ്ഡലത്തിൽപെട്ട അലഹബാദ് നോർത്ത്, അലഹ ബാദ് വെസ്റ്റ് എന്നീ നഗര മണ്ഡലങ്ങളിൽ യഥാക്രമം 21.65 ശതമാനവും 31 ശതമാനവും ആയിരുന്നു പോളിംഗ്. ഗോരഖ്പൂർ സിറ്റി മണ്ഡലത്തിൽ 33 ശതമാനം ആയിരുന്നു പോളിംഗ്. ഗ്രാമങ്ങളിൽ ബിജെപിക്കെതിരായി ഉയർന്നുവരുന്ന പ്രതിഷേധം, നഗരങ്ങളിലേക്കും വ്യാപിക്കുന്നു എന്നാണ് സൂച ന.

ഇതിനിടെയാണ് സിഎസ്ഡിഎസ് (സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡവലപിംഗ് സൊസൈറ്റീ സ്) എന്ന സ്വതന്ത്ര സ്ഥാപനം നടത്തിയ പഠന റിപ്പോർട്ട് പുറത്ത് വന്നത്. 2017 മെയ് മാസത്തിലും 2018 ജനുവരി മാസത്തിലുമായിരുന്നു ഈ പഠനം നടന്നത്. 2017 ൽ നിന്ന് 2018 ആവുമ്പോഴേക്ക് മോഡിക്ക് ജനപിന്തുണയിൽ ഇടിവുണ്ടായി എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അടുത്ത 6 മാസങ്ങൾക്കു ള്ളിൽ എന്തൊക്കെ സംഭവിക്കുമെന്ന് പറയാനാവില്ല എന്നും പഠന സംഘത്തലവൻ പറയുന്നു.

2014 ലെ തെരഞ്ഞെടുപ്പ് കാലത്ത്, ജനങ്ങൾക്ക് നൽകിയ ഒരു വാഗ്ദാനവും മോഡി സർക്കാ രിന് നിറവേറ്റാനായില്ല. 'അഴിമതി രഹിത ഭരണം' എന്ന മുദ്രാവാക്യം, പാഴ്വാക്കായി. ഭരണ സിരാ കേന്ദ്രവുമായി അടുത്ത ബന്ധമുള്ള വജ്ര വ്യാപാരി നീരവ് മോഡിയുടെ ബാങ്ക് തട്ടിപ്പ്, റാഫേൽ ഹെലികോപ്റ്റർ വിവാദം, യുദ്ധ വിമാനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന ആക്ഷേപ ങ്ങൾ തുടങ്ങിയവയെല്ലാം മോഡി 'വ്യത്യസ്ത'നല്ല എന്ന ധാരണ ശക്തിപ്പെട്ടു. മെയ്ക്ക് ഇൻ ഇന്ത്യ എന്ന മുദ്രാവാക്യം ഉയർത്തിയ നരേന്ദ്രമോഡി രാജ്യം വിൽക്കുകയാണ് ചെയ്ത്. പൊതു മേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വില്പന നടത്തുകയാണ്. പ്രതിവർഷം 2 കോടി പുതിയ തൊഴിൽ സൃഷ്ടി ക്കുമെന്ന വാഗ്ദാനം ഒട്ടും നടപ്പായില്ല. നോട്ടു നിരോധനവും ജിഎസ്ടിയും ലക്ഷക്കണക്കിന് ചെറു കിട വ്യവസായങ്ങളെ തകർക്കുകയും കോടിക്കണക്കിന് തൊഴിലാളികളെ തെരുവാധാരമാക്കുകയും ചെയ്തു.

അമ്പത് കോടിയോളം വരുന്ന അധ്വാനിക്കുന്ന ജനതയെ കേന്ദ്ര സർക്കാർ പാടെ അവഗണിച്ചു. മഹാഭൂരിപക്ഷം തൊഴിലാളികൾക്കും മിനിമം വേതനമോ സാമൂഹ്യ സുരക്ഷാ പദ്ധതികളോ ഇല്ല. സ്കീം തൊഴിലാളികളെ 'തൊഴിലാളി' എന്ന നിർവചനത്തിൽ പോലും പെടുത്തിയില്ല. കാർഷിക തകർച്ച കാരണം തൊഴിൽ നഷ്ടപ്പെടുന്ന ലക്ഷക്കണക്കിന് കർഷക തൊഴിലാളികൾ ഉപജീവന മാർഗം തേടി നഗരങ്ങളിലേക്ക് കുടിയേറുകയാണ്. കടക്കെണിയിൽ കുടുങ്ങിയ കർഷകർ ആത്മഹത്യ ചെയ്യുന്നു. തൊഴിലാളി ക്ഷേമത്തിനായി രാജ്യത്ത് നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങളെല്ലാം തൊഴിലുടമകൾക്കനുകൂലമായി ഭേദഗതി ചെയ്തു. ഏറ്റവും ഒടുവിൽ സ്റ്റാന്റിംഗ് ഓർഡർ നിയമത്തിന്റെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി 'സ്ഥിരം തൊഴിൽ' എന്ന വ്യവസ്ഥ തന്നെ ഫലത്തിൽ ഇല്ലാതാക്കി. കരാർ, താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക്, ന്യായമായ കൂലിക്ക് വേണ്ടി ശബ്ദ മുയർത്താനോ, കൂട്ടായ വിലപേശലിനായി ട്രേഡ് യൂണിയൻ രൂപീകരിക്കാനോ കഴിയാത്ത സ്ഥിതി സംജാതമായി. നാല് വർഷത്തെ മോഡി ഭരണം നൽകിയ 'നല്ല ദിവസങ്ങൾ' ഇതൊക്കയാണ്:

വൻകിട കുത്തകകളുടെ മാത്രം താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഉദാരവൽക്കരണ നയങ്ങളാണ് മോഡി സർക്കാർ നടപ്പാക്കുന്നത്. കഴിഞ്ഞ 4 വർഷം കൊണ്ട്, ഇന്ത്യൻ കുത്തകകൾ സമ്പത്ത് വാരിക്കൂട്ടി. 2016 ൽ നടന്ന ഒരു പഠനം വ്യക്തമാക്കുന്നത്, രാജ്യത്തെ ജനസംഖ്യയിലെ മുകൾത്തട്ടിലുള്ള 1 ശതമാനം വരുന്ന സമ്പന്നർ, ഇന്ത്യയിലെ ആകെ സമ്പത്തിന്റെ 28 ശതമനം കൈവശം വെക്കുന്നു. 1991 നേക്കാൾ 11 ശതമാനം കൂടുതലാണിത്. ഈ സമ്പന്നരാണ് കേന്ദ്ര സർക്കാരിന്റെ ഒത്താശയോടെ ബാങ്കുകൾ കൊള്ളയടിക്കുന്നത്. 8 ലക്ഷം കോടി രൂപയാണ്, ദേശസാൽകൃത ബാങ്കുകളിലെ കിട്ടാക്കടം. ഇതിന്റെ 78 ശതമാനം കടമെടുത്തത്, 50 കോർപറേറ്റ് കമ്പനികളാണ്. റിസർവ് ബാങ്ക് റിപ്പോർടനുസരിച്ച് 12 പ്രധാന അക്കൗണ്ടുകളിൽ മാത്രം 1.78 ലക്ഷം കോടി രൂപയാണ് കിട്ടാക്കടം. 2016–17 വർഷം രാജ്യത്ത് സൃഷ്ടിക്കപ്പെട്ട സമ്പത്തിന്റെ 73 ശതമാനവും, ജനസംഖ്യയുടെ മുകൾത്തട്ടിലുള്ള 1 ശതമാനമാണ് കയ്യടക്കിയത്. ജനസംഖ്യയിൽ താഴെ തട്ടിലുള്ള 50 ശതമാനത്തിന് ആ വർഷം അവരുടെ വരുമാനത്തിൽ ഒരു വർധനവുമുണ്ടായില്ല.

ഉൽപന്നങ്ങൾക്ക് ന്യായവില കിട്ടാതെ, കടം പെരുകി ആത്മഹത്യ ചെയ്യേണ്ടി വരുന്ന കർഷകരും കഠിനാധ്വാനം ചെയ്തിട്ടും ന്യായമായ വേതനം ലഭിക്കാത്ത തൊഴിലാളികളും വിദ്യാഭ്യാസം നേടിയിട്ടും തൊഴിൽ ലഭിക്കാത്ത യുവജനതയും മോഡി സർക്കാരിന്റെ നയങ്ങളിൽ രോഷാകുലരാണ്. കോൺഗ്രസ് സർക്കാരിന്റെ കാലത്തെ അതേ നയങ്ങൾ തന്നെയാണ് ബിജെപി സർക്കാരും നടപ്പാക്കുന്നതെന്ന് ജനങ്ങൾ തിരിച്ചറിയുന്നു. രാജ്യത്താകെ ശക്തിപ്പെടുന്ന തൊഴിലാളി– കർഷക സമരങ്ങൾ ഈ തിരിച്ചറിവിന്റെ ഫലമാണ്.

വർഗീയത ആളിക്കത്തിച്ച് ജനങ്ങളെ ഭിന്നിപ്പിക്കുന്ന സംഘപരിവാറിന്റെ ദുഷ്ടലാക്ക് ജനങ്ങൾ മനസിലാക്കി തുടങ്ങി. ലൗജിഹാദ്, ഘർവാപസി, ഗോരക്ഷ തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി ന്യൂനപക്ഷത്തിനെതിരെ ഭുരിപക്ഷ സമുദായ വികാരം ആളിക്കത്തിക്കാനായിരുന്നു സംഘപരിവാർ ശ്രമം. ദളിത് ജനവിഭാഗങ്ങൾക്ക് നേരെയും വലിയ ആക്രമണങ്ങളാണ് രാജ്യത്തിന്റെപല ഭാഗത്തും നടന്നത്.

ബിജെപി ഭരണത്തിന്റെ ബിഭത്സ മുഖം അനാവരണം ചെയ്ത രണ്ട് സംഭവങ്ങളാണ് അടുത്ത ദിവസങ്ങളിൽ പുറത്ത് വന്നത്. കാഷ്മീരിലെ 'കത്വ' എന്ന സ്ഥലത്ത് ആസിഫ എന്ന എട്ടു വയസുള്ള പെൺകുട്ടി ക്രൂരമായി ബലാൽസംഗം ചെയ്യപ്പെടുകയും പിന്നീട് കൊല്ലപ്പെടുകയും ചെയ്തു. ആർഎസ്സ്എസ്സുകാർ സംഘം ചെർന്ന് നടത്തിയ ഈ പൈശാചികതക്ക് തെരഞ്ഞെടുത്ത സ്ഥലം ഒരു ക്ഷേത്രമായിരുന്നു. ഈ സംഭവത്തിലെ പ്രതികളായ 'മൃഗ' ങ്ങളെ സംരക്ഷിക്കാൻ ബിജെപി മന്ത്രിമാർ പരസ്യമായി റാലി നടത്തി എന്നത് രാജ്യം ഞെട്ടലോടെയാണ് വീക്ഷിച്ചത്. യുപിയിലെ ഉന്നാവയിൽ കൂട്ടബലാൽസംഗത്തിനിരയായ ഒരു പെൺകിട്ടിയും കുടുംബവും മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ ഔദ്യോഗിക വസതിക്ക് മുമ്പിൽ ആത്മഹത്യക്ക് ശ്രമിച്ചു. ഈ സംഭവത്തിന് ശേഷം ഇരയായ പെൺകുട്ടിയുടെ അച്ഛനെ പോലീസ് പിടിച്ചുകൊണ്ടുപോയി. പോലീസ് കസ്റ്റഡിയിൽ അയാൾ കൊല്ലപ്പെട്ടു. പെൺകുട്ടിയെ ബലാൽസംഗം ചെയ്ത സംഘത്തിന്റെ തലവൻ ബിജെപി എംഎൽഎ ആയ കുൽദീപ് സിംഗ് ആണെന്ന് പെൺകുട്ടി പരാതി നൽകി. എന്നാൽ പോലീസ് കേസെടുത്തില്ല. ഒടുവിൽ അലഹബാദ് ഹൈക്കോടതി ഇടപെട്ട ശേഷമാണ് എംഎൽഎക്കെതിരെ കേസെടുത്തത്. ഈ രണ്ട് സംഭവങ്ങളും മോഡി ഭരണത്തിൽ ഇന്ത്യയുടെ ജീർണിച്ച അവസ്ഥ വ്യക്തമാക്കുന്നതാണ്.

ഈ സാഹചര്യത്തിലാണ് വ്യാമോഹം വെടിഞ്ഞ് യാഥാർത്ഥ്യ ബോധത്തിലേക്ക് ജനങ്ങൾ വന്നു കൊണ്ടിരിക്കുന്നത്. ജനങ്ങളുടെ അമർഷമാണ്, വലിയ പ്രക്ഷോഭങ്ങളായി രൂപാന്തരപ്പെടുന്നത്. ഈ ജനകീയ പ്രക്ഷോഭങ്ങൾ ഇനിയും ശക്തിപ്പെടും. വൻകിട കുത്തകകൾക്ക് വേണ്ടി, ജനങ്ങളെ കൊള്ളയടിക്കുന്ന ബിജെപി സർക്കാരിന്റെ അന്ത്യം കുറിക്കുന്ന പോരാട്ടമായി അത് മാറും. അതിന്റെ സൂചനകളാണ് പുറത്ത് വരുന്നത്.



# സിഐടിയു മേയ്ദിന മാനിഫെസ്റ്റോ-2018




**ശക്തിയായി ഒരുമിച്ച് നവലിബറൽ നയങ്ങളെ തോൽപ്പിച്ച് തൊഴിലാളി അനുകൂല നിലപാടുകൾ നടപ്പാക്കുക**

**ഐക്യം തകർക്കുവാനുള്ള വർഗീയ ശക്തികളുടെ നീക്കത്തെ ചെറുക്കുക.**

**കർഷകത്തൊഴിലാളികളടക്കം എല്ലാ വിഭാഗത്തേയും ഒന്നിപ്പിക്കാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുക.**

**മുതലാളിത്തവും അതിനെ പിന്തുണക്കുന്ന നയങ്ങളുമാണ് യഥാർത്ഥ ശത്രുക്കളെന്ന് തിരിച്ചറിയുക. ഈ ചൂഷണത്തെ ചെറുക്കുവാൻ പ്രക്ഷോഭത്തിനൊരുങ്ങുക.**

ഫാക്ടറികൾ, ഓഫീസുകൾ, മറ്റ് സേവനങ്ങൾ, ഖനികൾ, വനങ്ങൾ, വയലുകൾ, ജലം തുടങ്ങി എല്ലായിടങ്ങളിലും ജോലി ചെയ്യുന്ന ലോകത്തെ എല്ലാ തൊഴിലാളികളെയും തൊഴിലാളി വർഗത്തിന്റെ അന്താരാഷ്ട്ര ഐക്യാദാർഢ്യ ദിനമായ ഈ മെയ് ദിനത്തിൽ സിഐടിയു അഭിവാദ്യം ചെയ്യുന്നു.

ചൂഷണത്തിൽ നിന്നും രക്ഷനേടാൻ കഠിനാദ്ധ്വാനം ചെയ്ത് അവർ നേടിയെടുത്ത അവകാശങ്ങളെ സംരക്ഷിക്കാനും സാമ്രാജ്യത്വത്താലും നവ ഉദാരവൽക്കരണത്താലും അവരുടെ ജീവിതത്തിൽ കടന്നുകയറുന്ന മുതലാളിത്തത്തെ ചെറുത്തുതോൽപ്പിക്കാനുമുള്ള പോരാട്ടങ്ങളിൽ അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

സോഷ്യലിസത്തെ സംരക്ഷിക്കാനും ചൂഷണത്തെ തടയാനും ലോകത്തെ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നടക്കുന്ന പോരാട്ടങ്ങൾക്ക് പിന്തുണ നൽകാൻ സിഐടിയു പ്രതിജ്ഞാബദ്ധമാണെന്ന് ഉറപ്പിച്ചുപറയുന്നു.

പുറത്തുനിന്നുള്ള ആരുടേയും ഇടപെടലുകൾ ഇല്ലാതെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്ക് അവരുടെ ജനാധിപത്യ സർക്കാരിനെ തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. ഈ അവകാശത്തെ സിഐടിയു കാത്തുസൂക്ഷിക്കും. അഫ്ഗാനിസ്ഥാൻ, സിറിയ, യെമെൻ, ഇറാഖ് തുടങ്ങിയ രാജ്യങ്ങളിൽ സാമ്രാജ്യത്വ ശക്തികൾ നടത്തുന്ന ഇടപെടലുകളെയും യുദ്ധത്തെയും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ ഇടതുപക്ഷ സർക്കാരുകളെ അട്ടിമറിക്കാനുള്ള നീക്കങ്ങളെയും അപലപിക്കുന്നു.

സാമ്രാജ്യത്വത്തെ എന്ത് വിലകൊടുത്തും ചെറുക്കും. സാമ്രാജ്യത്വം ഇല്ലാതാക്കുകയെന്നത് ചൂഷണത്തിനെതിരായുള്ള പോരാട്ടത്തിൽ സുപ്രധാനമാണ്.

സ്വന്തം രാജ്യത്തിനുവേണ്ടിയുള്ള പലസ്തീനികളുടെ പോരാട്ടത്തിന് ഐക്യദാർഢ്യം ആവർത്തിച്ചുറപ്പിക്കുന്നു. 1967 ലെ അതിർത്തികളോടുകൂടി കിഴക്കൻ ജെറുസലേം തലസ്ഥാനമായി പലസ്തീൻ രാജ്യം ഉണ്ടാകണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നു.

സിഐടിയു നവലിബറലിസത്തിൻകീഴിൽ ലോകത്ത് അസമത്വം വർദ്ധിക്കുന്നതിൽ ആശങ്ക പ്രകടിപ്പിക്കുന്നു. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ വിയർപ്പും രക്തവുംകൊണ്ട് നിർമിച്ച ആഗോള സമ്പത്ത് ഒരു ശതമാനം മാത്രമുള്ള സമ്പന്ന വിഭാഗം കൈക്കലാക്കുകയാണ്. ഈ സമ്പത്ത് തൊഴിലാളിവർഗത്തെ ചൂഷണം ചെയ്ത്, സ്വജനപക്ഷപാതം നടപ്പാക്കി, നികുതി വെട്ടിച്ച്, ജലം, ഖനികൾ,വനം, ഭൂമി തുടങ്ങിയ പ്രകൃതി വിഭവങ്ങളെയും പൊതുമുതലിനെയും കൊള്ളയടിച്ച് ആദിവാസികളെയും കൃഷിക്കാരെയും ദ്രോഹിച്ചാണ് നേടിയെടുക്കുന്നത്.

നവലിബറലിസത്തിന് പകരം വെക്കാൻ യാതൊന്നും നൽകാനാവാത്ത വലതുപക്ഷ ശക്തികളുടെ വളർച്ചയിൽ സിഐടിയു വ്യാകുലപ്പെടുന്നു. രാജ്യം, മതം, ലിംഗഭേദം, ജാതി, പ്രദേശം, വംശം തുടങ്ങിയവയിലൂടെ തൊഴിലാളിവർഗത്തെ വേർതിരിക്കാൻ മാത്രമേ ഇവക്കാകൂ. ഇത്തരം ശക്തികളെ അന്താരാഷ്ട്ര സമ്പത്തും സാമ്രാജ്യത്വവും ചേർന്ന് നിർമിച്ചെടുത്തതാണ്. ഇവ വൻകിട കോർപറേറ്റുകളുടെയും ബിസിനസ് സ്ഥാപനങ്ങളുടെയും താൽപര്യം സംരക്ഷിക്കാനാണ് നോക്കുന്നത്. കഷ്ടതയനുഭവിക്കുന്ന ജനങ്ങളുടെ ഐക്യം തകർത്ത് അവരുടെ പോരാട്ടങ്ങളുടെ ശക്തി കുറക്കാൻ ഇവർ ശ്രമിക്കുന്നു. ഇവരെ അദ്ധ്വാനിക്കുന്ന തൊഴിലാളി വിഭാഗത്തിന്റെ ശത്രുക്കളായി കാണണം.

നിലവിലെ സാഹചര്യത്തിൽ ഒരു ശക്തമായ സോഷ്യലിസ്റ്റ് ബ്ലോക്കിന്റെ അഭാവം ആണ് മുതലാളിത്തം നടപ്പാക്കുന്നതിൽ വലതുപക്ഷ ശക്തികൾക്ക് ധൈര്യം നൽകുന്നത്.

മുതലാളിത്ത വ്യവസ്ഥയിൽ, ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും അടക്കം ജനങ്ങളുടെ അദ്ധ്വാനം കൊണ്ട് ഉണ്ടാക്കിയ മുന്നേറ്റങ്ങളെ അവരുടെ നന്മക്ക് ഉപയോഗിക്കുന്നതിനുപകരം കോർപ്പറേറ്റുകൾക്ക് ലാഭം കൊയ്യാൻ ഉപയോഗിക്കുന്നത് തികഞ്ഞ അന്യായമാണ്.

തൊഴിൽ ഇല്ലായ്മ, ദാരിദ്ര്യം,അനാഥത്വം, നിരക്ഷരത, ആരോഗ്യ പ്രശ്നങ്ങൾ, കിടപ്പാടമില്ലാത്ത അവസ്ഥ എന്നിവക്ക് കാരണം മുതലാളിത്തമാണ്.

പ്രതിസന്ധി വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ മുതലാളിത്ത വ്യവസ്ഥയിലെ അന്തർലീനമായ ചൂഷണസ്വഭാവത്തെക്കുറിച്ച് തൊഴിലാളിവർഗത്തിനിടയിൽ അവബോധം വളർത്തിയെടുക്കുമെന്ന് സിഐടിയു പ്രതിജ്ഞ ചെയ്യുന്നു. മുതലാളിത്തത്തെ പിഴുതെറിഞ്ഞു എല്ലാവിധ ചൂഷണത്തെയും ഇല്ലാതാക്കാൻ തൊഴിലാളി വർഗം ഒന്നിക്കേണ്ടതിന്റെ ആവശ്യകത തൊഴിലാളികൾക്ക് മനസിലാക്കി കൊടുക്കുമെന്ന് പ്രതിജ്ഞയെടുക്കുന്നു. ഇതിനായി ലോകത്തുള്ള എല്ലാ തൊഴിലാളികളെയും വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിനു കീഴിൽ ഒന്നിപ്പിക്കുമെന്ന് ദൃഢനിശ്ചയം ചെയ്യുന്നു.

ഈ മെയ് ദിനത്തിൽ തൊഴിലാളി വർഗത്തിനെതിരായുള്ള ആക്രമണങ്ങളെ

**നവലിബറലിസത്തിന് പകരം വെക്കാൻ യാതൊന്നും നൽകാനാവാത്ത വലതുപക്ഷ ശക്തികളുടെ വളർച്ചയിൽ സിഐടിയു വ്യാകുലപ്പെടുന്നു. രാജ്യം, മതം, ലിംഗഭേദം, ജാതി, പ്രദേശം, വംശം തുടങ്ങിയവയിലൂടെ തൊഴിലാളിവർഗത്തെ വേർതിരിക്കാൻ മാത്രമേ ഇവക്കാകൂ. ഇവരെ അദ്ധ്വാനിക്കുന്ന തൊഴിലാളി വിഭാഗത്തിന്റെ ശത്രുക്കളായി കാണണം.**







**വർധിച്ചുവരുന്ന തൊഴിലില്ലായ്മ, വ്യവസായ മേഖലയിലെ മാന്ദ്യം, ദാരിദ്ര്യം, കാർഷികമേഖലയിലെ പ്രതിസന്ധികൾ, തുടർച്ചയായ കർഷക ആത്മഹത്യകൾ തുടങ്ങി നവലിബറൽ നയങ്ങൾക്ക് കീഴിൽ വർധിച്ചുവരുന്ന അസമത്വങ്ങളിന്മേൽ സിഐടിയു ആശങ്ക രേഖപ്പെടുത്തുന്നു. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻവനങ്ങൾ, ഭൂമി, ജലാശയങ്ങൾ,ഖനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം 100 ശതമാനം വിദേശനിക്ഷേപത്തിലൂടെ വിദേശ കോർപ്പറേറ്റുകളുടെ കൈകളിൽ എത്തിക്കുന്നു. ദേശീയതയെപ്പറ്റി വാതോരാതെ പ്രസംഗിച്ചുകൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്.**

ഗൗരവത്തോടെയാണ് സിഐടിയു കാണുന്നത്. ഒന്ന് ബിജെപി സർക്കാരിന് കീഴിൽ തൊഴിലാളികളുടെ അവകാശങ്ങൾക്ക് മേലുള്ള നവലിബറൽ ശക്തികളുടെ കടന്നുകയറ്റമാണ്. രണ്ട് ആർഎസ്എസ് നേതൃത്വത്തിൽ ഉണ്ടാകുന്ന വർഗീയ ചേരിതിരിവും അസഹിഷ്ണുതയും. ശാസ്ത്രീയവും പുരോഗമനപരവുമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ ആക്രമിച്ച് കൊന്നൊടുക്കുന്നു. ബിജെപിയുടെ നയങ്ങളെ എതിർക്കുന്നവരെ രാജ്യദ്രോഹികളായി മുദ്ര കുത്തി ശാരീരികമായി ആക്രമിക്കുന്നു.

വർധിച്ചുവരുന്ന തൊഴിലില്ലായ്മ, വ്യവസായ മേഖലയിലെ മാന്ദ്യം, ദാരിദ്ര്യം, കാർഷികമേഖലയിലെ പ്രതിസന്ധികൾ, തുടർച്ചയായ കർഷക ആത്മഹത്യകൾ തുടങ്ങി നവലിബറൽ നയങ്ങൾക്ക് കീഴിൽ വർധിച്ചുവരുന്ന അസമത്വങ്ങളിന്മേൽ സിഐടിയു ആശങ്ക രേഖപ്പെടുത്തുന്നു. രാജ്യത്തിന്റെ സമ്പത്ത് മുഴുവൻവനങ്ങൾ, ഭൂമി, ജലാശയങ്ങൾ,ഖനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എല്ലാം 100 ശതമാനം വിദേശനിക്ഷേപത്തിലൂടെ വിദേശ കോർപ്പറേറ്റുകളുടെ കൈകളിൽ എത്തിക്കുന്നു. ദേശീയതയെപ്പറ്റി വാതോരാതെ പ്രസംഗിച്ചുകൊണ്ടാണ് ഇതെല്ലാം ചെയ്യുന്നത്. രാജ്യതാല്പര്യങ്ങളെ ബലികൊടുത്ത് അമേരിക്കൻ സാമ്രാജ്യത്വത്തിന് കൂട്ടുനിന്നുകൊണ്ട് ദേശീയതയെപ്പറ്റി പ്രസംഗിച്ച് കേന്ദ്രസർക്കാർ കപടത വെളിവാക്കിയിരിക്കയാണ്.

തൊഴിൽ പരിഷ്കാരങ്ങളുടെ പേരിൽ തൊഴിൽ അവകാശങ്ങൾക്ക് മേൽ നടക്കുന്ന ആക്രമണങ്ങളെ സിഐടിയു പൂർണമായും തള്ളിപ്പറയുന്നു. ജോലി ആയാസരഹിത മാക്കുന്നതിനു പകരം ജനങ്ങളെ കൊള്ളയടിക്കുന്നത് എളുപ്പമാക്കാൻ വേണ്ടി ട്രേഡ് യൂണിയനുകളെ ദുർബലപ്പെടുത്താൻ ബിജെപി സർക്കാർ ശ്രമം നടത്തുന്നു. എന്നാൽ, തൊഴിലാളികൾക്ക് മേൽ അടിമത്തം അടിച്ചേൽപ്പിക്കാനുള്ള ഏത് ശ്രമത്തെയും സിഐടിയു പ്രതിരോധിക്കും. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കും.

ത്രിപുരയിൽ അധികാരത്തിലെത്തിയ ഉടൻ ബിജെപി ഗുണ്ടകൾ ഇടതുപാർട്ടികളുടെയും സിഐടിയുവിന്റെയും ഓഫീസുകൾ തകർക്കുകയും ലെനിന്റെ പ്രതിമ നശിപ്പിക്കുകയും ചെയ്തു. ഈ നടപടിയെ സിഐടിയു ശക്തമായി അപലപിക്കുന്നു. ആക്രമണങ്ങൾ എത്രയും വേഗം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഇവയെ ത്രിപുരയിലെ ജനങ്ങൾ എത്രയും വേഗം നേരിടുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിക്കുകയും അവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

പശ്ചിമ ബംഗാളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ




**ഈ മെയ് ദിനത്തിൽ തൊഴിലാളികൾക്കെതിരായ ആക്രമണങ്ങളെ നേരിടാൻ മൂന്നു തരത്തിൽ പോരാടേണ്ടിയിരിക്കുന്നു. നവലിബറലിസത്തിനെതിരെയുള്ള പോരാട്ടം, വർഗീയ ശക്തികൾക്കെതിരെയുള്ള പോരാട്ടം, ഏകാധിപത്യത്തിനെതിരെയുള്ള പോരാട്ടം.**

ഇടതുമുന്നണി പ്രവർത്തകർക്കും സിഐടിയു പ്രവർത്തകർക്കും നേരെ തൃണമൂൽ ഗുണ്ടകൾ നടത്തുന്ന ആക്രമണങ്ങളെയും മെയ് ദിനത്തിൽ തെരഞ്ഞെടുപ്പ് നടത്താനുള്ള തീരുമാനത്തേയും അപലപിക്കുന്നു. ഇടതുമുന്നണി പ്രവർത്തകരെയും നേതാക്കളെയും ആക്രമിച്ച് നാമനിർദേശപത്രിക സമർപ്പിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ശ്രമങ്ങളെയും അപലപിക്കുന്നു.

രാജ്യവ്യാപകമായി ദളിതർക്കെതിരെ നടക്കുന്ന ആക്രമണങ്ങളിൽ ശക്തിയായി പ്രതിഷേധിക്കുന്നു. മനുസ്മൃതി പിന്തുടരുന്ന ആർഎസ്എസ് ദളിതരെയും ആദിവാസികളെയും സ്ത്രീകളെയും അടിച്ചമർത്താനും ഇവരെ തെരഞ്ഞെടുപ്പിൽ മാത്രം ഉപയോഗിക്കാൻ ഉള്ളവരായി കാണുകയും ചെയ്യുന്നു. തൊഴിലാളികൾ, കർഷകർ, ദളിതുകൾ, വിദ്യാർഥികൾ എന്നിവർക്കിടയിൽ ഉയർന്നുവരുന്ന പ്രക്ഷോഭങ്ങൾക്ക് പിന്തുണ നൽകുന്നു.

ഈ മെയ് ദിനത്തിൽ തൊഴിലാളികൾക്കെതിരായ ആക്രമണങ്ങളെ നേരിടാൻ മൂന്നു തരത്തിൽ പോരാടേണ്ടിയിരിക്കുന്നു നവലിബറലിസത്തിനെതിരെയുള്ള പോരാട്ടം, വർഗീയ ശക്തികൾക്കെതിരെയുള്ള പോരാട്ടം, ഏകാധിപത്യത്തിനെതിരെയുള്ള പോരാട്ടം.

ഈ വെല്ലുവിളികളെ നേരിടാൻ രാജ്യത്തെ തൊഴിലാളി വർഗത്തെ സംഘടിപ്പിക്കും.

ജനവിരുദ്ധ നയങ്ങൾക്കെതിരെ എല്ലാ വിഭാഗം തൊഴിലാളികളെയും സംഘടിപ്പിച്ച് പോരാട്ട പാതയിലെത്തിക്കാൻ സിഐടിയു ബാധ്യസ്ഥമാണ്. വർഗീയതയും മതമൗലിക വാദവും സാധാരണക്കാരന്റെ ദൈനംദിന പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധതിരിക്കാനുള്ള തന്ത്രങ്ങളാണ്. വർഗീയത ചൂഷകർക്കു സഹായകമാകുന്നതുമാത്രമാണ്. ഇത്തരം ചൂഷണങ്ങൾക്കെതിരെ പോരാടി നവലിബറൽ, മുതലാളിത്ത നയങ്ങളെ തോൽപിക്കാൻ തൊഴിലാളികൾ ഒന്നിക്കേണ്ടിയിരിക്കുന്നു. ഇതിനായി സിഐടിയു തുടർച്ചയായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച് സംയുക്ത ട്രേഡ് യൂണിയനെ ശക്തിപ്പെടുത്തും. തൊഴിലാളി വർഗ്ഗത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സംഘടിക്കൽ സഹായിക്കുമെന്ന് ഉറച്ചുവിശ്വസിക്കുന്നു.

2018ലെ മെയ് ദിനത്തിൽ സിഐടിയു ഇന്ത്യയിലെ തൊഴിലാളി വർഗത്തോട് അപേക്ഷിക്കുന്നത് എന്തെന്നാൽ

ശക്തിയായി ഒരുമിച്ച് നവലിബറൽ നയങ്ങളെ തോൽപ്പിച്ച് തൊഴിലാളി അനുകൂല നിലപാടുകൾ നടപ്പാക്കുക

ഐക്യം തകർക്കുവാനുള്ള വർഗീയ ശക്തികളുടെ നീക്കത്തെ ചെറുക്കുക.

കർഷകത്തൊഴിലാളികളടക്കം എല്ലാ വിഭാഗത്തേയും ഒന്നിപ്പിക്കാൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുക.

മുതലാളിത്തവും അതിനെ പിന്തുണക്കുന്ന നയങ്ങളുമാണ് യഥാർത്ഥ ശത്രുക്കളെന്ന് തിരിച്ചറിയുക. ഈ ചൂഷണത്തെ ചെറുക്കുവാൻ പ്രക്ഷോഭത്തിനൊരുങ്ങുക.

ഈ മെയ് ദിനത്തിൽ സിഐടിയു അന്താരാഷ്ട്ര തൊഴിലാളികൾക്ക് ഐക്യദാർഢ്യവും ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരെ ഒരുമിക്കേണ്ടതിന്റെ ആവശ്യവും ചൂണ്ടിക്കാട്ടുന്നു.

**മുതലാളിത്തവും സാമ്രാജ്യത്വവും തുലയട്ടെ.**

**സോഷ്യലിസം പുലരട്ടെ.**

**സർവ്വരാജ്യ തൊഴിലാളികൾ സംഘടിക്കുക**

### ഡബ്ല്യുഎഫ്ടിയു - മേയ്ദിന സന്ദേശം

# സാർവദേശീയതയും ഐക്യദാർഢ്യവും

**ഡബ്ലിയുഎഫ്ടിയു ഒരു ചുവട് മുന്നേറുകയാണ്. ശക്തിപ്പെടുകയും വളരുകയുമാണ്. അതു തന്നെയാണ് എതിരാളികൾ ഭയക്കുന്നതും. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും സ്വാധീനമുറപ്പിക്കുക എന്നല്ലാതെ മറ്റു വഴികളില്ല. അതുവഴി മാത്രമേ പട്ടിണിയും പുറത്താക്കലുകളും അടിച്ചമർത്തലുകളും വേട്ടയാടലുകളും പീഡനങ്ങളുമില്ലാത്ത ഒരു ലോകം പണിയാനാകൂ. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു ഭാവിക്കുവേണ്ടിയുള്ള സമരങ്ങളുടെ കേന്ദ്രമായി ഡബ്ലിയുഎഫ്ടിയു മാറണം. ലോകമെങ്ങുമുള്ള തൊഴിലാളികൾക്ക് ഡബ്ലിയുഎഫ്ടിയുവിന്റെ മെയ്ദിനാഭിവാദ്യങ്ങൾ. മെയ്ദിനം നീണാൾ വാഴട്ടെ**




മെയ് ഒന്ന്. മെയ്ദിനം. മഹത്തായ ഈ ദിനത്തിൽ ലോകമെമ്പാടുമുള്ള 92 ദശലക്ഷം അഫിലിയേറ്റഡ് തൊഴിലാളികൾക്കുവേണ്ടി വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ്(ഡബ്ലിയു എഫ്ടിയു) മെയ്ദിനാഭിവാദ്യങ്ങൾ അർപ്പിക്കുന്നു. മെയ്ദിനം നമ്മുടെ പോരാട്ടങ്ങൾക്കുള്ള വഴിവിളക്കായിരുന്നു എന്നും. ഇന്നും അങ്ങനെയാണ്. ശത്രുവിന്റെ എതിർപ്പുകൾ ഉണ്ടെങ്കിൽപ്പോലും. ഭാവിയിലും അതങ്ങനെയായിരിക്കും. ബൂർഷ്വാസിക്കും സാമ്രാജ്യത്വത്തിനും അതിന്റെ സാർവദേശീയ സഖ്യ നയങ്ങൾക്കുമെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ സന്ദേശം കൂടിയാണ് മെയ്ദിനം.

അതേസമയം 1886ൽ ചിക്കാഗോയിലെ തെരുവുകളിൽ വീണ തൊഴിലാളികളുടെ രക്തം നമ്മെ വർത്തമാനത്തിന്റെ ഉത്തരവാദിത്തങ്ങളെക്കുറിച്ചു കൂടി ഓർമിപ്പിക്കുന്നു. ഒന്നും ഔദാര്യമായി ലഭിച്ചതല്ലെന്നും ഓരോ അവകാശവും സ്വാതന്ത്ര്യവും നമ്മളുടെ വർഗം ത്യാഗങ്ങളിലൂടെയും ഏറ്റുമുട്ടലുകളിലൂടെയും സംഘടിത സമരങ്ങളിലൂടെയും നേടിയെടുത്തതാണെന്നും അത് നമ്മെ ഓർമപ്പെടുത്തുന്നു.

ഇന്ന് ക്ഷണികമായ സാങ്കേതികവിദ്യയും ശാസ്ത്രപുരോഗതിയും സാമൂഹികമായ സമ്പത്തി വർധിപ്പിക്കുന്നതിൽ വലിയ സംഭാവന നൽകിയിട്ടുണ്ടെങ്കിലും നമ്മുടെ വർഗത്തിന്റെ ജീവിത സാഹചര്യം ഹീനമായിക്കൊണ്ടിരിക്കയാണ്. ഓരോ മുതലാളിത്ത രാജ്യങ്ങളിലും യജമാനന്മാർ നമ്മുടെ വർഗത്തിന്റെ നേട്ടങ്ങളെ കടന്നാക്രമിക്കുകയാണ്. അവർ നമ്മുടെ ശമ്പളവും പെൻഷനും സാമൂ

ഹിക സുരക്ഷയുമൊക്കെ കൊള്ളയടിക്കുകയാണ്. അവർ എല്ലാം സ്വകാര്യവൽക്കരിക്കുന്നു. പണിമുടക്കാനുള്ള നമ്മുടെ പാവനമായ അവകാശം പോലും അവർ കവരുന്നു! പണിമുടക്ക് നമ്മുടെ കൈയ്യിലുള്ള ഏറ്റവും ശക്തമായ ആയുധമാണ്, അതിനെ പരിമിതിപ്പെടുത്താനോ പണിമുടക്കിനെ നിർജീവമായ ഒരു വാക്കായി അധഃപതിപ്പിക്കുവാനോ ഒരു കാരണവശാലും നമ്മൾ ആരെയും അനുവദിക്കില്ല.

അതേസമയം മേഖലാ തലത്തിൽ യുദ്ധങ്ങൾ ഒരുക്കാനും അത് നടത്താനുമാണ് അവർ തീവ്രമായി ശ്രമിക്കുന്നത്. അവർ വഴിവെട്ടുന്നത് അവരുടെ ലാഭം പരമാവധിയാക്കാനുള്ള പുതിയ കൂട്ടക്കൊലകൾക്കും രാജ്യങ്ങളെ നശിപ്പിക്കാനുള്ള കുടിലമായ പുതിയ സാമ്രാജ്യത്വ ഇടപെടലുകൾക്കും അതുവഴി ജനങ്ങളുടെ ചോരചിന്തുന്നതിനും അവരെ പ്രകൃതിവിഭവങ്ങളിൽനിന്ന് അകറ്റിനിർത്തുന്നതിനുമാണ്. ലിബിയയിലും സിറിയയിലും നടന്നുവരുന്ന സാമ്രാജ്യത്വ ഇടപെടലും വെനസ്വേലയിലെ വർധിക്കുന്ന അധിനിവേശ ശ്രമങ്ങളും ഇസ്രയേലിന്റെ തലസ്ഥാനമായി ജറുസലേമിനെ അംഗീകരിക്കാനുള്ള അമേരിക്കൻ തീരുമാനവും യെമനെതിരെ സൗദി അറേബ്യ നടത്തിയ കൂട്ടക്കൊലയും കൊറിയൻ ഉപദ്വീപിലെ സംഘർഷങ്ങളുമെല്ലാം ലാഭമുണ്ടാക്കാവുന്ന മേഖലകളെ ബഹുരാഷ്ട്ര കുത്തകകൾ മണത്തു കണ്ടുപിടിക്കുന്നതിന്റെ സൂചനകളാണ്. ഈ ഇടപെടലുകൾ നടക്കുന്നിടത്തെല്ലാം വീഴുന്നത് തൊഴിലാളികളുടെ മൃതദേഹങ്ങളാണ്.

തീവ്രമായ സാമ്പത്തിക പ്രതിസന്ധിയുള്ള ഇന്നത്തെ സാഹചര്യത്തിൽ പുതിയ കമ്പോളങ്ങളുടെ നിയന്ത്രണം സ്വന്തമാക്കാനുള്ള വിവിധ സാമ്രാജ്യത്വ കേന്ദ്രങ്ങളുടെ കിടമത്സരം രൂക്ഷമാകുകയാണ്. നമ്മുടെ ഏറ്റവും ശക്തിമത്തായ ആയുധങ്ങളായ സാർവദേശീയതയും ഐക്യദാർഢ്യവുമാണ്. ഒരു തൊഴിലാളിക്കും ഒറ്റപ്പെട്ട തോന്നൽ ഉണ്ടാകരുത്. സർവരാജ്യതൊഴിലാളികളേ സംഘടിക്കുവിൻ എന്ന കാൾ മാർക്സിന്റെ മുദ്രാവാക്യത്തിന് പ്രായോഗിക ഫലം ഉണ്ടാക്കുന്നതിനായി തൊഴിലാളികളുടെ ഐക്യം ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഐക്യദാർഢ്യവും സാർവദേശീയതയും നാം മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

ഈ സന്ദർഭത്തിൽ സാമ്രാജ്യതത്വത്തിന്റെ വെടിയുണ്ടകൊണ്ടും ഈ വ്യവസ്ഥയുടെ സൃഷ്ടിയായ ദാരിദ്ര്യം കൊണ്ടും കെടുതികൾ കൊണ്ടും അടിച്ചമർത്തപ്പെടുന്ന നമ്മുടെ സഹോദരങ്ങൾക്കും മാതൃരാജ്യം വിട്ടൊഴിയേണ്ടി വന്ന കുടിയേറ്റക്കാർക്കും അഭയാർഥികൾക്കും മെയ്ദിന വാർഷികത്തിൽ ഡബ്ലിയുഎഫ്ടിയു ഐക്യദാർഢ്യമർപ്പിക്കുന്നു. അവരുടെ പക്ഷത്തു നിന്നുകൊണ്ട് ചൂഷണവും അഭയാർഥികളും ഇല്ലാത്ത ഒരു ലോകത്തിനുവേണ്ടി ഡബ്ലിയുഎഫ്ടിയു പോരാടും. കുടിയേറ്റക്കാരെ പ്രാദേശിക തൊഴിലാളികളുടെ വേതനത്തിനും അവകാശങ്ങൾക്കുമായുള്ള പോരാട്ടങ്ങളിലും യുദ്ധത്തിനും സാമ്രാജ്യത്വ ഇടപെടലിനുമെതിരായ പോരാട്ടത്തിൽ ഐക്യപ്പെടുത്തി നമ്മുടെ യൂണിയനുകളുടെ അവിഭാജ്യഘടകമാക്കണം.

സ്വാതന്ത്ര്യത്തിനും വേണ്ടി ജനാധിപത്യപരമായ മാതൃരാജ്യത്തിനുവേണ്ടിയുമുള്ള പലസ്തീൻ ജനതയുടെ ധീരോദാത്തമായ പോരാട്ടത്തോടൊപ്പം നമ്മളും അണിചേരുന്നു. അതേസമയം ഇരട്ട ചൂഷണത്തിന് വിധേയരാകുന്ന പോരാളികളായ സ്ത്രീതൊഴിലാളികൾക്കൊപ്പം നമ്മൾ അണിചേരുന്നു.

ഈയിടെ പനാമയിൽ നടന്ന വേൾഡ് വിമൻസ് കോൺഗ്രസിൽ ഡബ്ലിയുഎഫ്ടിയു വനിതാ അംഗങ്ങൾ തൊഴിലിലും സമൂഹത്തിലും ജീവിതത്തിലും തുല്യാവകാശങ്ങൾക്കു വേണ്ടി ശക്തമായി ശബ്ദമുയർത്തി. ഈ തുല്യതയ്ക്കുവേണ്ടി ഡബ്ലിയുഎഫ്ടിയു തുടർന്നും പോരാടും. മെയ്ദിനത്തിന്റെ സമരപാരമ്പര്യങ്ങൾക്ക് ഉചിതമായ ആദരമർപ്പിക്കുന്നതിനായി നമ്മൾ യുവാക്കളായ പുതുതലമുറ തൊഴിലാളികളെ ഈ ആവശ്യങ്ങൾക്കായി അണിനിരത്തും.

പൊരുതാനുറച്ച ആരുമായും ഐക്യപ്പെടുന്ന ഡബ്ലിയുഎഫ്ടിയു ഈ വർഷം ട്രേഡ് യൂണിയൻ വിദ്യാഭ്യാസത്തിന്റെ പരിശീലനത്തിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കയാണ്. തൊഴിലാളികളെ ധിക്കാരികളായും രണോത്സുകരായുംവർഗഅനുരഞ്ജനത്തിന്റെയും വർഗ സഖ്യത്തിന്റെയും ശത്രുക്കളാക്കിയും മാറ്റിയെടുക്കുക എന്നതാണ് നമ്മുടെ ആവശ്യം.

ട്രേഡ് യൂണിയൻ പരിശീലനത്തെ മാനിക്കുന്ന നമ്മൾ രണോത്സുകമാക്കാനും മെയ്ദിനത്തിന്റെ യഥാർഥ സത്യംവെളിപ്പെടുത്താനും തൊഴിലാളി വർഗം നടത്തിയ ത്യാഗങ്ങളെക്കുറിച്ച് ബോധവാന്മാരാക്കാൻ യൂണിയനുകളെയും ആഹ്വാനംചെയ്യുന്നു. ഭൂതകാലത്തെ വീണ്ടെടുത്തുകൊണ്ട്, നമ്മുടെ പ്രസ്ഥാനത്തിന്റെ പൈതൃകം വീണ്ടെടുത്തുകൊണ്ട് നാളത്തെ സമരങ്ങളെ നമുക്ക് കരുപ്പിടിപ്പിക്കണം. അതാണ് നമ്മുടെ ശക്തമായ ആയുധം. നമ്മുടെ പ്രസ്ഥാനത്തിന്റെ ചരിത്രമെന്തെന്ന് പഠിക്കുക നമ്മുടെ ഉത്തരവാദിത്തമാണ്.

ഡബ്ലിയുഎഫ്ടിയു ഒരു ചുവട് മുന്നേറുകയാണ്. ശക്തിപ്പെടുകയും വളരുകയുമാണ്. അതു തന്നെയാണ് നമ്മുടെ എതിരാളികൾ ഭയക്കുന്നതും. ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും സ്വാധീനമുറപ്പിക്ക എന്നല്ലാതെ മറ്റു വഴികളില്ല. അതുവഴി മാത്രമേ പട്ടിണിയും പുറത്താക്കലുകളും അടിച്ചമർത്തലുകളും വേട്ടയാടലുകളും പീഡനങ്ങളുമില്ലാത്ത ഒരു ലോകം പണിയാനാകൂ. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാത്ത ഒരു ഭാവിക്കുവേണ്ടിയുള്ള സമരങ്ങളുടെ കേന്ദ്രമായി ഡബ്ലിയുഎഫ്ടിയു മാറണം. 1945ൽ ഡബ്ലിയുഎഫ്ടിയുവിന്റെ പ്രഥമ ജനറൽ സെക്രട്ടറി ലൂയി സായ്ലാന്റ് വിഭാവനം ചെയ്തത് ഇതാണ്. ലോകമെങ്ങുമുള്ള തൊഴിലാളികൾക്ക് ഡബ്ലിയുഎഫ്ടിയുവിന്റെ മെയ്ദിനാഭിവാദ്യങ്ങൾ. മെയ്ദിനം നീണാൾ വാഴട്ടെ ■

**2018 മെയ് 30 സി.ഐ.ടി.യുവിന്റെ 48-ാം സ്ഥാപകദിനമാണ്. എല്ലാ സ്ഥാപകദിനത്തിലുമെന്ന പോലെ പ്രധാന കേന്ദ്രങ്ങളിൽ തൊഴിലാളികളുടെ കൂട്ടായ്മയും സി.ഐ.ടി.യു ഏറ്റെടുത്ത കടമകൾ പൂർത്തീകരിക്കേണ്ടതിന്റേയും ഇന്നത്തെ വെല്ലുവിളികളേയും ഓർമ്മിപ്പിക്കുന്ന പ്രഭാഷണങ്ങളും നടത്തണം. അതിനൊപ്പം ചുവടെ കൊടുത്തിട്ടുള്ള പ്രതിജ്ഞയും എടുക്കണം. യോഗത്തിന്റെ അവസാനം ഈ പ്രതിജ്ഞ നേതാക്കൾ ചൊല്ലിക്കൊടുക്കയും തൊഴിലാളികൾ ഏറ്റു ചൊല്ലുകയും വേണ്ടതാണ്.**

# പ്രതിജ്ഞ

സിഐടിയുവിന്റെ ഈ 48-ാം സ്ഥാപക ദിനത്തിൽ അത്യധ്വാനത്തിലൂടെ നേടിയെടുത്ത തൊഴിലാളികളുടെ അവകാശങ്ങളെ നവലിബറൽ ആക്രമണങ്ങളിൽ നിന്ന് രക്ഷിക്കാനും അവരുടെ തൊഴിൽ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും അവരുടെ അവകാശങ്ങൾക്കായുള്ള പോരാട്ടം തുടരാനും നാം നമ്മളെ പുനരർപ്പിക്കുന്നു.

അധ്വാനിക്കുന്ന എല്ലാ ജനങ്ങൾക്കും ചൂഷണമുക്തമായ, അന്തസും മാന്യതയും ഉറപ്പാക്കുന്ന ഒരു സമൂഹം കെട്ടിപടുക്കുമെന്ന സിഐടിയു ഭരണഘടനയുടെ ലക്ഷ്യം നേടാൻ കഴിയുംവിധം പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുമെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുന്നു. അധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾക്കും ട്രേഡ് യൂണിയൻ അവകാശങ്ങൾക്കും നേരെ നടന്നുവരുന്ന ആക്രമണങ്ങളെ പ്രതിരോധിച്ച് അതിനെതിരെയുള്ള പ്രക്ഷോഭങ്ങളെ ശക്തമാക്കാനും വിപുലപ്പെടുത്താനും മുന്നിട്ടിറങ്ങുമെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുന്നു.



പണിയെടുത്തു ജീവിക്കുന്ന ജനവിഭാഗങ്ങളെ ഭിന്നിപ്പിക്കാനും അവരുടെ ഐക്യം തകർക്കാനും ജീവിതം മെച്ചപ്പെടുത്താനുള്ള അവരുടെ സമരങ്ങളെ ദുർബലപ്പെടുത്താനുമുള്ള ഏതു വിധത്തിലുള്ള ശ്രമങ്ങളെയും ചെറുത്തു തോൽപിക്കുമെന്ന ദൃഢമായ തീരുമാനം ഞങ്ങൾ ആവർത്തിച്ച് ഉറപ്പിക്കുന്നു.

ഈ ലക്ഷ്യത്തിനായി ജാതി, മത, ദേശ, ലിംഗഭേദങ്ങൾ ഇല്ലാതെ തൊഴിലാളി വർഗത്തെ സംഘടിപ്പിക്കുമെന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുന്നു.

**സംഘടിക്കുക, പോരാടുക**
**നല്ലൊരു നാളേക്കായി.**

# സെപ്റ്റം. അഞ്ചിന് വമ്പിച്ച തൊഴിലാളി കർഷക റാലി



ഡോ. കെ. ഹേമലത

## അഖിലേന്ത്യാ ജനറൽ കൗൺസിൽ
### കോഴിക്കോട്, 2018 മാർച്ച് 23-26

**2018 സപ്തംബർ 5-ന് ഡൽഹിയിൽ രണ്ടു ലക്ഷം തൊഴിലാളികൾ പങ്കെടുക്കുന്ന റാലി നടത്തും. പതിനായിരക്കണക്കിന് കർഷകരും കർഷകത്തൊഴിലാളികളും ഈ റാലിയിൽ അണിചേരും.**

2018 സപ്തംബർ അഞ്ചിന് ഡൽഹിയിൽ നടത്താൻ നിശ്ചയിച്ച തൊഴിലാളി– കർഷക മാർച്ചിൽ സംഘടനയുടെ ആവശ്യം ഉയർത്തിക്കൊണ്ട് വൻ പങ്കാളിത്തം ഉറപ്പാക്കാനുള്ള ആഹ്വാനമാണ് 2018 മാർച്ച് 23 മുതൽ 26 വരെ കോഴിക്കോട്ട് നടന്ന സിഐടിയ ജനറൽ കൗൺസിൽ നൽകിയത്. രണ്ടു സുപ്രധാന സംഘടനകളായ അഖിലേന്ത്യ കിസാൻസഭയും അഖിലേന്ത്യ കർഷകതൊഴിലാളി യൂണിയനും റാലിയിൽ അണിനിരക്കാൻ തീരുമാനിച്ചത് ആഹ്ലാദകരമാണെന്ന് ജനറൽ കൗൺസിൽ വിലയിരുത്തിയിട്ടുണ്ട്. ആദ്യമായാണ് സംഘടിത മേഖലയിലെയും ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും അസംഘടിതമേഖലയിലെ വ്യവസായതൊഴിലാളികളും സ്കീം തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും അടങ്ങുന്ന അധ്വാനിക്കുന്ന വിഭാഗം ദേശീയ തലസ്ഥാനത്ത് ആദ്യമായാണ് സംയുക്തമായി തങ്ങളുടെ ആവശ്യങ്ങൾ മുൻനിർത്തി റാലിക്കൊരുങ്ങുന്നത്.

22 സംസ്ഥാനങ്ങളിൽനിന്നുള്ള 53 വനിതകൾ ഉൾപ്പെടെ 349 പേരും സഹോദര ട്രേഡ് യൂണിയനുകളിൽനിന്നുള്ള 14ഉം വിവിധ സംസ്ഥാനങ്ങളിലെ 12 ക്ഷണിതാക്കൾ അടങ്ങുന്നതാണ് സിഐടിയു ജനറൽ കൗൺസിൽ.

മാർച്ച് 23ന് പ്രസിഡന്റ് ഹേമലത പതാക ഉയർത്തിയതോടെയാണ് സിഐടിയു ജനറൽ കൗൺസിലിന് ആരംഭം കുറിച്ചത്. ഹേമലത, സിഐടിയു ജനറൽ സെക്രട്ടറി തപൻ സെൻ എന്നിവരും മറ്റ് ഭാരവാഹികളും ജനറൽ കൗൺസിൽ അംഗങ്ങളും രക്തസാക്ഷി സ്തൂപത്തിൽ പുഷ്പാർ



ച്ചന നടത്തി. 1931ൽ ഇതേനാളിൽ ബ്രിട്ടീഷ് ഭരണകൂടം സുഖ്ദേവ്, രാജ്ഗുരു എന്നീ സഹപ്രവർത്തകർക്കൊപ്പം വധശിക്ഷയ്ക്ക് വിധേയനാക്കിയ ഭഗത്സിങ്ങിന്റെ ഛായാപടത്തിന് തപൻ സെൻ, ഹേമതല എന്നിവരടക്കമുള്ള ഭാരാവാഹികൾ ഹാരമണിയിച്ചു.

സിഐടിയു ദേശീയ സെക്രട്ടറിയും സ്വാഗതസംഘം ചെയർമാനുമായ എളമരം കരീം സാമ്രാജ്യത്വവിരുദ്ധസമര പൈതൃകവും തൊഴിലാളി മുന്നേറ്റ ചരിത്രവുമുള്ള കോഴിക്കോട് എന്ന ചരിത്ര നഗരത്തിലേക്ക് പ്രതിനിധികളെ സ്വാഗതം ചെയ്തു. പി കൃഷ്ണപിള്ള, ഇ എം എസ്, എ കെ ജി എന്നീ മഹാന്മാരായ നേതാക്കളുടെ പ്രവത്തന കേന്ദ്രം കൂടിയാണ് കോഴിക്കോട്. വിവിധ വിഷയങ്ങളിലെ സെമിനാറുകൾ, കുടുംബയോഗങ്ങൾ, ജനറൽ ബോഡി യോഗങ്ങൾ തുടങ്ങിയ വിപുലമായ അനുബന്ധ പരിപാടികൾ ജനറൽ കൗൺസിലിന്റെ ഭാഗമായി നഗരത്തിൽ സംഘടിപ്പിച്ചിരുന്നു. ജില്ലയിലെ സിഐടിയു അംഗങ്ങളിൽനിന്ന് പിരിച്ചെടുത്ത പണം കൊണ്ടാണ് യോഗത്തിന്റെ ചെലവുകൾ കണ്ടെത്തിയത്.

ഹേമലത അധ്യക്ഷയായിരുന്നു. ഉദ്ഘാടനചടങ്ങിൽ തന്നെ രണ്ടു സുപ്രധാന വിഷയങ്ങളിലുള്ള രണ്ട് പ്രമേയങ്ങൾ ഏകകണ്ഠമായി പാസാക്കി. ത്രിപുരയിൽ ഇടതുപക്ഷ പാർടികളുടെയും സിഐടിയുവിന്റെയും പ്രവർത്തകരെ കടന്നാക്രമിക്കുകയും ഓഫീസുകൾ ആക്രമിച്ചു നശിപ്പിക്കുകയും ബലപ്രയോഗത്തിലൂടെ പിടിച്ചെടുക്കുകയും ചെയ്യുന്ന ബിജെപിയുടെ ഭീകരതയ്ക്കെതിരെയുള്ളതായിരുന്നു ഒരു പ്രമേയം. ഇത്തരം അതിക്രമങ്ങളെ ധീരോദാത്തമായി ചെറുത്തുനിൽക്കുന്ന ഇടതുപക്ഷ പാർടികളുടെയും സിഐടിയുവിന്റെയും പ്രവർത്തകർക്ക് ജനറൽ കൗൺസിൽ ഈ പ്രമേയത്തിലൂടെ ഐക്യദാർഢ്യമർപ്പിച്ചു. ഇത്തരം അക്രമങ്ങളെ അതിജീവിക്കാൻ ത്രിപുരയിലെ ജനങ്ങൾക്ക് സാധിക്കുമെന്ന് പ്രതീക്ഷയും പ്രകടിപ്പിച്ചു.

നിശ്ചിതകാല തൊഴിൽ എന്ന രീതി നടപ്പാക്കാനുള്ള ബിജെപി സർക്കാരിന്റെ തീരുമാനത്തിനെതിരെ പതിനാറു ട്രേഡ് യൂണിയനുകൾ സംയുക്തമായി സംസ്ഥാന വ്യാപക പണിമുടക്ക് പ്രഖ്യാപിച്ചതിനെ മറ്റൊരു പ്രമേയത്തിൽ ജനറൽ കൗൺസിൽ അഭിനന്ദിച്ചു. കേന്ദ്ര ട്രേഡ് യൂണിയനുകളുടെ എതിർപ്പ് കണക്കിലെടുക്കാതെയാണ് കേന്ദ്രസർക്കാർ ഒരു വിജ്ഞാപനത്തിലൂടെ നിശ്ചിതകാല തൊഴിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. കേരളത്തിൽ നടക്കുന്ന പൊതുപണിമുടക്കിന് ഐക്യദാർഢ്യമേകി പ്രകടനങ്ങളും റാലികളും നടത്താൻ പ്രമേയം എല്ലാ സംസ്ഥാനകമ്മിറ്റികളോടും ആഹ്വാനംചെയ്തു.

സാർവദേശീയവും ദേശീയവുമായ സാഹചര്യം മുൻനിർത്തി സിഐടിയു ജനറൽ കൗൺസിൽ ഏറ്റെടുക്കേണ്ട സംഘടനാപരവും പ്രസ്ഥാന സംബന്ധിയുമായ ദൗത്യങ്ങളിൽ ഊന്നിയുള്ളതായിരുന്നു പ്രസിഡന്റ് ഡോ. കെ ഹേമലതയുടെ ആധ്യക്ഷഭാഷണവും ജനറൽ സെക്രട്ടറി



തപൻ സെന്നിന്റെ റിപ്പോർട്ടും.

രാജ്യത്തെ തൊഴിലാളികളുടെയും ലോകമെമ്പാടുമുള്ള തൊഴിലാളികളുടെയും ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തിയായിരുന്നു പ്രസിഡന്റിന്റെ പ്രസംഗം. തൊഴിലാളികൾ അടക്കമുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ആധുനിക മുതലാളിത്ത രാജ്യങ്ങളിലടക്കം ലോകമെമ്പാടും പണിമുടക്ക് അടക്കമുള്ള സമരത്തിന്റെ പാതയിലാണ്. ഈ സമരങ്ങളിൽ തൊഴിലാളികളുടെ വർധിച്ച പ്രാതിനിധ്യം അതത് സർക്കാരുകളുടെ കീഴിൽ നടപ്പാക്കുന്ന നവലിബറൽ നയങ്ങൾ അവരുടെ ജീവിതത്തിനും ഉപജീവനമാർഗത്തിനും നേരെ ഉയർത്തുന്ന കടന്നാക്രമണങ്ങൾക്കെതിരെയുള്ള അസംതൃപ്തിയുടെ വെളിപ്പെടലുകളാണ്.

ആഗോള സമ്പദ്ഘടന മെച്ചപ്പെടുകയാണെന്ന് അവകാശവാദമുണ്ടെങ്കിലും തൊഴിലാളികളുടെ ജീവിത സാഹചര്യം ഒരു തരത്തിലും മെച്ചപ്പെടുന്നില്ല. യുവാക്കളിലെ തൊഴിലില്ലായ്മ പല രാജ്യങ്ങളിലും ആപത്കരമാം വിധം വർധിച്ചിട്ടുണ്ട്. ആഗോള മാന്ദ്യത്തിനു ശേഷം ആദ്യമായി ആഗോള സമ്പദ്ഘടന മെച്ചപ്പെടുന്നുവെന്ന് ലോകബാങ്ക് പോലും പറയുന്നുണ്ടെങ്കിലും ഈ വളർച്ച താൽക്കാലികം മാത്രമാണെന്നും ജനങ്ങളുടെ ജീവിത നിലവാരം വർധിക്കാനോ ദാരിദ്ര്യം കുറയ്ക്കാനോ കഴിയാത്ത സ്ഥിതിയാണെന്ന് അവർ തന്നെ സമ്മതിക്കുന്നു. മറ്റൊരു മാന്ദ്യം ആസന്നമാണെന്ന് അഭിപ്രായപ്പെടുന്ന ഒരു വിഭാഗം സാമ്പത്തിക വിദഗ്ധരുമുണ്ട്.

അസമത്വം അതിന്റെ ഏറ്റവും നീചമായ നിലവാരത്തിൽ എത്തിയിരിക്കയാണ്. 2018 ജനുവരിയിൽ പുറത്തുവന്ന ഓക്സ്ഫാം റിപ്പോർട്ട് പ്രകാരം നിലവിൽ ആഗോളസമ്പത്തിന്റെ പകുതിയിലേറെ കൈവശം വച്ചിരിക്കുന്ന ഉന്നതരായ ഒരു ശതമാനം പേരിലാണ് 2017ലെ ആഗോളമായ സമ്പത്തിന്റെ 82 ശതമാനവും കേന്ദ്രീകരിച്ചിരിക്കുന്നത്. ഇന്ത്യയിൽ 2017ൽ അധ്വാനിക്കുന്ന തൊഴിലാളിവർഗം സൃഷ്ടിച്ച സമ്പത്തിന്റെ 73ശതമാനവും കേന്ദ്രീകരിച്ചിരിക്കുന്നത് വെറും ഒരു ശതമാനം വരേണ്യ വിഭാഗത്തിലാണ്. രാജ്യത്തെ ദരിദ്രരുടെ എണ്ണത്തിൽ പകുതി പേരുടെ സമ്പത്തിനു തുല്യമായ സമ്പത്ത് കേന്ദ്രീകരിച്ചിരിക്കുന്നത് വെറും 42 വ്യക്തികളിലാണ്.

സമ്പത്തിന്റെ ഈ കേന്ദ്രീകരണം പലരും വിശ്വസിക്കുന്നതുപോലെ അസാധാരണമായ വൈഭവമോ കഠിനാധ്വാനമോ നവീനമായ പദ്ധതികൾ കൊണ്ടോ അല്ല. പരമ്പരാഗതമായ സ്വത്ത്, കുത്തക, ശിങ്കിടി മുതലാളിത്തം, നികുതി വെട്ടിപ്പ് എന്നിവയും എല്ലാറ്റിലുമുപരി തൊഴിലാളികളോടുള്ള ക്രൂരമായ ചൂഷണവും കൊണ്ടാണെന്ന് ഒക്സ്ഫാം റിപ്പോർട്ട് സംശയരഹിതമായി വ്യക്തമാക്കുന്നു. ഈ നയങ്ങൾ മൂലം തൊഴിലില്ലായ്മ, പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവജനങ്ങളിൽ തൊഴിലില്ലായ്മ അപകടകരമാം വിധം വളരുന്നു. ഇന്ത്യയിൽ ബിരുദത്തിനും അതിനുമുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ തൊഴിലില്ലായ്മ 23.8 ശതമാനമായി വർധിച്ചിരിക്കുന്നു.

റോബോട്ടിക്സും കൃത്രിമ ധിഷണിയും ഇന്റർനെറ്റും ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത് തൊഴിൽ സമയം കുറയ്ക്കാനോ തൊഴിലാളികളുടെ ജോലിഭാരം കുറയ്ക്കുവാനോ അല്ല. മുതലാളിത്ത വ്യവസ്ഥിതിയിൽ ശാസ്ത്രവും സാങ്കേതിക വിദ്യയും വികസിക്കുന്ന ഒറ്റപ്പെട്ട വ്യക്തികളിൽനിന്നില്ല, മറിച്ച് പൊതുജനങ്ങളുടെ പ്രത്യക്ഷവും പരോക്ഷവുമായ പങ്കാളിത്തത്തിലൂടെയാണ്. എന്നാൽ ഈ വികാസം ജനങ്ങൾക്ക് ഉപകാരപ്പെടുന്നുമില്ല. വൻകിട കോർപറേറ്റുകളുടെയും വ്യവസായ ഭീമന്മാരുടെയും ലാഭം വർധിപ്പിക്കാൻ മാത്രമാണ് ഇത്

ഉപയോഗിക്കപ്പെടുന്നത്.

ഇന്ന് ലോകത്തെല്ലാവർക്കും ആരോഗ്യവും ഭക്ഷണവും വാസസ്ഥലവും അന്തസ്സുള്ള ജീവിതവും പ്രദാനം ചെയ്യാനുള്ള സാമ്പത്ത് ലോകത്തുണ്ട്. എന്നാൽ തൊഴിലാളികളുടെ വിയർപ്പിലൂടെ രൂപംകൊള്ളുന്ന ഈ സമ്പത്ത് മുതലാളിത്ത വ്യവസ്ഥിതിയിൽ അവ ഉൽപ്പാദിപ്പിക്കുന്നവരുടെ ക്ഷേമത്തിനായല്ല ഉപയോഗപ്പെടുത്തുന്നത്. അത് ചിലരിൽ മാത്രമായി കേന്ദ്രീകരിക്കപ്പെടുകയാണ്. 2017ൽ മാത്രം ലോകത്തെ ശതകോടീശ്വരന്മാരിൽ മാത്രമായി 762 ശതകോടി ഡോളർ കേന്ദ്രീകരിച്ചിട്ടുണ്ടെന്നാണ് ഓക്സ്ഫാം റിപ്പോർട്ട്. ലോകത്തെ ദാരിദ്ര്യം തുടച്ചുനീക്കാനാവശ്യമായ പണത്തിന്റെ ഏഴിരട്ടിയാണിത്. എന്നാൽ ലാഭത്താൽ മാത്രം നയിക്കപ്പെടുന്ന മുതലാളിത്ത വ്യവസ്ഥിതി അതിന് സമ്മതിക്കില്ല.

നവലിബറൽ നയങ്ങൾക്കെതിരെ ജനങ്ങളിൽ ഉയരുന്ന രോഷം പല രാജ്യങ്ങളിലും ശരിയായ ദിശയിലേക്കല്ല നീങ്ങുന്നത്. ഇത് പലപ്പോഴും വലതുപക്ഷ ശക്തികൾ ദുരുപയോഗിക്കുന്നു. തൊഴിലാളിവർഗത്തെ നേരത്തെ പിന്തുണച്ച ഇടതുപക്ഷശക്തികളും സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടികളും പിന്നീട് അവരെ വഞ്ചിച്ചുകൊണ്ട് നവലിബറൽ പക്ഷത്തേക്ക് ചായുകയും ചെയ്ത സ്ഥിതിവിശേഷമുണ്ടായ രാജ്യങ്ങളിലാണ് പ്രത്യേകിച്ചും ഈ അവസ്ഥ. ഭരണത്തിലിരിക്കുമ്പോൾ നവലിബറൽ നയങ്ങൾ നടപ്പാക്കിയ പരമ്പരാഗത ഇടതുപക്ഷ- സോഷ്യൽ ഡെമോക്രാറ്റിക് പാർടികളെ ജനം നിരാകരിച്ചിട്ടുണ്ട്. ജനങ്ങളുടെ ഈ രോഷത്തെ വലതുപക്ഷശക്തികൾ അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരെ തിരിച്ചുവിടുകയാണ്. ഒപ്പം തൊഴിലെടുക്കുന്ന സഹോദരീ സഹോദരന്മാർക്കെതിരെ വംശത്തിന്റെയും മതത്തിന്റെയും പ്രദേശത്തിന്റെയും ലിംഗഭേദത്തിന്റെയും പേരിൽ ശത്രുത ഉണ്ടാക്കുകയാണവർ. ഇത് ജനങ്ങളുടെ ഐക്യം തകർക്കുകയും നവലിബറൽ നയങ്ങൾക്കെതിരെയുള്ള പോരാട്ടത്തെ ദുർബലമാക്കുകയും ചെയ്യും. വലതുപക്ഷ ശക്തികൾ അധികാരത്തിലേറുന്ന രാജ്യങ്ങളിലാവട്ടെ അവർ ഈ നവലിബറൽ നയങ്ങൾ ശക്തിയായി നടപ്പാക്കുകയുംചെയ്യും. യൂറോപ്പിലെ ഇറ്റലി, ഫ്രാൻസ്, ജർമനി, ഗ്രീസ് എന്നിവടങ്ങളിലും സ്കാൻഡനേവിയൻ രാജ്യങ്ങളിലും ഇതാണ് സംഭവിച്ചത്.

അതേസമയം നവലിബറൽ നയങ്ങൾക്കെതിരായ സമരങ്ങളെ ശക്തമായി പിന്തുണച്ച ഇടങ്ങളിലെല്ലാം ഇടതുപക്ഷത്തിന് നേട്ടമുണ്ടായിട്ടുണ്ട്. ഗ്രീസിലും പോർച്ചുഗലിലും സ്പെയിനിലും ഇതാണ് കണ്ടത്. ജെറമി കോർബിന്റെ സ്വാധീനത്തിൽ അമേരിക്കയിൽ ഡെമോക്രാറ്റിക് സോഷ്യലിസ്റ്റുകൾക്ക് ജനപിന്തുണ വർധിച്ചിട്ടുണ്ട്, പ്രത്യേകിച്ചും യുവാക്കൾക്കിടയിൽ.

ഇന്ന് തൊഴിലാളികളും അധ്വാനിക്കുന്ന മറ്റ് വിഭാഗങ്ങളും ഒരു ബദൽ അന്വേഷിക്കുകയാണ്. 150ലേറെ വർഷം മുമ്പ് പ്രസിദ്ധീകരിച്ച മാർക്സിന്റെ വിഖ്യാത കൃതിയായ 'മൂലധന'ത്തിൽ ജനങ്ങൾക്ക്, പ്രത്യേകിച്ച് യുവാക്കൾക്ക് താൽപര്യം വർധിച്ചിരിക്കുന്നു. ലോകത്തെ തൊഴിലാളികളുടെ ഏറ്റവും ഊർജസ്വലമായ വർഗ സംഘടന വേൾ





**നവലിബറലിസം, വർഗീയത, ഏകാധിപത്യം എന്നീ മൂന്നു ഘടകങ്ങൾക്കെതിരെ ഒരേപോലെ തൊഴിലാളിവർഗം പൊരുതേണ്ടതുണ്ട്. നവലിബറലിസം തികച്ചും വിശ്വാസം നഷ്ടപ്പെട്ടതും നിരാധാരവുമാണ്. മുതലാളിത്ത വ്യവസ്ഥിതി തന്നെ പ്രതിസന്ധിയിൽനിന്ന് മുക്തമല്ല എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പത്തുവർഷമായി നിലനിൽക്കുന്ന ആഗോള മാന്ദ്യത്തിന്റെ പ്രതിസന്ധിയുടെ ഈ ശ്രേണിയിലെ ഏറ്റവും പുതിയ ഘട്ടമാണെന്നു മാത്രം. ഒരോ പ്രതിസന്ധിയെയും മുതലാളിത്തം മറികടക്കുന്നത് തങ്ങളെ സ്വയം സംരക്ഷിക്കുന്നതിനും ലാഭം വർധിപ്പിക്കുന്നതിനുമായി തൊഴിലെടുക്കുന്നവർക്കുമേൽ അമിതഭാരം അടിച്ചേൽപ്പിച്ചുകൊണ്ടാണ്.**

ഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ സ്വാധീനം ലോക രാജ്യങ്ങളിൽ വർധിക്കുകയാണ്.

മുതലാളിത്തത്തിന്റെ ഏറ്റവും പുതിയ ഘട്ടമായ നവലിബറലിസം തികച്ചും വിശ്വാസം നഷ്ടപ്പെട്ടതും നിരാധാരവുമാണ്. മുതലാളിത്ത വ്യവസ്ഥിതി തന്നെ പ്രതിസന്ധിയിൽനിന്ന് മുക്തമല്ല എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പത്തുവർഷമായി നിലനിൽക്കുന്ന ആഗോള മാന്ദ്യത്തിന്റെ പ്രതിസന്ധിയുടെ ഈ ശ്രേണിയിലെ ഏറ്റവും പുതിയ ഘട്ടമാണെന്നു മാത്രം. ഒരോ പ്രതിസന്ധിയെയും മുതലാളിത്തം മറികടക്കുന്നത് തങ്ങളെ സ്വയം സംരക്ഷിക്കുന്നതിനും ലാഭം വർധിപ്പിക്കുന്നതിനുമായി തൊഴിലെടുക്കുന്നവർക്കുമേൽ അമിതഭാരം അടിച്ചേൽപ്പിച്ചുകൊണ്ടാണ്. ഇത് ഈ വിഭാഗത്തിന്റെ ക്രയശേഷിയെ ഗണ്യമായി കുറയ്ക്കുകയും അത് മറ്റൊരു പ്രതിസന്ധിക്ക് കളമൊരുക്കുകയുംചെയ്യും. 2008ലെ പ്രതിസന്ധിയിൽനിന്ന് പുറത്തുവരുംമുമ്പ് തന്നെ മറ്റൊരു പ്രതിസന്ധി രൂപംകൊള്ളുന്നുവെന്ന ആശങ്ക പടരുകയാണ്. ഈ സാഹചര്യത്തിലാണ് തൊഴിലാളിവർഗത്തെ ഭിന്നിപ്പിക്കാനും നവലിബറൽ നയങ്ങൾക്കെതിരെ പ്രക്ഷോഭരംഗത്തുള്ള തൊഴിലെടുക്കുന്ന മനുഷ്യരിലെ ഐക്യം ദുർബലമാക്കുന്നതിനും ലക്ഷ്യമിട്ട് അന്താരാഷ്ട്ര ധനമൂലധനം വലതുപക്ഷ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നത്. ഇതൊരു ആഗോള പ്രതിഭാസമായി മാറിയിരിക്കുന്നു. ഇന്ത്യയിൽ ആഭ്യന്തര വിദേശ കോർപറേറ്റുകൾ തങ്ങളുടെ പണവും മറ്റ് ഭൗതികസാഹചര്യങ്ങളും മാധ്യമങ്ങളും ഉപയോഗിച്ച് ബിജെപിയെയും മോദിയെയും പിന്തുണയ്ക്കുകയാണ്. എല്ലാ എതിർപ്പുകളെയും അടിച്ചമർത്തുന്നതിനുള്ള ഏകാധിപത്യ നടപടികളിലാണ് ബിജെപി സർക്കാർ അഭയം തേടുന്നത്. നവലിബറലിസം, വർഗീയത, ഏകാധിപത്യം എന്നീ മൂന്നു ഘടകങ്ങൾക്കെതിരെ ഒരേപോലെ തൊഴിലാളിവർഗം പൊരുതേണ്ടതുണ്ട്. ലാറ്റിൻ അമേരിക്കയിലെയും മറ്റും പുരോഗമനാശയമുള്ള ഇടതുപക്ഷ സർക്കാരുകളെ അടിച്ചമർത്താൻ സൈനികവും രാഷ്ട്രീയവുമായ ശക്തി പ്രയോഗിക്കുകയാണ് അമേരിക്കൻ സാമ്രാജ്യത്വം . ഈ രാജ്യങ്ങളിൽ നവലിബറലസത്തിനെതിരെ ഉയരുന്ന ചെറുത്തുനിൽപ്പ് ദുർബലമാക്കാനും അവിടുത്തെ പ്രകൃതി വിഭവങ്ങൾക്കുമേൽ നിയന്ത്രണം നേടാനുമാണ് സാമ്രാജ്യത്വം ലക്ഷ്യമിടുന്നത്. തീവ്രവാദത്തിനെതിരെ ഒരു വശത്ത് വാചകമടിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വം മറുവശത്ത് വിവിധ തീവ്രവാദി സംഘടനകൾക്ക് സാമ്പത്തിക സഹായവും മറ്റ് സഹായങ്ങളും നൽകുന്നു. ബിജെപി സർക്കാരിനു കീഴിൽ ഇന്ത്യയും നമ്മുടെ ദീർഘമായ സ്വതന്ത്ര വിദേശ നയം അടിയറ വച്ചുകൊണ്ട് അമേരിക്കയുടെ സാമന്തരാഷ്ട്രമായി തരംതാഴുകയാണ്.

2008ലെ ആഗോള മാന്ദ്യം തുടങ്ങിയപ്പോൾ തന്നെ ആഭ്യന്തര ഡിമാന്റ് വർധിപ്പിക്കുന്നതിന് കുറഞ്ഞ വേതനം ഉയർത്തുന്നതും ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും പാവപ്പെട്ടവർക്ക് പാർപ്പിടം ഒരുക്കുന്നതിനും ചൈന കൈക്കൊണ്ട നടപടികൾ ഏറെ പ്രാധാന്യമർഹിക്കുന്നു. വ്യക്തിപരമായി ആളോഹരി ക്രയവിക്രയ വരുമാനം വർധിക്കുന്നതിലേക്കും തൊഴിലില്ലായ്മ പതിറ്റാണ്ടുകൾക്കു ശേഷം ഏറ്റവും കുറഞ്ഞ നിരക്കിലേക്ക് കൊണ്ടു

വരുന്നതിലേക്കും ആറു കോടി ജനങ്ങളെ ദാരിദ്ര്യത്തിൽനിന്ന് കരകയറ്റുന്നതിലേക്കുമാണ് ഈ നടപടികൾ നയിച്ചത്. വിവരസാങ്കേതിക വിദ്യയിലും റോബോട്ടിക്സിലും ഏയ്റോ സ്പേസിലും റെയിൽവെയിലും ഇലക്ട്രിക് വാഹനങ്ങളിലും ശ്രദ്ധയൂന്നുന്ന ആധുനിക ഉൽപ്പന്നനിർമാണ രാജ്യമായി ചൈന ഇതോടെ പരിവർത്തനം ചെയ്യപ്പെട്ടു. സോഷ്യലിസത്തിനു മാത്രമേ ചൈനയെ രക്ഷിക്കാൻ സാധിക്കൂ എന്ന് ചരിത്രം ഒരിക്കൽ കൂടി തെളിയിച്ചിരിക്കയാണെന്ന് ഈയിടെ നടന്ന നാഷണൽ പീപ്പിൾസ് കോൺഗ്രസിൽ ചൈനീസ് പ്രസിഡന്റ് ഷീ ജിൻപിങ് പ്രഖ്യാപിച്ചു. ചൈനയെ മാത്രമല്ല, ലോകത്തെ തന്നെ രക്ഷിക്കാൻ സോഷ്യലിസത്തിനേ സാധിക്കൂ.

ബിജെപി നയിക്കുന്ന മോഡി സർക്കാരിനു കീഴിൽ തൊഴിലാളി വർഗത്തിന്റെയും അധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളുടെയും ജീവിത സാഹചര്യങ്ങളെക്കുറിച്ചാണ് ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രധാനമായും പറഞ്ഞത്. നവലിബറൽ നയങ്ങൾ തീവ്രമായി നടപ്പാക്കൽ, ആർഎസ്എസ്സിന്റെ വർഗീയവും വിഭാഗീയവുമായ ഹിന്ദുത്വ അജൻഡയ്ക്കുള്ള പരസ്യമായ പിന്തുണ, വർധിച്ചു വരുന്ന ഏകാധിപത്യ പ്രവണതകൾ എന്നിവാണ് മോഡി സർക്കാരിന്റെ ആഭ്യന്തര നയങ്ങളുടെ മൂന്നു പ്രധാന സവിശേഷതകൾ.

വഞ്ചനാപൂർണമായ മുദ്രാവാക്യങ്ങൾ കൊണ്ട് ജനങ്ങളെ കബളിപ്പിക്കുകയാണ് ബിജെപി സർക്കാർ. ബിജെപി സർക്കാരിന്റെ നടപടികൾ വലിയ വിഭാഗം തൊഴിലാളികളുടെ, പ്രത്യേകിച്ച് അസംഘടിത മേഖലയിലും മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങളിലുള്ളവരുടെയും ചെറുകിട കച്ചവടക്കാരുടെയും കർഷകരുടെയും ജീവിതം കൂടുതൽ ദുരിതപൂർണമാക്കുകയാണ്. തൊഴിലാളികളും അധ്വാനിക്കുന്ന ജനവിഭാഗങ്ങളും ചോര നീരാക്കി സൃഷ്ടിക്കുന്ന സമ്പത്ത് നോട്ടുനിരോധനം, ജിഎസ്ടി, 2018-19ലെ കേന്ദ്ര ബജറ്റ്, വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ എന്നിവ വഴി രാജ്യത്തെയും വിദേശത്തെയും വൻകിട കോർപറേറ്റുകളുടെ കീശയിലേക്ക് എത്തിക്കുകയാണ് കേന്ദ്രസർക്കാർ. വൻ മുതലാളിമാർക്കും ഭൂപ്രഭുവർഗത്തിനും വൻതോതിൽ ഇളവു നൽകുന്ന പ്രവണത കഴിഞ്ഞ ബജറ്റിലും ബിജെപി സർക്കാർ തുടർന്നു. ഇത് സാധാരണക്കാരിലും തൊഴിലാളികളിലും കനത്ത ഭാരമാണ് അടിച്ചേൽപ്പിക്കുന്നത്. ഇതുമൂലം അവരുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ ഇരുളടയുകയാണ്. വരുമാനം ഗണ്യമായി കുറയുകയാണ്.

പൊതുമേഖലയെ ഈ സർക്കാർ തകർക്കുകയാണ്. കൽക്കരി ഖനികൾ ഒന്നാകെ വാണിജ്യാധിഷ്ഠിത ഖനനത്തിനായി സ്വകാര്യ കമ്പനികൾക്ക് തുറന്നിട്ടുകൊടുത്തു. ദേശീയത ഇളക്കിവിടാൻ ഒരിക്കലും മടികാണിക്കാത്ത ബിജെപി പ്രതിരോധവും റെയിൽവെയും അടക്കമുള്ള തന്ത്രപ്രാധാന്യമുള്ള മേഖലകൾ ദേശീയ താൽപര്യം ഹനിച്ചുകൊണ്ട് സ്വകാര്യവൽക്കരിക്കുകയാണ്.

ദ ഫിനാൻഷ്യൽ റെസല്യൂഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷുറൻസ്(എഫ്ഡിആർഐ) ബിൽ 2017 സാമ്പത്തിക സ്ഥാപനങ്ങൾക്ക് വൻ തിരിച്ചടി സൃഷ്ടിച്ചിരിക്കുന്നു. വായ്പ തിരിച്ചടവ് മുടക്കുന്ന കോർപറേറ്റുകൾക്ക് ഈ ബിൽ സംരക്ഷണം നൽകുന്നു. ഇത്തരം സ്ഥാപനങ്ങളെ ഒരുവശത്ത് സ്വകാര്യവൽക്കരിക്കുമ്പോൾ ബാങ്കുകൾ പാപ്പരാകുകയും സാധാരണക്കാരുടെ നിക്ഷേപം ഭാഗികമായോ പൂർണമായോ നഷ്ടപ്പെടുന്ന സ്ഥിതിയും സംജാതമാകുന്നു.

തൊഴിലാളി നിയമം ഭേദഗതി ചെയ്തതോടെ കരാർ തൊഴിലാളികൾക്ക് കിട്ടിയിരുന്ന സംരക്ഷണം നഷ്ടപ്പെടും. തൊഴിൽനിയമങ്ങളുടെ പൊളിച്ചെഴുത്തിന് പുറമെയാണിത്. സ്ഥിരവും ദീർഘകാലത്തേക്കുള്ളതുമായ തൊഴിലുകളുടെ സ്വഭാവം തന്നെ നഷ്ടപ്പെടുകയാണ്. സ്ഥിരം സ്വഭാവമുള്ള തൊഴിൽ ചെയ്യുന്നവർക്ക് സ്ഥിരം നിയമനം ആവശ്യപ്പെടാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു. പുറം പണി കരാർ പ്രകാരം തൊഴിലെടുക്കുന്നയാളോട് പ്രധാന തൊഴിലുടമയ്ക്ക് യാതൊരു ബാധ്യതയുമുണ്ടായിരിക്കില്ല.

ദളിതർക്കും ആദിവാസികൾക്കും ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകിച്ച് മുസ്ലിങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ രൂക്ഷമായി. അവരുടെ ഉപജീവനമാർഗം പോലും ഗോരക്ഷകർ ഇല്ലാതാക്കുകയാണ്. കോർപറേറ്റുകളായ കന്നുകാലി കച്ചവടക്കാർക്കുവേണ്ടിയാണ് ഈ അതിക്രമങ്ങൾ.








സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലയിലും നിയന്ത്രണം ഉറപ്പാക്കാനാണ് വർഗീയ ശക്തികൾ ശ്രമിക്കുന്നത്. ജനങ്ങൾ എന്തു കഴിക്കണമെന്നും ഏതു വസ്ത്രം ധരിക്കണമെന്നും ആരെ വിവാഹം കഴിക്കണമെന്നും വർഗീയവാദികൾ തീരുമാനിക്കുന്ന സ്ഥിതിയാണ്. വിമതശബ്ദങ്ങളെ കായികാക്രമണങ്ങളിലൂടെയും ഭീഷണിയിലൂടെയും അടിച്ചമർത്തനാണ് ശ്രമം.

ഈസാഹചര്യത്തിൽ തൊഴിലാളികളുടെയും കർഷകരുടെയും വിദ്യാർഥികളുടെയും ദളിതരുടെയും സമൂഹത്തിലെ മറ്റു വിഭാഗങ്ങളുടെയും സമരങ്ങൾ ശക്തിയാർജിക്കുകയാണ്. സെക്ടർ തല തൊഴിലാളി സമരങ്ങളും മുമ്പെങ്ങുമില്ലാത്ത വിധം തൊഴിലാളികളുടെ മഹാപഡവും ഇതിന് തെളിവ്. വിവിധങ്ങളായ രാജ്യവ്യാപക പൊതു പണിമുടക്കുകൾക്ക് സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം രൂപം നൽകുകയാണ്. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ ജീവിതാവസ്ഥയ്ക്കു നേരെയുള്ള വെല്ലുവിളി ഉയർത്തിക്കാട്ടിക്കൊണ്ടും ജനപക്ഷത്തുള്ള ബദൽ നയങ്ങൾ ഉയർത്തിക്കാട്ടിയും വിപുലവും തീവ്രവുമായ ഒറ്റയ്ക്കുള്ള സമരങ്ങൾക്ക് തൊഴിലാളികളുടെ ഐക്യത്തോടെയുള്ള സമരങ്ങളെ ശക്തിപ്പെടുത്താനാവും. ഭരണവർഗത്തിന്റെ നവലിബറൽ അജൻഡയെ ചെറുത്തുതോൽപ്പിക്കാനും ഇതു വഴി സാധിക്കും.

ജനറൽ സെക്രട്ടറി തപൻ സെൻ അവതരിപ്പിച്ച സംഘടന സംബന്ധിച്ച് പുതുക്കിയ രേഖ സിഐടിയു ജനറൽ കൗൺസിൽ പ്രത്യേകമായി ചർച്ച ചെയ്യുകയും ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. ഭാവി സംഘടനാ ദൗത്യങ്ങൾ സംബന്ധിച്ച നിർദേശങ്ങളും അവ നടപ്പിൽ വരുത്താനുള്ള വിശദമായ പദ്ധതികളും ഡോ: ഹേമലത അവതരിപ്പിച്ചു. ഇവയും ഏകകണ്ഠമായി അംഗീകരിച്ചു.

പുതുക്കിയ സംഘടനാ രേഖ പ്രാദേശിക ഭാഷകളിൽ വിവർത്തനംചെയ്ത് സംസ്ഥാന തല ശിൽപ്പശാലകളിൽ ചർച്ച നടത്താൻ ജനറൽ കൗൺസിൽ തീരുമാനിച്ചു. ജനറൽ കൗൺസിൽ അംഗീകരിച്ച് രേഖയുടെ ചുവടു പിടിച്ച് സംസ്ഥാന കമ്മിറ്റികൾ അവർക്കനുയോജ്യമാംവിധം പ്രത്യേകമായ സംഘടനാ രേഖ തയ്യാറാക്കും. പുതുക്കിയ സംഘടനാ രേഖ സിഐടിയു സംസ്ഥാന ഘടകങ്ങൾ തൊട്ട് താഴെ തലം വരെ ഫലപ്രദമായി നടപ്പാക്കും. കടന്നു ചെല്ലാത്തിടത്തെല്ലാം സംഘടനയ്ക്ക് പ്രാപ്യതയുണ്ടാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള മൂർത്തമായ പദ്ധതികൾ സംസ്ഥാന തല ശിൽപ്പശാലകൾ ആവിഷ്കരിക്കും. നയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവയ്ക്കു പിന്നിലെ രാഷ്ട്രീയവും ഇതിന്റെ ഭാഗമായി പ്രചരിപ്പിക്കും. എത്ര തൊഴിലാളികളെ സമീപിക്കണം, പ്രചാരണത്തിന്റെ രീതി എന്തായിരിക്കണം എന്നൊക്കെയുള്ള കാര്യങ്ങൾ ഈ ശിൽപ്പശാലകളിലാവും തീരുമാനമെടുക്കുക.

സംയുക്ത ട്രേഡ് യൂണിയനുകൾ മുന്നോട്ടു വയ്ക്കുന്ന 12ഇന അവകാശ പത്രികയും സിഐടിയു സെക്രട്ടറിയേറ്റ് അംഗീകരിച്ച പത്തിന ആവശ്യങ്ങളും പ്രചാരണത്തിന്റെ ഭാഗമായി ഉയർത്തിക്കാട്ടും. ഇതോടൊപ്പം തൊഴിലില്ലായ്മ, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക നീതി, സ്ത്രീ ശാക്തീകരണം, കാർഷിക പ്രതിസന്ധി തുടങ്ങിയ പ്രശ്നങ്ങളും ഉന്നയിക്കും. ഈ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന മൂർത്തമായ ബദൽ മാർ

ഗങ്ങളും ചർച്ചചെയ്യും. നിലവിലുള്ള വിഭവങ്ങൾ ഉപയോഗിച്ച് ഇത് സാധ്യമാണെന്നും രാഷ്ട്രീയമായ ഇച്ഛാശക്തിയാണ് പ്രധാനമെന്നും തൊഴിലാളികളെ ബോധ്യപ്പെടുത്തും.

സംഘടനാ പരവും പ്രസ്ഥാനസംബന്ധിയുമായ ദൗത്യങ്ങൾക്ക് മൂർത്തരൂപം നൽകാൻ സിഐടിയു സംസ്ഥാന കമ്മിറ്റികൾ എത്രയും പെട്ടെന്ന് വിളിച്ചു ചേർക്കാൻ തീരുമാനിച്ചു. സിഐടിയു സംസ്ഥാന ഘടകങ്ങളോട് ഇനിയുള്ള കാര്യങ്ങൾ നടപ്പാക്കാൻ ആഹ്വാനംചെയ്തു:

### ഭാവി പ്രവർത്തനങ്ങൾ

- ബിജെപി നയിക്കുന്ന മോഡി സർക്കാരിന് നാലുവർഷം പൂർത്തിയാകുന്ന 2018 മെയ് 23ന് പ്രതിഷേധങ്ങൾ സംഘടിപ്പിക്കാനുള്ള **ജൻ ഏക്താ ജനൻ അധികാർ ആന്ദോളന്റെ (JEJAA)** ആഹ്വാനപ്രകാരം നടക്കുന്ന പരിപാടികളിൽ ഊർജിതമായി പങ്കാളികളാകുക. മോഡി സർക്കാരിന്റെ പരാജയം തുറന്നു കാട്ടുന്നതിന് **'മോഡി സർക്കാരിന്റെ നാലുവർഷം-പോൽ ഖോൽ- ഹല്ലാബോൽ'** എന്ന മുദ്രാവാക്യമുയർത്തി ഒരാഴ്ചത്തെ പ്രചാരണം നടത്തുക.
- 2018 മെയ് 30ന് സിഐടിയു സ്ഥാപക ദിനം പ്രതിജ്ഞാദിനമായി ആചരിക്കുക.
- 2018 ആഗസ്ത് ഒമ്പതിന് ക്വിറ്റ് ഇന്ത്യ ദിനത്തോടനുബന്ധിച്ച് അഖിലേന്ത്യ കിസാൻസഭ ആഹ്വാനം ചെയ്ത അറസ്റ്റ്വരിക്കൽ പരിപാടികളുമായി സഹകരിക്കുക. തങ്ങളുടെ പ്രത്യേകമായ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ച് പരമാവധി തൊഴിലാളികളെ ഈ പരിപാടിയിൽ അണിനിരത്താൻ എല്ലാ സംസ്ഥാന കമ്മിറ്റികളും അഫിലിയേറ്റഡ് യൂണിയനുകളും ശ്രദ്ധിക്കണം.
- 2018 ആഗസ്ത് 14ന് രാത്രി മുഴുവൻ നീളുന്ന തൊഴിലാളികളുടെ സാമൂഹിക് ജാഗ്രൺ പരിപാടി നടത്തും. തൊഴിലാളികളുടെ ആവശ്യമുയർത്തിപ്പിടിച്ചും സ്വാതന്ത്ര്യസമര പോരാളികൾ സ്വപ്നം കണ്ട ദാരിദ്ര്യവും പട്ടിണിയും നിരക്ഷരതയും ഇല്ലാത്ത സ്വാശ്രയത്വവും പുരോഗതിയുമുള്ള രാജ്യമെന്ന ആശയം നടപ്പാക്കുന്നതിൽ ഭരണവർഗ പാർടികളുടെ പരാജയം തുറന്നുകാട്ടിയുമായിരിക്കും ഈ പരിപാടി സംഘടിപ്പിക്കു.
- 2018 ആഗസ്തിൽ രാജ്യമൊട്ടുക്ക് സിഐടിയു അഞ്ച് മേഖലാ ജാഥകൾ സംഘടിപ്പിക്കും. ഇതിന് അനുബന്ധമായി ജില്ലാ- ബ്ലോക് പ്രദേശങ്ങളിലൂടെ സംസ്ഥാന ജാഥകളും നടത്തും.
- ഈ ജാഥകളുടെ പരിസമാപ്തി കുറിച്ചുകൊണ്ട് 2018 സപ്തംബർ അഞ്ച് ഡൽഹിയിൽ രണ്ടു ലക്ഷം തൊഴിലാളികൾ പങ്കെടുക്കുന്ന റാലി നടത്തും. പതിനായിരക്കണക്കിന് കർഷകരും കർഷകത്തൊഴിലാളികളും ഈ റാലിയിൽ അണിചേരും.

**മോഡി സർക്കാരിന്റെ പരാജയം തുറന്നു കാട്ടുന്നതിന് 'മോഡി സർക്കാരിന്റെ നാലുവർഷം-പോൽ ഖോൽ- ഹല്ലാബോൽ' എന്ന മുദ്രാവാക്യമുയർത്തി 2018 മെയ് 23ന് തുടങ്ങി ഒരാഴ്ചത്തെ പ്രചാരണം നടത്താൻ തീരുമാനിച്ചു. 2018 ആഗസ്ത് 14ന് രാത്രി മുഴുവൻ നീളുന്ന തൊഴിലാളികളുടെ സാമൂഹിക് ജാഗ്രൺ പരിപാടി നടത്തും.**

റീജ്യണൽ റൂറൽ ബാങ്ക് ജീവനക്കാരുടെ ത്രിദിന പണിമുടക്കിനെ പിന്തുണയ്ക്കുന്ന പ്രമേയം ജനറൽ കൗൺസിൽ ഏകകണ്ഠമായി പാസാക്കി. എസ്സി/എസ്ടി ആക്ടിനെ ദുർബലമാക്കുന്ന സുപ്രിംകോടതി ഉത്തരവിനെതിരെ പുനഃപരിശോധന ഹർജി നൽകണമെന്ന് ആവശ്യപ്പെട്ടും ഐടി, ഐടി അനുബന്ധ വ്യവസായങ്ങളിലെ ജീവനക്കാരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ടും പലസ്തീൻ, റോഹിൻഗ്യ വിഷയങ്ങളിലും ഏകകണ്ഠമായി പ്രമേയം പാസാക്കി.

ജനറൽ കൗൺസിൽ യോഗ തീരുമാനങ്ങൾ ഫലപ്രദമായി നടപ്പാക്കുമെന്ന ആത്മവിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് പ്രസിഡന്റ് ഹേമലത സമാപന പ്രസംഗം നടത്തി. സിഐടിയുവിന്റെ മാത്രമല്ല, രാജ്യത്തിന്റെ തൊഴിലാളി യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ തന്നെ ഈ ജനറൽ കൗൺസിൽ നാഴികക്കല്ലാകുമെന്ന് പ്രസംഗത്തിൽ പറഞ്ഞു. ജനറൽ കൗൺസിലിന്റെ വിജയത്തിനായി മികച്ച സൗകര്യങ്ങളൊരുക്കി ആതിഥ്യമരുളിയ കേരളത്തിലെ സിഐടിയു സംസ്ഥാന കമ്മിറ്റിക്ക് പ്രസിഡന്റ് നന്ദി പറഞ്ഞു. സ്വാഗത സംഘത്തിനു വേണ്ടി എ കെ രമേഷ് നന്ദി പറഞ്ഞു. മാർച്ച് 26ന് കോഴിക്കോട് കടപ്പുറത്ത് നടന്ന വമ്പിച്ച തൊഴിലാളിറാലിയിൽ സ്ത്രീകളുടേതടക്കം വൻപങ്കാളിത്തമുണ്ടായി. സമാപനറാലിയിൽ സംസ്ഥാന തൊഴിൽ മന്ത്രി ടി പി രാമകൃഷ്ണൻ അധ്യക്ഷനായി. മുഖ്യമന്ത്രി പിണറായി വിജയൻ, തപൻ സെൻ, ഹേമലത, എ കെ പദ്മനാഭൻ, ആനത്തലവട്ടം ആനന്ദൻ എന്നിവർ റാലിയെ അഭിസംബോധന ചെയ്തു. ജനറൽ കൗൺസിൽ യോഗവും തൊഴിലാളികളുടെ വർധിച്ച പങ്കാളിത്തത്തോടെയുള്ള റാലിയും മുഖ്യമന്ത്രിയുടെ പ്രസംഗവും യോഗത്തിൽ പങ്കെടുത്ത എല്ലാവരിലും താൽപര്യവും ആത്മവിശ്വാസം വർധിപ്പിച്ചു.■

### ദേശീയ ജനറൽ കൗൺസിൽ - കോഴിക്കോട്

# ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിലെ ചില ഭാഗങ്ങൾ

**രാജ്യത്തെ 21 സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വഴിയും, കൃത്രിമം കാട്ടിയും ബി.ജെ.പി. അധികാരം നേടിയപ്പോൾ അവരുടെ അഹന്തയും, ഏകാധിപത്യ പ്രവണതയും വർദ്ധിച്ചിരിക്കുന്നു. പ്രതിപക്ഷം ഉയർത്തുന്ന പ്രധാന വിഷയങ്ങൾപോലും ചർച്ചചെയ്യാതെ അവഗണിക്കുന്ന സമീപനമാണ് പ്രധാനമന്ത്രി സ്വീകരിക്കുന്നത്. ലോക് സഭയിലെ ഭൂരിപക്ഷം ഉപയോഗപ്പെടുത്തി ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നിയമനിർമ്മാണങ്ങളും, നയങ്ങളും നടപ്പാക്കാനാണ് ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നത്. ബി.ജെ.പി. എം.പി.മാർ ഉൾപ്പെടുന്ന പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മറ്റി ഏകകണ്ഠമായി നൽകിയ ഭേദഗതിപോലും സർക്കാർ തള്ളിക്കളഞ്ഞു.**

വികസ്വര- വികസിത രാജ്യങ്ങളെന്ന ഭേദമില്ലാതെ ലോകമെമ്പാടുമുള്ള തൊഴിലാളികൾ അവരുടെ ജീവിതത്തെയും, തൊഴിലിനെയും ബധിക്കുന്ന നയങ്ങൾക്ക് എതിരായുള്ള സമരങ്ങൾ അടക്കമുള്ള വിവിധ പ്രവർത്തന മാർഗ്ഗങ്ങൾ സംഘടിപ്പിക്കുകയാണ്. സോഷ്യൽ ഡെമോക്രേറ്റുകളുടെ വിശ്വാസവഞ്ചനാപരമായ നിലപാടുകളും, ഇടതുപക്ഷത്തിന്റെ ദുർബലാവസ്ഥയും ഒരു പുതിയ സാമ്പത്തിക ക്രമത്തിന്റെ ബദൽ മുമ്പോട്ട് വെയ്ക്കുന്നതിൽ പരാജയപ്പെടുന്നതും വർഗ്ഗസമരം തുടർച്ചയായി നടത്താൻ കഴിയാത്തതും പരിശോധിക്കപ്പെടണം. നവഉദാരവത്കരണ നയങ്ങളുടെ ഫലമായി ജനങ്ങൾക്ക് അവരുടെ ജീവിതത്തിലും, ഉപജീവനമാർഗ്ഗങ്ങളിലും നേരിടുന്ന പ്രയാസങ്ങളിൽ നിന്നുണ്ടാകുന്ന അസംതൃപ്തിയെ ഏകോപിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. നവഉദാരവത്കരണ നയങ്ങൾക്ക് എതിരെയുള്ള പോരാട്ടം ഇടതുപക്ഷം ശക്തിപ്പെടുത്തണം. ഇക്വഡോറിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വിജയം ഇത് സൂചിപ്പിക്കുന്നു. സ്വകാര്യവത്കരണ നയത്തിനെതിരെ സ്വീകരിച്ച നിലപാടുകളാണ് ബ്രിട്ടണിലെ ലേബർ പാർട്ടിക്ക് കൂടുതൽ ജനപിന്തുണ ലഭിക്കാൻ കാരണം. പോർട്ടുഗലിലെയും, ഗ്രീസിലെയും ജനകീയ പോരാട്ടത്തിന്റെ മുൻപന്തിയിൽ ഇടതുപക്ഷമുണ്ടായിരുന്നു. നവ ഉദാരവത്കരണ നയങ്ങൾക്ക് എതിരായി ശക്തമായ രാഷ്ട്രീയ പോരാട്ടം സംഘടിപ്പിക്കപ്പെടണം.

ലോകത്ത് വർദ്ധിച്ചുവരുന്ന തൊഴിലാളി വർഗ്ഗത്തിന്റെ മുന്നേറ്റത്തിൽ തീവ്ര വലതുപക്ഷം വലിയ അസ്വസ്ഥരാണ്. ഈ മുന്നേറ്റത്തെ ഇല്ലാതാക്കുന്നതിനും തൊഴിലാളി ഐക്യത്തെ തകർക്കുന്നതിനും അവരെ തമ്മിൽ ഭിന്നിപ്പിക്കുക, പ്രവർത്തനങ്ങളെ ശിഥിലീകരിക്കുക, പ്രധാന വിഷയങ്ങളിൽ നിന്ന് ശ്രദ്ധ വഴിതിരിച്ചുവിടുക തുടങ്ങിയ തന്ത്രമാണ് സ്വീകരിക്കുന്നത്. നവ ഉദാരവത്കരണ സാമ്പത്തിക നയങ്ങൾക്ക് എതിരെയുള്ള ജനകീയ പ്രതിഷേധത്തെ വഴിതിരിച്ച് വിട്ട് അതിനെ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. ഇത് അത്യന്തികമായി ജനാധിപത്യത്തെ തകർക്കുകയും, ഏകാധിപത്യവും, ഫാസിസ്റ്റ് പ്രവണതകളും ഭരണത്തിലും സമൂഹത്തിലും വ്യാപിപ്പിക്കുകയും ചെയ്യുന്നു. കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും കടന്നുവരവിനെ അമേരിക്കയും, യൂറോപ്യൻ രാജ്യങ്ങളും എതിർക്കുന്നതിന് പിന്നിൽ ആ രാജ്യങ്ങൾ നേരിടുന്ന രൂക്ഷമായ തൊഴിലില്ലായ്മയാണ് കാരണം. ഇതിനെതിരെയുള്ള ജനങ്ങളുടെ പ്രതിഷേധത്തെ വഴിതിരിച്ചുവിടുന്നതിനുവേണ്ടിയാണ് പ്രാദേശികവാദം ഉയർത്തുന്നത്. ജനങ്ങളെ ഭിന്നിപ്പിക്കാനും ജനകീയ മുന്നേറ്റങ്ങളെ ശിഥിലീകരിക്കാനും പര്യാപ്തമായ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ രാജ്യത്തും നടക്കുന്നുണ്ട്. ഏകാധിപത്യ പ്രവണതയോടുകൂടിയ ഭരണമാണ് ഇവിടെ നിലനിൽക്കുന്നത്.

മുതലാളിത്തം നേരിടുന്ന രൂക്ഷമായ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടുന്നതിനും, വലതുപക്ഷ രാഷ്ട്രീയത്തിന് തങ്ങളുടെ സാമ്രാജ്യത്വ അധീനത്വം ഉറപ്പിക്കുന്നതിനും വേണ്ടി രാഷ്ട്രീയവും, സാമ്പത്തികവും സൈനികവുമായ ത്രീവ നിലപാടുകൾ സ്വീകരിക്കേണ്ടി വരുന്നു. വികസ്വര രാജ്യങ്ങളിലെ വിപണികളിലും, പ്രകൃതി വിഭവങ്ങളാൽ സമ്പുഷ്ടമായ പ്രദേശങ്ങളിലും തങ്ങളുടെ അധീശത്വം വളർത്താനും, സ്ഥാപിക്കാനും, നിലനിർത്താനും വേണ്ടി സൈനികശേഷി വലിയ തോതിൽ വർദ്ധിപ്പിക്കുന്നു. അമേരിക്ക നേതൃത്വം നൽകുന്ന നാറ്റോ സൈന്യത്തിന്റെ ചെലവ്

വൻതോതിൽ വർദ്ധിപ്പിക്കുന്നു. അമേരിക്ക തങ്ങളുടെ നാവികസേനാ സാന്നിദ്ധ്യം ചൈനയെ ലക്ഷ്യമാക്കി ഏഷ്യ-പസഫിക് മേഖലിൽ വർദ്ധിപ്പിക്കുയാണ്. നയതന്ത്രബന്ധങ്ങളിൽ മാറ്റം വരുത്തി, ഈ മേഖലയിൽ തന്ത്രപ്രധാന സഖ്യകക്ഷികളെ കണ്ടെത്താനുള്ള പരിശ്രമത്തിലായിരുന്നു അമേരിക്ക. ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി. സർക്കാർ അമേരിക്കയോട് അടുത്ത നയതന്ത്ര ബന്ധം സ്ഥാപിച്ച് അവരുടെ ജൂനിയർ പങ്കാളിയായി ചേർന്നിരിക്കുന്നു.

കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ അങ്ങേയറ്റം തീവ്ര വലതുപക്ഷ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് സി.ഐ.ടി.യു. വിന്റെ കഴിഞ്ഞ വർക്കിംഗ് കമ്മറ്റി വിലയിരുത്തിയിരുന്നു. വലതുപക്ഷ നയത്തിന്റെ കടന്നുകയറ്റത്തിന്റെ അടിസ്ഥാനപരമായ നാല് പ്രത്യേകതകൾ ഇവിടെയും കാണാൻ കഴിയും. ഒന്നാമത്തേത് ശക്തമായി നടപ്പാക്കപ്പെടുന്ന നവഉദാരവത്കരണ നയങ്ങൾ മൂലം ജനങ്ങളുടെ ജീവിതത്തിനുണ്ടാകുന്ന ദുരിതങ്ങളും, ദേശീയ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കുന്ന ആഴമേറിയ പ്രതിസന്ധിയും പരിഗണിക്കപ്പെടുന്നില്ല. രണ്ടാമതായി ജാതിയുടെയും, മതത്തിന്റെയും, ഭാഷയുടെയും, വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ജനങ്ങളിൽ ധ്രുവീകരണമുണ്ടാക്കി ഭിന്നിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നു. ഭരണം നിലനിർത്താനാണ് ഈ തന്ത്രങ്ങൾ പ്രയോഗിക്കുന്നത്. മൂന്നാമതായി തങ്ങൾക്ക് നേരെയുള്ള എതിർ ശബ്ദങ്ങളെ അടിച്ചമർത്താനും, പാർലമെന്റ് ഉൾപ്പെടെയുള്ള ജനാധിപത്യസ്ഥാപനങ്ങളെ നോക്കുകുത്തിയാക്കി രാജ്യത്തെ ഏകാധിപത്യ ഭരണത്തിലേക്കുനയിക്കാനും ശ്രമിക്കുന്നു. എല്ലാ ജനവിഭാഗങ്ങളുടെയും പ്രത്യേകിച്ച് തൊഴിലാളി വർഗ്ഗത്തിന്റെ ജനാധിപത്യ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. അവരുടെ അജണ്ട കോർപ്പറേറ്റുകളുടെയും, തദ്ദേശീയ, വിദേശീയ, ജന്മിമാരുടെയും താല്പര്യം സംരക്ഷിക്കുകയെന്നതാണ്. നാലാമതായി രാജ്യത്തിന്റെ വിദേശനയം അമേരിക്കൻ സാമ്രാജ്യത്വത്തിന് അടിയറവെച്ചിരിക്കുന്നു. അവർക്ക് വിധേയനായി പ്രവർത്തിക്കുന്ന ജൂനിയർ പങ്കാളിയാക്കി ഇന്ത്യയെമാറ്റിയിരിക്കുന്നു.

രാജ്യത്തെ 21 സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വഴിയും, കൃത്രിമം കാട്ടിയും ബി.ജെ.പി. അധികാരം നേടിയപ്പോൾ അവരുടെ അഹന്തയും, ഏകാധിപത്യ പ്രവണതയും വർദ്ധിച്ചിരിക്കുന്നു. പ്രതിപക്ഷം ഉയർത്തുന്ന പ്രധാന വിഷയങ്ങൾപോലും ചർച്ചചെയ്യാതെ അവഗണിക്കുന്ന സമീപനമാണ് പ്രധാനമന്ത്രി സ്വീകരിക്കുന്നത്. ലോക് സഭയിലെ ഭൂരിപക്ഷം ഉപയോഗപ്പെടുത്തി ജനവിരുദ്ധ, തൊഴിലാളി വിരുദ്ധ നിയമനിർമ്മാണങ്ങളും, നയങ്ങളും നടപ്പാക്കാനാണ് ബി.ജെ.പി. സർക്കാർ ശ്രമിക്കുന്നത്. ബി.ജെ.പി. എം.പി.മാർ ഉൾപ്പെടുന്ന പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മറ്റി ഏകകണ്ഠമായി നൽകിയ ഭേദഗതിപോലും സർക്കാർ തള്ളിക്കളഞ്ഞു. ഇപ്പോഴും രാജ്യസഭയിൽ ഭൂരിപക്ഷം ഇല്ലാത്ത ബി.ജെ.പി.യ്ക്ക് ബില്ലുകൾ പാസാക്കിയെടുക്കാൻ കഴിയുന്നത് ഇടതുപക്ഷയിതര എം.പി. മാരുടെ അവസരവാദവും ചാഞ്ചാട്ടവും മുതലെടുത്താണ്. രാജ്യത്തെ ഗവേഷണ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആർ.എസ്.എസ്. പക്ഷവാദികളുടെ ക്യാമ്പാക്കി മാറ്റിയിരിക്കുന്നു.

കേന്ദ്ര സർക്കാരിന്റെ സജീവ പിന്തുണയോടെ രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ വിശേഷിച്ച് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ആർ.എസ്.എസ്. പ്രവർത്തകർ സമാന്തര അധികാര കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നു. ഇവർ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ അനാവശ്യ ഇടപെടലുകൾ നടത്തുന്നു. സാമൂഹിക, സാംസ്കാരിക, തൊഴിൽ മേഖലകളിൽ കടന്നാക്രമണം തങ്ങളുടെ ഹിന്ദുത്വ അജണ്ട ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുന്നു. സമൂഹത്തിലെ ദളിതരും, പിന്നോക്കക്കാരും ഇതിന്റെ പേരിൽ ക്രൂരമായ ആക്രമണത്തിന് ഇരയാകുന്നു. വർക്കിംഗ് കമ്മറ്റിക്കുശേഷമുള്ള കാലയളവിൽ രാജ്യത്ത് ഇത്തരത്തിലുള്ള ആക്രമണങ്ങൾ വർദ്ധിച്ചിരിക്കുന്നു. ദളിതർക്കും, പിന്നോക്കക്കാർക്കും നേരെ ആക്രമണം നടത്തി അതിന്റെ വീഡിയോ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് ജനങ്ങളിൽ ഭീതിപരത്തി അവരെ തങ്ങളുടെ കീഴിൽ നിർത്താനുള്ള ശ്രമമാണ് ആർ.എസ്.എസ്. നടത്തുന്നത്.

കേന്ദ്രസർക്കാരിന്റെ പിന്തുണയോടുകൂടി ആർ.എസ്.എസുകാർ ഇടതുപക്ഷം ഭരിക്കുന്ന കേരള മടക്കമുള്ള സംസ്ഥാനങ്ങളിൽ അക്രമവും, അസ്വസ്ഥതയും സൃഷ്ടിക്കുന്നു. ഇടതുപക്ഷ ശക്തികേന്ദ്രങ്ങളിൽ അവരെ കടന്നാക്രമിച്ചിട്ട് തെറ്റായ വാർത്തകളും, ഇടതുപക്ഷത്തിനെതിരെ കുപ്രചരണങ്ങളും നടത്തുന്നു.

ത്രിപുരയിലെ ഇടതുപക്ഷത്തിന്റെ പരാജയം തൊഴിലാളിവർഗ്ഗത്തിന്റെ മുന്നേറ്റത്തിനുള്ള തിരിച്ചടിയാണ്. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം വന്നയുടൻ സംഘപരിവാർ ശക്തികൾ സംസ്ഥാനത്ത് ആകമാനം ആക്രമണം അഴിച്ചുവിട്ടു. ഇടതുപാർട്ടികളുടെ ഓഫീസുകൾ കൈയേറുകയും, അടിച്ചുതകർക്കുകയും ചെയ്തു. വീടുകൾ അഗ്നിക്കിരയാക്കി, ജനങ്ങൾക്ക് നേരെ ആക്രമണം അഴിച്ചുവിട്ടു. ലെനിന്റെ പ്രതിമ തകർത്തു. ആർ.എസ്.എസ്. ന്റെ ആക്രമണവും, പ്രതിമ തകർക്കലും ത്രിപുരയിൽ മാത്രം ഒതുങ്ങിനിന്നില്ല. അവർ രാജ്യത്താകമാനം ഇത്തരത്തിലുള്ള ആക്രമണങ്ങൾ നടത്തി. തമിഴ്നാട്ടിൽ പെരിയാർ ഇ.വി. രാമസ്വാമിയുടെ പ്രതിമയും, ഉത്തർപ്രദേശിൽ അംബേദ്ക്കറുടെയും പ്രതിമ തകർത്തു. മനുവാദത്തിലധിഷ്ഠിതമായ സംഘ പരിവാറിന്റെ വൃത്തികെട്ട മുഖം കൂടുതൽ തുറന്നുകാട്ടപ്പെട്ടു. ത്രിപുരയിൽ നടന്ന രാഷ്ട്രീയ യുദ്ധത്തിൽ ഇടതുപക്ഷത്തിന് 45 ശതമാനം വോട്ട് നേടാൻ കഴിഞ്ഞു. ഇടതുപക്ഷത്തെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്ത ത്രിപുരയിലെ ജനങ്ങളെ ഞങ്ങൾ അഭിനന്ദിക്കുന്നു. ■



പി. നന്ദകുമാർ

# സ്വകാര്യത അപകടത്തിൽ



തീവ്രവലതുപക്ഷം അധികാരത്തിലെത്തുന്നതിന് എന്തു വൃത്തികേടും കാണിക്കും എന്ന് പറയേണ്ടതില്ലല്ലോ. എന്നാൽ ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ജനാധിപത്യ സംവിധാനങ്ങൾക്ക് തന്നെ ഭീഷണവും ആശങ്ക ഉയർത്തുന്നതുമാണ്. ഈയിടെ പുറത്തുവന്ന കേംബ്രിഡ്ജ് അനലിറ്റിക്ക വിവാദം വ്യക്തമാക്കുന്നതാണ്. മനുഷ്യന്റെ യുക്തിയും - ബുദ്ധിയും - അധ്വാനവും ചേർന്ന് രൂപപ്പെടുത്തിയെടുത്ത വിവര സാങ്കേതിക വിദ്യയും, നിർമിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ്) മാനവരാശിയുടെ പുരോഗതിക്ക് ഉപയോഗിക്കുന്നതിനു പകരം മൂലധന ശക്തികളുടെ സമ്പത്ത് കുന്നുകൂട്ടുന്നതിനും അതിനുവേണ്ടി അധികാരം പിടിക്കുന്നതിനും എങ്ങനെ വിനിയോഗിക്കപ്പെടും എന്ന കാര്യങ്ങളാണ് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. പ്രത്യേകം - പ്രത്യേകം ആപ്പുകൾ ഉപയോഗിച്ച് വ്യക്തികളുടെ - വോട്ടർമാരുടെ വ്യക്തി വിവരങ്ങളും അഭിരുചികളും സ്വഭാവവിശേഷണങ്ങളും മനസിലാക്കുകയും തുടർന്ന് തങ്ങൾക്ക് താല്പര്യമുള്ള വാർത്തകളും, മെസേജുകളും, ചിത്രങ്ങളും മറ്റും നിരന്തരമായി ഈ വ്യക്തികളുടെ ഫേസ്ബുക്കിൽ നൽകി മാനസാന്തരപ്പെടുത്തി എടുക്കുന്ന രീതിയാണ് ഈ ആപ്പുകളുടെ പ്രവർത്തനം. ട്രംമ്പിന്റെ തിരഞ്ഞെടുപ്പിൽ ഇത് സമർത്ഥമായി ഉപയോഗപ്പെടുത്തി എന്നതാണ് വാർത്ത. ജനാധിപത്യ വ്യവസ്ഥയെ തന്നെ അട്ടിമറിക്കുന്ന ഈ പ്രവർത്തനം ഇന്ത്യയിൽ 2003 മുതൽ തന്നെ തുടക്കം കുറിച്ചിരുന്നു. ലണ്ടൻ ആസ്ഥാനമായുള്ള കേംബ്രിഡ്ജ് അനലിറ്റിക്ക എന്ന അനലൈസിംഗ് കമ്പനിയുടെ മാതൃ സ്ഥാപനമായ സ്ട്രാറ്റജിക് കമ്യൂണിക്കേറ്റീവ് ലബോറട്ടറീസ് (എസ്‌സിഎൽ) ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. ഇന്ത്യയിൽ 600 ജില്ലകളുടെയും 7 ലക്ഷം ഗ്രാമങ്ങളുടെയും ഡാറ്റ ബാങ്ക് ഈ സ്ഥാപനത്തിന്റെ പക്കലുണ്ട്. ഓരോ വിഭാഗത്തെയും, ജാതിയെയും കുടുംബങ്ങളെയും എങ്ങനെയൊക്കെ സ്വാധീനിക്കാമെന്ന് ബന്ധപ്പെട്ടവർക്ക് ഇവർ വിവരം നൽകും. ഇതിന്റെ വിശദാംശങ്ങൾ "നാഷണൽ എക്സ്പീരിയൻസ്" എന്ന വിവരണത്തിൽ സിഐഎയുടെ റിസർച്ച് ഡയറക്ടർ ആയിരുന്ന ക്രിസ്റ്റഫർ ഫൈലി പുറത്തുവിട്ടിട്ടുണ്ട്.

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ വിവര സാങ്കേതിക വിദ്യയുടെ ദുരുപയോഗം സർക്കാർ തന്നെ നടത്തിയാലോ? മനുഷ്യന്റെ സ്വകാര്യതയിലേക്ക് കടന്നു കയറാനുള്ള നീക്കങ്ങൾ മോഡി സർക്കാർ ശക്തിപ്പെടുത്തിയിരിക്കുകയാണ്. എല്ലാം ആധാറുമായി ബന്ധിപ്പിക്കൽ. ആധാറിൽ നൽകേണ്ട വിവരങ്ങൾ വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണെന്ന് കോടതികൾക്കു പോലും തോന്നി തുടങ്ങി. സുപ്രീം കോടതിയിൽ നടക്കുന്ന കേസിന്റെ വിചാരണക്കിടയിൽ സുപ്രീം കോടതി തന്നെ ചോദിച്ചത് ഇനി വ്യക്തിയുടെ ജീൻ കണ്ടെത്തുന്നതിനുള്ള വിവരങ്ങളും ആധാറിൽ ചേർക്കുമോ എന്നാണ്. ഇന്ത്യയിലെ പൗരന്മാരുടെ എല്ലാ വിവരങ്ങളും ചോർന്നിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. കേംബ്രിഡ്ജ് അനലിറ്റിക്ക എന്ന ഒരൊറ്റ അനലൈസിംഗ് കമ്പ



നിക്കു മാത്രം 5,62,455 ലക്ഷം ഇന്ത്യക്കാരുടെ വിവരങ്ങൾ ചോർത്തി എന്ന് ഫേസ്ബുക്കു തന്നെ ഇപ്പോൾ സമ്മതിച്ചിട്ടുണ്ട്. മുതലാളിത്തം എല്ലാം വില്പന ചരക്കാക്കുകയാണ്. മനുഷ്യന്റെ സ്വകാര്യതയും.

## വർഗീയ സംഘർഷങ്ങൾ ശക്തിപ്പെടുന്നു

കഴിഞ്ഞ ഏതാനും മാസങ്ങളായി ഉത്തരേന്ത്യയിൽ പല സംസ്ഥാനങ്ങളിലും വർഗീയ സംഘർഷങ്ങളും കലാപങ്ങളും ശക്തിപ്പെട്ടുവരുന്നതായി കാണാം. വർഗീയ ധ്രുവീകരണം ശക്തിപ്പെടുത്തി തങ്ങളുടെ സങ്കുചിത രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിച്ചെടുക്കാനുള്ള സംഘപരിവാറിന്റെ ശ്രമങ്ങളാണ് ഇതിന്റെ പിന്നിലുള്ളതെന്ന് കാണാം. വർഗീയ വിഷം ചീറ്റുന്ന പ്രസംഗങ്ങളും പ്രവർത്തികളും കൈമുതലാക്കിയ സംഘപരിവാർ നേതാക്കളുടെയും ചില ബിജെപി നേതാക്കളുടെയും സാമാജികരുടെയും മന്ത്രിമാരുടെയും തന്നെ പ്രസ്ഥാവനകളാണ് ഈ വർഗീയ സംഘർഷങ്ങൾ



വളർത്തിയെടുത്തിട്ടുള്ളതെന്ന് കാണാം. രാമനവമി ആഘോഷം വർഗീയ സംഘർഷം വളർത്തിയെടുക്കാനുള്ള സംഘപരിവാർ സംഘടനകളുടെ ഗൂഢ ശ്രമത്തിന്റെ ഭാഗമാണ് പശ്ചിമ ബംഗാളിലും ബീഹാറിലും നടന്ന കലാപങ്ങൾ. 12 പേരുടെ വിലപ്പെട്ട ജീവനാണ് ഇവിടെ നഷ്ടപ്പെട്ടത്. നിരവധി കുടുംബങ്ങൾ തെരുവാധാരമായി. കൊള്ളയും കൊള്ളിവയ്പും അക്രമപ്രവർത്തനങ്ങളും ഇപ്പോഴും പൂർണമായി നിലച്ചിട്ടില്ല. രാമനവമി റാലികളിൽ ആയുധങ്ങൾ ഉയർത്തിപിടിച്ചാണ് പ്രകടനങ്ങൾ നടത്തിയത് എന്നാണ് പത്രവാർത്ത. സംഘപരിവാറിന്റെയും ബിജെപിയുടെയും സമുന്നത നേതാക്കന്മാരാണ് ഇത് നേതൃത്വം കൊടുത്തത്. ഹിന്ദു കലണ്ടർ പ്രകാരമുള്ള പുതുവത്സര ആഘോഷമാണ് ബീഹാറിലെ കലാപത്തിന് പ്രധാന കാരണമായത്. 4 ജില്ലകളിൽ കലാപം വ്യാപിച്ചു. അക്രമത്തിന് നേതൃത്വം കൊടുത്തത് കേന്ദ്ര മന്ത്രിയുടെ പുത്രൻ അറസ്റ്റ് ചെയ്യപ്പെട്ടു. ഉത്തർ പ്രദേശിലും വർഗീയ സംഘർഷങ്ങൾ നില

**ദളിതർ ആക്രമണത്തിൽ നിന്ന് രക്ഷനേടണമെന്ന് ആവശ്യപ്പെട്ടും ആത്മാഭിമാനം സംരക്ഷിക്കുന്നതിനുമായി പ്രക്ഷോഭരംഗത്താണ്. തങ്ങളുടെ സ്വാധീന മേഖലകളിൽ അടിത്തറ നഷ്ടപ്പെടുന്നതായി ബിജെപി തിരിച്ചറിയുന്നുണ്ട്. ഉത്തർ പ്രദേശിൽ നടന്ന ഉപതെരഞ്ഞെടുപ്പിന്റെ ഫലം ബിജെപി നേതൃത്വത്തെ ഞെട്ടിച്ചതാണ്. 2019 ൽ പാർലമെന്റിലേക്ക് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പ് ബിജെപിയെ സംബന്ധിച്ചിടത്തോളം ജീവന്മരണ പോരാട്ടമാണ്. എന്തു വിലകൊടുത്തും അധികാരം നിലനിർത്താൻ ബിജെപി ശ്രമിക്കുമെന്ന കാര്യം പറയേണ്ടതില്ലല്ലോ. അതിൽ മുഖ്യ അജണ്ടയാണ് വർഗീയമായ ധ്രുവീകരണം വരുത്തൽ.**

നിൽക്കുകയാണ്.

മോഡി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ തൊഴിലാളികളും കൃഷിക്കാരും ശക്തമായ പ്രക്ഷോഭത്തിലാണ്. ദളിതർ ആക്രമണത്തിൽ നിന്ന് രക്ഷനേടണമെന്ന് ആവശ്യപ്പെട്ടും ആത്മാഭിമാനം സംരക്ഷിക്കുന്നതിനുമായി പ്രക്ഷോഭരംഗത്താണ്. തങ്ങളുടെ സ്വാധീന മേഖലകളിൽ അടിത്തറ നഷ്ടപ്പെടുന്നതായി ബിജെപി തിരിച്ചറിയുന്നുണ്ട്. ഉത്തർ പ്രദേശിൽ നടന്ന ഉപതെരഞ്ഞെടുപ്പിന്റെ ഫലം ബിജെപി നേതൃത്വത്തെ ഞെട്ടിച്ചതാണ്. 2019 ൽ പാർലമെന്റിലേക്ക് നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പ് ബിജെപിയെ സംബന്ധിച്ചിടത്തോളം ജീവന്മരണ പോരാട്ടമാണ്. എന്തു വിലകൊടുത്തും അധികാരം നിലനിർത്താൻ ബിജെപി ശ്രമിക്കുമെന്ന കാര്യം പറയോണ്ടതില്ലല്ലോ. അതിൽ മുഖ്യ അജണ്ടയാണ് വർഗീയമായ ധ്രുവീകരണം സൃഷ്ടിക്കൽ. തിരഞ്ഞെടുപ്പു കഴിയുന്നതുവരെ അശാന്തിയുടെ മേഖലയായി ഉത്തരേന്ത്യ മാറാൻ പോവുകയാണ്. ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ജാഗ്രതയും, വർഗ ഐക്യത്തോടു കൂടെയുള്ള പോരാട്ടവും മാത്രമാണ് ഇതിന് മറുമരുന്ന്.

## ഇന്ധന വിലക്കയറ്റം

അനുദിനം കയറിക്കൊണ്ടിരിക്കുന്ന ഇന്ധന വിലക്കയറ്റത്തിൽ പകച്ച് നിൽക്കുന്ന ജനവും നിസംഗത നടിക്കുന്ന ഭരണാധികാര വർഗവും നവലിബറൽ നയത്തിന്റെ പ്രത്യേകതകളാണ്. ധന മൂലധന ശക്തികൾക്ക് കീഴടങ്ങിയുള്ള സാമ്പത്തിക നയത്തിന്റെ പ്രയോഗമാണ് ഇന്ധനവില നിർണയാധികാരം പൂർണമായും എണ്ണക്കമ്പനികൾക്ക് ഏല്പിച്ച് കൊടുക്കുക എന്നത്. ആ തീരു




**രാജ്യത്തിന്റെ സാമ്പത്തിക മേഖലയെ ആകെ ബാധിക്കുന്ന ഒന്നാണ് എണ്ണവിലക്കയറ്റം. അവശ്യ സാധനങ്ങളുടെ വില വർധനവിനു കാരണമാകും. പെട്രോ കെമിക്കൽ ഉല്പന്നങ്ങൾക്ക് വില കൂടും. ഊർജ്ജത്തിനു വിലക്കയറ്റം ഉണ്ടാകും. ഇപ്പോൾ തന്നെ പ്രതിസന്ധിയിൽ കഴിയുന്ന ഇന്ത്യൻ ഉല്പാദന മേഖലയെ ഇത് സാരമായി ബാധിക്കും. ഒരു ഉപഭോഗ സംസ്ഥാനമായ കേരളത്തെയും ഈ പ്രതിസന്ധി നന്നെ ബാധിക്കുമെന്ന് പറയേണ്ടതില്ല.**

മാനം വന്നപ്പോൾ തന്നെ ഇന്ത്യയിലെ ഇടതുപക്ഷവും, ട്രേഡ് യൂണിയൻ പ്രസ്ഥാനവും വരാൻ പോകുന്ന വിപത്തിനെ ചൂണ്ടിക്കാണിക്കുകയും പ്രതിഷേധിക്കുകയും ചെയ്തതാണ്. 'നല്ല ദിനം വരുന്നു' എന്ന വാഗ്ദാനം നൽകി അധികാരത്തിൽ കയറിയ മോദി സർക്കാർ വറചട്ടിയിൽ നിന്നും എരിതീയിലേക്ക് ജനങ്ങളെ വലിച്ചെറിയുന്ന നയങ്ങളാണ് അനുദിനം എടുത്ത്കൊണ്ടിരിക്കുന്നത്. ക്രൂഡ് ഓയിലിന് കഴിഞ്ഞ 3 വർഷക്കാലത്തിനിടെ ഉണ്ടായ വിലയിടിവിന്റെ ഒരു ആനുകൂല്യവും സാമാന്യ ജനങ്ങൾക്ക് കിട്ടാത്ത ഏകരാജ്യം ഇന്ത്യ മാത്രമാണെന്ന് പറഞ്ഞാൽ അതിശയോക്തിയല്ല.

മോദി സർക്കാർ അധികാരത്തിൽ വന്ന ശേഷം പെട്രോളിയത്തിന്റെ എക്സൈസ് നികുതി 12 തവണകളായി 105 ശതമാനവും ഡീസലിന്റെ നികുതി 240 ശതമാനവുമാണ് വർധിപ്പിച്ചത്. 2016- 2017 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന് ഇന്ധന തീരുവയായി. 242000 കോടി രൂപയാണ് ലഭിച്ചത്. 2014-2015 വർഷത്തിൽ 99000 കോടി രൂപയായിരുന്നു. ഇതിൽ നിന്നും കേന്ദ്ര സർക്കാരിന്റെ നികുതി കൊള്ളയുടെ ഭീകരത വ്യക്തമാകുന്നുണ്ടല്ലോ.

അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണവിലയുടെ ഏറ്റക്കുറവനുസരിച്ച് ദിവസേന വില നിശ്ചയിക്കാൻ 2017 ജൂണിൽ മോദി സർക്കാരാർ എണ്ണ കമ്പനികൾക്ക് നൽകിയ അനുവാദം അനുഗ്രഹമായി കണക്കാക്കി ജനങ്ങളെ കൊള്ളയടിക്കുകയാണ് കമ്പനികൾ. മാർച്ചിൽ 72 രൂപയായിരുന്ന പെട്രോൾ വില ഏപ്രിലിൽ 77 രൂപ വരെയെത്തി. 2014 ഏപ്രിലിൽ 60 രൂപയായിരുന്നു ഇന്ത്യയിൽ പെട്രോൾ വില. അന്ന് അന്താരാഷ്ട്ര മാർക്കറ്റിൽ 70 മുതൽ 71 ഡോളർ വരെയാണ് വില. പെട്രോളിന് ഇന്ത്യയിൽ 77 രൂപ വരെ. എണ്ണ കമ്പനികളും കേന്ദ്ര സർക്കാരും ചേർന്ന് ജനങ്ങളുടെ പോക്കറ്റ് കൊള്ളയടിക്കുന്നതിൽ പ്രത്യക്ഷ ഉദാഹരണമാണിത്. ഈ കൊള്ള അവസാനിപ്പിച്ചേ പറ്റൂ. എണ്ണക്കമ്പനികളുടെ ലാഭം വൻതോതിലാണ് വർധിക്കുന്നത്. എണ്ണ കുത്തകയായ റിലയൻസിന് നല്ല കൊയ്ത്തുകാലമാണിത്. സ്വന്തമായി എണ്ണപ്പാടങ്ങളും ഒരു വമ്പൻ റിഫൈനറിയും അമ്പാനിക്കുണ്ട്. ലോകത്തിൽ തന്നെ കുറഞ്ഞ ചെലവിൽ റിഫൈൻ ചെയ്യാൻ കഴിയുന്ന സ്ഥാപനമാണ് ഗുജറാത്തിലെ ജാം നഗറിൽ അമ്പാനിക്കുള്ളത്. കുറഞ്ഞ ചിലവിൽ റിഫൈൻ ചെയ്ത് അന്താരാഷ്ട്ര നിരക്കിൽ (ഡോളർ നിരക്കിൽ) എണ്ണ വില്പന നടത്തി കൊള്ള ലാഭമാണ് അമ്പാനി എടുത്തുകൊണ്ടിരിക്കുന്നത്. എണ്ണ വില കൂടുംതോറും കുത്തകകളുടെ ലാഭതോത് വർധിക്കുകയാണ്. പെട്രോൾ വില നൂറു രൂപ വരെയാകാൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്.

രാജ്യത്തിന്റെ സാമ്പത്തിക മേഖലയെ ആകെ ബാധിക്കുന്ന ഒന്നാണ് എണ്ണവിലക്കയറ്റം. അത് അവശ്യ സാധനങ്ങളുടെ വില വർധനവിനു കാരണമാകും. പെട്രോ കെമിക്കൽ ഉല്പന്നങ്ങൾക്ക് വില കൂടും. ഊർജ്ജത്തിനു വിലക്കയറ്റം ഉണ്ടാകും. ഇപ്പോൾ തന്നെ പ്രതിസന്ധിയിൽ കഴിയുന്ന ഇന്ത്യൻ ഉല്പാദന മേഖലയെ ഇത് സാരമായി ബാധിക്കും. ഒരു ഉപഭോഗ സംസ്ഥാനമായ കേരളത്തെയും ഈ പ്രതിസന്ധി നന്നെ ബാധിക്കുമെന്ന് പറയേണ്ടതില്ല. അതിശക്തമായ പ്രക്ഷോഭം ഉയർന്ന് വരേണ്ടിയിരിക്കുന്നു.■

# 15-ാം ധനകമീഷൻ ശുപാർശകൾ കേരള താല്പര്യങ്ങൾക്ക് എതിര്

കേരള സംസ്ഥാനം മറ്റൊരു സാമ്പത്തിക തിരിച്ചടിയുടെ കൂടി നിഴലിലാണ്. ജിഎസ്ടിയും കേന്ദ്ര നയങ്ങളും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നതിനിടയിൽ അടിത്തറ ധനകമീഷൻ ശുപാർശയും സംസ്ഥാനത്തിന് വൻ നഷ്ടം വരുത്തുമെന്നാണ് സൂചന. ഇക്കുറി കേരളം ഒറ്റയ്ക്കല്ല. താരതമ്യേന മെച്ചപ്പെട്ട സാമൂഹ്യ വികസന സൂചകങ്ങളും കുടുംബാസൂത്രണ മേഖലയിൽ മികവുമുള്ള മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും ഈ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്.

2011 ലെ ജനസംഖ്യ ആധാരമാക്കി ശുപാർശകൾ തയാറാക്കാനുള്ള പതിനഞ്ചാം ധന കമീഷൻ തീരുമാനമാണ് കേരളത്തിനും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കും വൻ നഷ്ടം വരുത്തുക. കേന്ദ്രവും സംസ്ഥാനങ്ങളുമായി രാജ്യത്തിന്റെ വരുമാനം വീതം വയ്ക്കുകയാണ് ധന കമീഷന്റെ ഉത്തരവാദിത്തം. 2020 മുതൽ 2025 വരെ അഞ്ചു വർഷം രാജ്യത്ത് നടപ്പാക്കാനുള്ള സാമ്പത്തിക നിർദേശങ്ങളാണ് പതിനഞ്ചാം ധനകമീഷൻ സമർപ്പിക്കേണ്ടത്. ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ സംസ്ഥാനങ്ങൾക്കു കൂടി സ്വീകാര്യമാകണം എന്നത് ജനാധിപത്യ മര്യാദ. എന്നാൽ എല്ലാ രംഗത്തും ജനാധിപത്യ വിരുദ്ധത മുഖമുദ്രയാക്കിയ ബിജെപി സർക്കാരിനു കീഴിൽ രൂപംകൊണ്ട പതിനഞ്ചാം ധനകമീഷൻ തീർത്തും ഏകപക്ഷീയ നടപടികളുമായി മുന്നോട്ടു നീങ്ങുകയാണ്.

കുടുംബാസൂത്രണ പരിപാടികൾ വ്യാപകമായി രാജ്യത്ത് നടപ്പാക്കുന്നതിനു മുമ്പുള്ള ജനസംഖ്യാ കണക്കെടുപ്പാണ് 1971 ലേത്. പതിമൂന്നാം ധനകമീഷൻ വരെ 1971 ലെ സെൻസസ് കണക്കുകൾ അനുസരിച്ചായിരുന്നു സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിർണയിച്ചിരുന്നത്. പതിനാലാം ധനകമീഷൻ 2011 ലെ സെൻസസ് ആധാരമാക്കാനുള്ള ശ്രമം നടത്തിയിരുന്നെങ്കിലും ശക്തമായ പ്രതിഷേധം ഉയർന്നതോടെ ഈ നീക്കം ഭാഗികമായി ഉപേക്ഷിച്ചു. 2011 ലെ സെൻസസിന് 10 ശതമാനം അധിക പരിഗണനമാത്രം നൽകിക്കൊണ്ടായിരുന്നു പതിനാലാം ധന കമീഷൻ നിർദേശങ്ങൾ സമർപ്പിച്ചത്. അപ്പോൾ തന്നെ, തമിഴ്നാടു പോലുള്ള സംസ്ഥാനങ്ങൾക്ക് ഇത് വലിയ നഷ്ടമുണ്ടാക്കി. പതിമൂന്നാം ധനകമീഷനെ അപേക്ഷിച്ച് തമിഴ്നാടിന്റെ റവന്യൂ വിഹിതം 19 ശതമാനം വെട്ടിക്കുറച്ചുകൊണ്ടായിരുന്നു പതിനാലാം ധനകമീഷൻ നിർദേശങ്ങൾ. 6000 കോടി രൂപയുടെ കുറവ് ഇങ്ങനെ വന്നു.

കേന്ദ്ര നികുതി വിഹിതത്തിൽ തന്നെ കടുത്ത അനീതി നിലനിൽക്കുന്നുണ്ട്. നിലവിൽ നികുതിയിലൂടെയും മറ്റും കേരളം കേന്ദ്രത്തിന് കൊടുക്കുന്ന ഓരോ രൂപയ്ക്കും കേവലം 25 പൈസയാണ് നികുതി വിഹിതമെന്ന നിലയ്ക്ക് തിരികെ ലഭിക്കുന്നത്. തമിഴ്നാടിന്റെ സമാനമായ വിഹിതം 40 പൈസയും കർണാടകത്തിന്റേത് 47 പൈസയുമാണ്. അതേ സമയം ഉത്തർ പ്രദേശിന് ഒരു രൂപയ്ക്ക് തിരികെ ലഭിക്കുന്നത് ഒരു രൂപ 79 പൈസയാണ്. പുതിയ നിർദേശം നടപ്പാക്കപ്പെടുകയാണെങ്കിൽ വിഹിതവിതരണത്തിലെ ഈ അസന്തുലിതാവസ്ഥ കൂടുതൽ രൂക്ഷമാകും.

മറ്റ് തരത്തിലും സംസ്ഥാനങ്ങൾക്ക് വിനയാകുന്ന നിർദേശങ്ങൾ തയാറാക്കാനും ധനകമീഷനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനങ്ങളുടെ റവന്യൂ വരുമാനവും ചെലവും തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ നൽകുന്ന പ്രത്യേക സഹായം (റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ്) സംബന്ധിച്ച് പുനഃപരിശോധനയാണ് ഇത്തരത്തിൽ കമ്മീഷന് നൽകിയ മറ്റൊരു പ്രധാന ചുമതല. ഗ്രാന്റ് അവസാനിപ്പിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണ് ഇതെന്ന് സംശയിക്കപ്പെടുന്നു. ഇതും കേരളത്തിന് തിരിച്ചടിയാകും. 2015–16ൽ ഈ ഇനത്തിൽ 4300 കോടി രൂപ കേന്ദ്രത്തിൽ നിന്ന് കേരളത്തിന് ലഭിച്ചിരുന്നു. സാമൂഹ്യ സുരക്ഷാ മേഖലയിലടക്കമുള്ള ഇടപെടലുകൾ മൂലം വൻ തോതിൽ റവന്യൂ വിടവ് നേരിടുന്ന സംസ്ഥാനമാണ് കേരളം.

സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള സ്വാതന്ത്ര്യം കവരാനുള്ള നീക്കമുള്ളതായും സംശയം ഉയരുന്നുണ്ട്. കേന്ദ്രത്തിൽ നിന്ന് എടുക്കുന്ന കടം പൂർണമായും അടച്ചു തീർത്താൽ പിന്നീട് പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിന് സംസ്ഥാനം മുൻകൂർ അനുവാദം തേടേണ്ടതില്ലെന്നാണ് നിലവിലെ വ്യവസ്ഥ. ഈ ഭരണഘടനാ സ്വാതന്ത്ര്യം ഇല്ലാതാക്കാൻ ന്യൂ ഇന്ത്യ- 2022 എന്ന പേരിൽ പദ്ധതി കൊണ്ടുവന്ന് അതിന് ഭരണഘടനാ സാധുത നൽകാനുള്ള ആലോചനയും പതിനഞ്ചാം ധനകമീഷന്റെ പരിഗണനാ വിഷയത്തിലുണ്ട്. സംസ്ഥാനങ്ങളെ ശിക്ഷിക്കുന്ന ഈ നടപടികൾ ഗുരുതര പ്രത്യാഘാതങ്ങൾക്ക് വഴിവയ്ക്കുമെന്നാണ് വിദഗ്ധർ വിലയിരുത്തുന്നത്. സംസ്ഥാനങ്ങൾക്ക് സ്വന്തമായി നികുതി വരുമാനം കണ്ടെത്താനുള്ള സാധ്യത ജിഎസ്ടിയിലൂടെ ഇല്ലാതാക്കിയതിനു പുറമെയാണ് പുതിയ നീക്കമെന്നത് കൂടുതൽ ആപൽക്കരമാകുന്നു. ബിജെപി സർക്കാർ വന്ന ശേഷം നിയമിക്കപ്പെട്ട പതിനഞ്ചാം ധനകമീഷന്റെ ഈ നീക്കത്തിനു പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളും സംശയിക്കപ്പെടുന്നു. സാമൂഹ്യ വളർച്ചയിൽ മുന്നിലും ബിജെപിയുടെ സ്വാധീനത്തിൽ പിന്നിലും നിൽക്കുന്ന തെക്കൻ സംസ്ഥാനങ്ങളെ തകർക്കുന്ന നടപടിയാണ് ഇതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. തെക്കും വടക്കും ഇന്ത്യക്കാർ തമ്മിൽ വലിയ ഭിന്നതയ്ക്കും ഇത് ഇടവരുത്താം. ബ്രിട്ടനും സ്കോട്ലൻഡും തമ്മിലും സ്പെയിനും കത്തലൂണിയയും തമ്മിലും രൂപപ്പെട്ട വിഘടനവാദത്തോളമെത്തിയ പ്രശ്നങ്ങൾ പോലെ ധനകമീഷന്റെ നടപടി ഇന്ത്യയെയും അപകടത്തിലാക്കിയേക്കാം എന്നുപോലും വിദഗ്ധർ പറയുന്നു. ■



### പട്ടികജാതി-വർഗ അതിക്രമം തടയൽ

# നിയമം ദുർബലപ്പെടുത്തൽ സാമൂഹ്യനീതിയുടെ കശാപ്പ്

**ജി മമത**

**നമ്മുടെ 11 സഹോദരങ്ങളുടെ ജീവത്യാഗം സർക്കാറിന് ഉറക്കം തൂങ്ങലിൽ നിന്ന് ഉണരാനായി ആവശ്യമായി വന്നു. നമ്മളടങ്ങുന്ന ആയിരങ്ങൾ റോഡിലിറങ്ങി നടത്തിയ പ്രതിഷേധമാണ് ഗത്യന്തരമില്ലാതെ കേന്ദ്രസർക്കാറിനെ വിധി റദ്ദാക്കണമെന്നാവശ്യപ്പെട്ട് കോടതിയെ സമീപിക്കാൻ നിർബന്ധിതനാക്കിയത്. ഈ പ്രക്ഷോഭം ഒരിക്കൽ കൂടി സംഘശക്തിയുടെ ബലം കാണിച്ചുതന്നു.**

ഏപ്രിൽ രണ്ടിന് നമ്മുടെ 11 സഹോദരങ്ങളാണ് കൊല്ലപ്പെട്ടത്. പ്രക്ഷോഭത്തിൽ പങ്കെടുക്കാൻ ചില സ്ഥാപിത താൽപര്യക്കാർ അവരെ വഴിതെറ്റിക്കുകയായിരുന്നു. അന്തസിനും സമത്വത്തിനും വേണ്ടിയാണ് അവർ ജീവൻ വെടിഞ്ഞത്. മാന്യവും സമവും നിറഞ്ഞ ജീവിതം ആരും ആഗ്രഹിക്കുന്നത് സ്വഭാവികമാണ്. അത്തരം ആഗ്രഹങ്ങൾക്കെതിരെയുള്ള പ്രതിഷേധങ്ങളെ അടിച്ചമർത്തുന്നതും സ്വഭാവികമാണ്. അത്തരം അടിച്ചമർത്തലുകൾക്ക് നേരെ നടക്കുന്ന പ്രതിഷേധങ്ങളിൽ പങ്കെടുക്കുന്നതും മനുഷ്യസഹജമാണ്. ഈ സ്വഭാവികപ്രതികരണം മാത്രമാണ് പ്രതിഷേധക്കാരെ പ്രചോദിപ്പിച്ചത്. അല്ലാതെ ഒരു തരത്തിലുള്ള സ്ഥാപിത താൽപര്യങ്ങളുമല്ല. ദൗർഭാഗ്യവശാൽ (അല്ലെങ്കിൽ വിവേകശൂന്യമായി) ചില ശ്രേഷ്ഠ ആത്മാക്കൾ അന്ധരാണ് അല്ലെങ്കിൽ ഈ സ്വഭാവിക വികാരങ്ങളേ മനസിലാക്കാൻ കഴിയുന്നില്ല.

പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമത്തെ ചില നിരപരാധികളെ ഭയപ്പെടുന്നു. നിരപരാധികളാ

2014 ൽ ബിജെപി അധികാരത്തിലേറിയ ശേഷം ദളിതർക്ക് നേരെ നടക്കുന്ന ആക്രമണങ്ങൾ ക്രമാതീതമായി വർധിച്ചു. ഉനയും സഹറാൻപൂരും തുടങ്ങി നിരവധി ഉദാഹരണങ്ങൾ. ഇതെല്ലാം മറന്നേക്കൂ. ഗ്വാളിയോറിൽ ബിജെപി പ്രവർത്തകൻ ദളിത് പ്രക്ഷോഭകർക്ക് നേരെ വെടിയുതിർക്കുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്ത് വന്നതിന്റെ വാർത്തകൾ വന്നിട്ടുണ്ട്. ദളിതുകളെ കൊല്ലുന്നതിൽ നിന്ന് മാത്രം സംതൃപ്തി ലഭിക്കാത്തതിനാൽ ലോകം ആദരിക്കുന്ന ബാബസാഹേബ് അംബേദ്കറുടെ പ്രതിമയുടെ തല കൊയ്യുന്നു. ഏപ്രിൽ രണ്ടിലെ പ്രക്ഷോഭത്തിന് ശേഷം രാജസ്ഥാനിലെ കരൗളി ജില്ലയിൽ ദളിതരുടെ തിരിച്ചറിയൽ രേഖ പരിശോധിച്ച് ദളിതരാണെന്ന് ഉറപ്പിച്ച ശേഷം അവരെ മേൽജാതിക്കാർ ക്രൂരമായി മർദ്ദിക്കുന്നു. അവരുടെ വീടുകൾ തകർക്കുന്നു. ഇത്തരം പ്രവൃത്തികൾ നടത്തുന്നവരാണ് പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമത്തെ ഭയപ്പെടുന്നത്. അതുകൊണ്ട് തന്നെ അംബേദ്കറിന്റെയും പെരിയാറിന്റെയും പോലുള്ള ദളിത് സമൂഹത്തിന്റെ ഉന്നമനത്തിനായി നിലകൊണ്ട എല്ലാവരുടെയും പ്രതിമകൾ തകർക്കുന്നു.

സ്വന്തം ഉടമസ്ഥതയിലുള്ള കുതിരയിൽ സവാരി നടത്താൻ അനുവദിക്കാത്ത ഒരു സമൂഹമുള്ള രാജ്യത്ത് എങ്ങനെയാണ് സമത്വം ഉണ്ടെന്ന് നിങ്ങൾ പറയുക. ഹൈദരബാദ് പോലുള്ള ഉന്നത സർവകലാശാലയിൽ പഠനം നടത്താനോ, നമ്മുടെ ഇഷ്ട ഭക്ഷണം കഴിക്കാനോ ഇഷ്ട വസ്ത്രം ധരിക്കാനോ ഇഷ്ടമുള്ളയാളെ വിവാഹം കഴിക്കാനോ അനുവദിക്കാത്ത രാജ്യത്ത് എങ്ങനെയാണ് സമത്വം ഉണ്ടെന്ന് നിങ്ങൾ പറയുക. ഒരുപാട് വർഷങ്ങൾ മുന്നോട്ട് പോയിരിക്കുന്നു. ഭരണാധികാരികൾ മാറിയിരിക്കുന്നു. എന്നാൽ ചില കാര്യങ്ങൾ ഇപ്പോഴും പഴയപോലെ നിലനിൽക്കുന്നു. ഇന്നലെ ശംഭുകനായിരുന്നെങ്കിൽ ഇന്ന് രോഹിത് വെമുല. ഇന്നലെ ഏകലവ്യനായിരുന്നെങ്കിൽ ഇന്ന് പ്രദീപ്. ശംഭുകന്റെയും ഏകലവ്യന്റെയും മരണത്തിന് ഉത്തരവാദികളായവർ അന്നും ഇന്നും ശിക്ഷിക്കപ്പെടാതെ ജീവിക്കുന്നു. ഭരണഘടനാ പ്രകാരം സത്യപ്രതിജ്ഞ ചെയ്യുന്ന ജഡ്ജിമാരുണ്ട് പക്ഷേ സംവരണം രാജ്യം നശിപ്പിച്ചതായി അവർ തന്നെ പ്രഖ്യാപിക്കുന്നു.

വലിയ വിഭാഗം മേൽജാതിക്കാർ അവരുടെ സർക്കാരാണ് അധികാരത്തിലുള്ളതെന്ന് ഉറച്ച് വിശ്വസിക്കുന്നു. എന്ത് പ്രശ്നമുണ്ടായാലും സർക്കാർ അവർക്കെതിരെ തിരിയില്ലെന്നും അവരെ സംരക്ഷിക്കുമെന്നും അവർക്ക് ഉത്തമബോധ്യമുണ്ട്.

എന്നാൽ കാലം മാറിയിരിക്കുന്നു. ഇന്നലെ നടന്ന പ്രതിഷേധങ്ങൾക്ക് സമാനമായ പ്രതിഷേധങ്ങളല്ല ഇന്ന് നടക്കുന്നത്. ഇന്ന് കൂടുതൽ രോഷം ദൃശ്യമാണ്. സഹിച്ചത് മതി എന്ന വികാരം വളരുന്നു. ഒട്ടനേകം യുവാക്കൾ തങ്ങൾ അനുഭവിക്കുന്ന അനീതികൾ തിരിച്ചറിയുന്നു. ചോ

യ ഈ ഉയർന്ന ജാതിക്കാർ ഭയം മൂലം സ്വന്തം ഉടമസ്ഥതയിലുള്ള കുതിരയെ ഓടിക്കുന്ന ഗുജറാത്തിലെ ഭാവ്നഗറിലെ 21 കാരനായ യുവാവിനെ മൂർച്ചയേറിയ ആയുധങ്ങൾ ഉപയോഗിച്ച് കൊലപ്പെടുത്തുന്നു. ഈ കേസ് ് പഠിച്ച്കൊണ്ടിരിക്കുന്ന പൊലീസ് സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച ശേഷം മൂന്നുപേരെ തിരിച്ചറിയുന്നു. അവർ മാത്രമാണ് തിരിച്ചറിയപ്പെട്ടവരെന്ന് അടയാളപ്പെടുത്തുന്നു. പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തുന്ന സുപ്രീംകോടതി ഉത്തരവ് പ്രകാരം അത്തരം സന്ദർഭങ്ങളിൽ എന്ത് സംഭവിക്കുമെന്ന് ആ ശ്രേഷ്ഠആത്മാക്കൾക്ക് മാത്രമേ അറിയൂ.

നിരപരാധികളായ ജനങ്ങളെ സംരക്ഷിക്കുന്ന പൊലീസ് പ്രതിഷേധം നടത്തിയ ദളിതുകളോട് എടുത്ത നടപടിയെയും താരതമ്യം ചെയ്യാം. വഴി തെറ്റി മരണപ്പെട്ട 11 യുവാക്കളെ മറന്നേക്കുക. ഉത്തർപ്രദേശിലെ ഗാസിയബാദിൽ പ്രതിഷേധം നടന്നതിന്റെ പിറ്റേന്ന് സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച പൊലീസ് 5,000 തിരിച്ചറിയാൻ പറ്റാത്തവരുടെ പേരിലും 285 തിരിച്ചറിഞ്ഞവരുടെ പേരിലും ഐപിസിയുടെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. 32 പേരെ അറസ്റ്റുചെയ്യുകയും ബാക്കിയുള്ളവർക്കായി വൻ രീതിയിൽ പരിശോധനകൾ നടക്കുകയും ചെയ്യുന്നു. പ്രക്ഷോഭത്തിന് ശേഷം ആരൊക്കെയാണോ മരിക്കാതെ ബാക്കിയായത് അവരെ തിരിച്ചറിയുകയും റെയ്ഡ് നടത്തി അറസ്റ്റ് ചെയ്യുകയും ചെയ്യുന്നു. ഇതാണ് എല്ലാ മുക്കിലും മൂലയിലും നീണ്ടെത്തുന്ന നിഷ്പക്ഷമായ നിയമത്തിന്റെ കൈകൾ. ഇതിൽ നിന്ന് പുറത്ത് വരുന്ന സന്ദേശം വ്യക്തമാണ്. ചുരുക്കിപറഞ്ഞാൽ നിങ്ങൾക്ക് ശബ്ദമുയർത്താനേ പ്രതിഷേധിക്കാനോ ഉള്ള അവകാശമില്ല.

കേന്ദ്ര ആഭ്യന്തരസഹമന്ത്രി ഹൻസ്രാജ് പറഞ്ഞ കണക്ക് പ്രകാരം പട്ടികജാതി-വർഗങ്ങൾക്കെതിരെ നടന്ന ആക്രമങ്ങളിൽ 47,338 കേസുകളാണ് 2016 ൽ രാജ്യത്താകെ രജിസ്റ്റർ ചെയ്തത്. എന്നാൽ ഇവയെല്ലാം പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളല്ല. ഇവയിൽ അപൂർവമായ കേസുകൾ മാത്രമാണ് ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്തത്. ഇത്തരം കേസുകളിൽ നടന്ന അന്വേഷണങ്ങളിൽ നിന്ന് കുറ്റകൃത്യ നിരക്ക് 25.8 ആയി ഉയർന്നതായി കണ്ടെത്തി.

ബത്തനി, ടോള, ലക്സ്മാൻപൂർ ബാതേ, കരംചേദ് തുടങ്ങി അനേകം സ്ഥലങ്ങളിൽ നടന്നതെന്താണെന്ന് ഓർക്കുക. ദളിതരെ കൊല്ലപ്പെടുത്തുന്നു, ബലാത്സംഗം ചെയ്യുന്നു, മർദ്ദിക്കുന്നു, അടിച്ചമർത്തുന്നു. എന്നാൽ ഇത്ര സുന്ദരമായ സൂക്ഷ്മമായ കണ്ണുകളുള്ള നിയമം ദളിതുകളെ ഇങ്ങനെ സേവിക്കുന്ന ഒരാളെ പോലും ശിക്ഷിക്കില്ല.



**പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തുന്നതോടെ അത് കൂടുതൽ പേരെ ദളിതർക്ക് നേരെ ആക്രമം അഴിച്ച് വിടാൻ പ്രോത്സാഹിപ്പിക്കും. പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തലോടെ സമത്വമെന്നത് ദളിതുകൾക്ക് ഒരു മരീചിക മാത്രമായി മാറും. കുറച്ച് നിരപരാധികളെ സംരക്ഷിക്കുന്നതിനായി 20 കോടി ദളിതർക്ക് ഭരണഘടന ഉറപ്പുനൽകുന്ന സംരക്ഷണം ഇല്ലാതാക്കുകയാണ്.**

ദ്യംചെയ്യാൻ മുന്നോട്ട്വരുന്നു. തങ്ങളുടെ മേൽക്കോയ്മയെ വെല്ലുവിളിക്കുന്ന ചോദ്യംചെയ്യുന്ന ദളിതുകളുടെ അവകാശപ്രഖ്യാപനങ്ങളെ അതുകൊണ്ട് തന്നെ മേൽജാതിക്കാർ ഇല്ലാതാക്കാൻ ശ്രമിക്കുന്നു.

ദളിതർക്ക് ഭരണഘടന നൽകുന്ന സംരക്ഷണം ദുർബലപ്പെടുത്തുമ്പോഴും അവർക്ക് നേരെ ആക്രമം അഴിച്ചുവിടുമ്പോഴും ചില ശ്രേഷ്ഠ മനസുകൾ പറയുന്നത് അവർ ദളിതുകളെ ഉയർന്ന തലങ്ങളിലേക്ക് കൊണ്ട്വരാൻ ശ്രമിക്കുകയാണെന്നാണ്. എന്നാൽ അത്തരം ഉയർന്ന സ്ഥാനങ്ങളോ തങ്ങളെ ദൈവങ്ങളെ പോലെ കാണണമെന്നോ ദളിതർ ആഗ്രഹിക്കുന്നില്ല. മറിച്ച് ദളിതർക്ക് തുല്യതയാണ് വേണ്ടത് എന്ന് ഈ ശ്രേഷ്ഠർ തിരിച്ചറിയുന്നുമില്ല. സമത്വത്തിന് വേണ്ടി നമ്മോട് തോളോട്തോൾ ചേർന്ന് പ്രക്ഷോഭത്തിൽ അണിചേർന്ന ആ 11 യുവാക്കൾ ഇന്ന് ജീവനോടെ ഇല്ലാതിരിക്കാനുള്ള കാരണം ഇതാണ്. പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തുന്നതോടെ അത് കൂടുതൽ പേരെ ദളിതർക്ക് നേരെ ആക്രമം അഴിച്ച് വിടാൻ പ്രോത്സാഹിപ്പിക്കും. പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തലോടെ സമത്വമെന്നത് ദളിതുകൾക്ക് ഒരു മരീചിക മാത്രമായി മാറും. കുറച്ച് നിരപരാധികളെ സംരക്ഷിക്കുന്നതിനായി 20 കോടി ദളിതർക്ക് ഭരണഘടന ഉറപ്പുനൽകുന്ന സംരക്ഷണം ഇല്ലാതാക്കുകയാണ്.

ദളിത് അവകാശങ്ങൾക്ക് മേലുള്ള എല്ലാ കടന്നുകയറ്റങ്ങളും ആർഎസ്സ്എസിന്റെയും പരിവാറിന്റെയും ചെവികൾക്ക് സംഗീതം പോലെയാണ്. അത്തരം കടന്നുകയറ്റങ്ങളെ അവർ പ്രോത്സാഹിപ്പിക്കുന്നു. മനുസ്മൃതിക്ക് നേരെ നടക്കുന്ന ആക്രമങ്ങളെ പ്രതിരോധിക്കുന്ന ആർഎസ്എസിന്റെ അടിസ്ഥാന ശാസ്ത്രം വർണമാണ്. അധികാരത്തിലിരിക്കുന്ന കഴിഞ്ഞ നാലുവർഷമായി സമൂഹത്തിലെ ഭിന്നിപ്പ് വർധിപ്പിക്കാൻ അവർ ആത്മാർഥമായി പ്രയത്നിക്കുകയാണ്. ജാതി-മത വിഭജനം വർധിപ്പിച്ച് കഴിഞ്ഞു. ബജറ്റ് വിഹിതം വെട്ടികുറക്കുന്നു, പൊതുമേഖല സ്ഥാപനങ്ങളൊട്ടാകെ സ്വകാര്യവൽകരിക്കുന്നു, സമൂഹത്തിന്റെ അടിത്തട്ടിൽ നിൽക്കുന്ന ദളിത് വിഭാഗങ്ങളെയും മറ്റ് ദുർബല വിഭാഗങ്ങളെയും സംരക്ഷിക്കുന്നതിനുള്ള എല്ലാ നിയമങ്ങളെല്ലാം ദുർബലപ്പെടുത്തുകയും അട്ടിമറിക്കുകയും ചെയ്യുന്നു എന്ന് തുടങ്ങി അവർക്ക് ചെയ്യാനാവുന്നതെല്ലാം അവർ ചെയ്യുന്നു.

ഈയൊരു പശ്ചാത്തലത്തിലാണ് പട്ടികജാതി-വർഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തിയ കോടതി വിധിയിൽ അവർ ദീർഘമായ മൗനം പാലിച്ചത്. അവരുടെ അജണ്ട നടപ്പാക്കാൻ കോടതി വിധി ഉപയോഗപ്പെടുത്താമെന്ന് അവർ ആഗ്രഹിച്ചു. അതുകൊണ്ടാണ് ദളിത് സംഘടനകൾ നടത്തിയ പ്രക്ഷോഭങ്ങൾക്ക് ശേഷം മാത്രം വിധി റദ്ദാക്കണമെന്നാവശ്യപ്പെട്ട് കോടതിയെ സമീപിച്ചത്.

നമ്മുടെ 11 സഹോദരങ്ങളുടെ ജീവത്യാഗം സർക്കാറിന് ഉറക്കംതൂങ്ങലിൽ നിന്ന് ഉണരാനായി ആവശ്യമായി വന്നു. നമ്മളടങ്ങുന്ന ആയിരങ്ങൾ റോഡിലിറങ്ങി നടത്തിയ പ്രതിഷേധമാണ് ഗത്യന്തരമില്ലാതെ കേന്ദ്രസർക്കാറിനെ വിധി റദ്ദാക്കണമെന്നാവശ്യപ്പെട്ട് കോടതിയെ സമീപിക്കാൻ നിർബന്ധിതനാക്കിയത്. ഈ പ്രക്ഷോഭം ഒരിക്കൽ കൂടി സംഘശക്തിയുടെ ബലം കാണിച്ചതന്നു. നമ്മുടെ നേരെ നടക്കുന്ന ആക്രമങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ഐക്യം സംരക്ഷിക്കാനും ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തണം. നമ്മുടെ ഐക്യം, സംഘാടനം, പ്രവർത്തനം എന്നിവയാണ് ബാബസാഹേബിനും എപ്പോഴും ആവശ്യമായിരുന്നത്. എല്ലാ ആക്രമണങ്ങളുടെ പശ്ചാത്തലത്തിലും ഇതാണ് ഐക്യപ്പെടാനും സംഘടിക്കാനും പ്രവർത്തിച്ച് മുന്നേറാനുമുള്ള സമയം. അങ്ങനെ മാത്രമേ മാന്യമായ ജീവിതത്തിലേക്കും സമത്വമുള്ള സമൂഹത്തിലേക്കും നമുക്ക് എത്തിപ്പെടാൻ സാധിക്കുകയുള്ളൂ. അതിലൂടെ മാത്രമേ നമുക്ക് വേണ്ടി ജീവൻ ബലി അർപ്പിച്ച 11 പേർക്ക് അർഹമായ ശ്രദ്ധാഞ്ജലി നൽകാൻ സാധിക്കുകയുള്ളൂ. ■

# തൊഴിൽ അരക്ഷിതമാവുമ്പോൾ

**ഡോ. കെ.പി. കണ്ണൻ**




ഏപ്രിൽ രണ്ടിന് കേരളത്തിൽ ബിഎംഎസ് ഒഴിച്ചുള്ള എല്ലാ തൊഴിലാളി സംഘടനകളും ഒന്നിച്ചു നടത്തിയ പൊതുപണിമുടക്കിന് വഴിവച്ചത് മാർച്ച് 16-ന് കേന്ദ്ര ഗവൺമെന്റ് ഇറക്കിയ ഒരു ഗസറ്റ് പ്രഖ്യാപനമാണ്. അതനുസരിച്ച് വ്യവസായ മേഖലയിലെ എല്ലാത്തരം സ്ഥാപനങ്ങൾക്കും കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള കരാർ തൊഴിലിന് നിയമസാധുതയുണ്ടാവും. ഇതിനായി 1946 -ലെ വ്യാവസായിക തൊഴിൽ (സ്റ്റാൻഡിങ് ഓർഡർ) നിയമത്തിൽ ഭേദഗതി വരുത്തിയിരിക്കുന്നു. ഈ നിയമപ്രകാരം ആറുതരം തൊഴിലാളികളെയാണ് വ്യവസായ മേഖലയിൽ ഇതുവരെ അനുവദിച്ചിരുന്നു. 1. സ്ഥിരം തൊഴിൽ, 2) താൽക്കാലിക തൊഴിൽ 3) കാഷ്വൽ തൊഴിൽ, 4) പകരക്കാരായി തൊഴിൽ ചെയ്യുന്നവർ 5) പരിശീലന തൊഴിലാളി (അപ്രന്റീസ്), 6) സ്ഥിര സാധ്യതാ തൊഴിലാളി (പ്രൊബേഷണറി). ഇപ്പോൾ വരുത്തിയ ഭേദഗതിയിലൂടെ 'നിശ്ചിതകാല തൊഴിലാളി' എന്നൊരു പുതിയ വിഭാഗത്തെ സൃഷ്ടിച്ചിരിക്കുന്നു.

**നിശ്ചിതകാല തൊഴിൽ നിയമം**

ഈ നിശ്ചിതകാല തൊഴിൽ നിയമവിധേയമാക്കിയതിന് എതിരായിട്ടാണ് ഏപ്രിൽ രണ്ടിലെ പ്രതിഷേധം. എന്തുകൊണ്ടാണ് ഇന്ത്യക്ക് മുഴുവൻ ബാധകമായ ഈ നിയമഭേദഗതി പാർലമെന്റിനെ മറികടന്ന് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുമ്പോൾ ദേശവ്യാപകമായി പ്രതിഷേധം ഉയരാത്തത് എന്ന് സ്വാഭാവികമായും സംശയമുണ്ടാകും. ഒരുപക്ഷേ, ദേശീയതലത്തിൽ വരാൻ പോകുന്ന പ്രതിഷേധത്തിന്റെ മുന്നറിയിപ്പായിരിക്കാം കേരളം തരുന്നത്.

ഈ ഭേദഗതി കാരണം ദൂരവ്യാപകമായ ഭവിഷ്യത്ത് ഉണ്ടാകുമെന്നതിൽ സംശയം വേണ്ട. ഒന്നാമതായി രണ്ടു കാര്യങ്ങൾ മാത്രം ചെയ്താൽ വ്യവസായ സ്ഥാപനങ്ങൾക്ക് ഈ നിയമത്തിലൂടെ ഇനി ആരേയും നിശ്ചിത കാലാവധി തൊഴിലാളിയായി നിയമിക്കാം. എഴുതിക്കൊടുക്കുന്ന നിയമനവും സ്ഥിരം തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള വേതനവും വേതനേതര ആനുകൂല്യങ്ങളും നൽകണമെന്നു മാത്രം. അത് കാലാവധിയുടെ തോതനുസരിച്ച് കൊടുത്താൽ മതി. രണ്ടാമതായി, ഇപ്ര

കാരം നൽകുന്ന തൊഴിലിന് യാതൊരു പരിധിയും വെച്ചിട്ടില്ല. അതായത്, ഇനി വരുന്ന തൊഴിലവസരങ്ങളുടെ നൂറുശതമാനവും ഇങ്ങനെയാക്കിയാൽ അത് നിയമവിരുദ്ധമാകില്ല എന്നർഥം. മൂന്നാമതായി, തൊഴിലിൽ നിശ്ചയിക്കുന്ന കാലാവധിക്ക് പരിധിയില്ല. അത് ഒരുദിവസം മുതൽ അനേക വർഷങ്ങൾ വരെ (പിരിഞ്ഞുപോകുന്ന വയസുവരെ) ആകാം. നാലാമതായി നിശ്ചിതസമയം കഴിയുമ്പോൾ പിരിച്ചുവിടേണ്ടതായ നോട്ടീസോ, വേറെ എന്തെങ്കിലും ആനുകൂല്യമോ നൽകേണ്ടതില്ല.

ഈ ഭേദഗതിയെ വ്യവസായ മേഖലയിലെ വമ്പന്മാരും അല്ലാത്തവരുമായ തൊഴിലുടമകൾ സ്വാഗതം ചെയ്യുന്നുണ്ട്. അതിനായി അവർ വളരെക്കാലം മുറവിളി കൂട്ടുകയും ചെയ്തിരുന്നു. വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് 2003-ൽ ഇത് തുടങ്ങിവയ്ക്കുകയും ചെയ്തു. എന്നാൽ, പിന്നീട് വന്ന യുപിഎ ഗവൺമെന്റ് ഇത് എടുത്തുകളയാൻ നിർബന്ധിതരായി. 2014-ൽ തിരിച്ചുവന്ന ബിജെപി ഗവൺമെന്റ് നേരത്തേ തുടങ്ങിവെച്ച പല പരിഷ്കാരങ്ങളും പൊടിതട്ടി വീണ്ടും നടപ്പാക്കുന്ന കാഴ്ചയാണ് കാണുന്നത്. 2016 ഒക്ടോബറിൽ ഇങ്ങനെയൊരു ഭേദഗതി വസ്ത്രനിർമാണ മേഖലയ്ക്ക് മാത്രമായി നടപ്പിലാക്കിക്കൊണ്ട് വിജ്ഞാപനം വന്നിട്ടുണ്ട്. ആ മേഖലയിലെ വ്യവസായികൾ അതിനെ സ്വാഗതം ചെയ്തിട്ടുണ്ട്. ഇങ്ങനെ ചെയ്തതിന്റെ ഒരു പ്രധാന കാരണമായി പറഞ്ഞത് വസ്ത്രനിർമാണം പോലുള്ള മേഖലയിൽ ഓർഡർ അനുസരിച്ച് ഉൽപാദനപ്രക്രിയയിൽ കൂടുതലും കുറവും അനുഭവപ്പെടുന്നു. കിട്ടിയ ഓർഡറുകൾക്ക് അനുസരിച്ച് ഉൽപ്പാദനം നടത്താൻ ചില മാസങ്ങളിൽ കൂടുതൽ തൊഴിലാളികളെ വേണം. മറ്റു ചിലപ്പോൾ അത്രയും തൊഴിലാളികളുടെ ആവശ്യം ഉണ്ടാകാറില്ല. ഈ വാദം അംഗീകരിക്കുകയാണെങ്കിൽ സീസണൽ തൊഴിലുള്ളതും അല്ലാത്തതുമായ വ്യവസായങ്ങളെ വേർതിരിക്കണം. അത് ഗവൺമെന്റ് ചെയ്തിട്ടില്ല. നിശ്ചിതകാല തൊഴിൽ എന്ന പുതിയ വിഭാഗം എല്ലാ വ്യവസായങ്ങൾക്കും ബാധകമാക്കിയതിലൂടെ ഈ വാദം പൊളിയുകയാണ്.

തൊഴിലാളികളുടെ ഭാഗത്തുനിന്ന് നോക്കിയാൽ നിശ്ചിതകാല തൊഴിൽ സമ്പ്രദായം അവർക്ക് നൽകുന്നത് സുരക്ഷയായിരിക്കില്ല. പകരം ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠയും അരക്ഷിതാവസ്ഥയുമാണ്. അതുകൊണ്ടുതന്നെ വ്യവസായ ഉടമകൾക്ക് തൊഴിലാളികളുടെ മേൽ വ്യക്തിഗത നിയന്ത്രണവും അധികാരശക്തിയും ഉണ്ടാവും എന്നത് സ്വാഭാവികം. കാലാവധി കഴിയുമ്പോൾ പുതിയ തൊഴിലവസരങ്ങൾ വന്നാലും അത് ആർക്കു നൽകണമെന്നത് തൊഴിലുടമയുടെ മാത്രം തീരുമാനമായിരിക്കും.

ഈ ഭേദഗതി മൂലം നിലനിൽപ്പുതന്നെ അപകടത്തിലാകുമോയെന്ന് തൊഴിലാളി സംഘടനകൾക്ക് ഭയമുണ്ട്. കാരണം നിശ്ചിതകാല തൊഴിലാളികൾക്ക് തൊഴിലാളി സംഘടനകളിൽ ചേരാനുള്ള എന്ത് പ്രചോദനമാണുള്ളത്? ഈ ഭവിഷ്യത്ത് തൊഴിലാളി സംഘടനകളുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുമെന്നാണ് അനുമാനിക്കേണ്ടത്. വ്യവസായ മേഖലയിലെ ഒരു ഉപമേഖലയ്ക്ക് മാത്രമായി കൊണ്ടുവന്ന ഈ ഭേദഗതി എല്ലാ വ്യവസായങ്ങൾക്കുമായി വ്യാപിപ്പിക്കാൻ സാധിച്ചുവെങ്കിൽ ഭാവിയിൽ ഈ സമ്പ്രദായം വ്യവസായേതര സ്ഥാപനങ്ങളിലേക്കു കൂടി വ്യാപിപ്പിക്കാനും സാധ്യതയുണ്ട്.

82 ശതമാനത്തോളം തൊഴിലും അസംഘടിതമേഖലയിൽ തുടരുന്ന ഇന്ത്യയിൽ തൊഴിലാളികളുടെ തൊഴിൽ-ജീവിത സൗകര്യങ്ങളെ വികസിപ്പിക്കുന്നതിനു പകരം വളരെ ചെറിയ ഒരു ഭാഗമായി സംഘടിത മേഖലയിലെ തൊഴിലുകളെക്കൂടി അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ടുതന്നെ സംഘടിത മേഖലയിൽ ഇപ്പോൾത്തന്നെ പകുതിയിൽ കൂടുതൽ തൊഴിലുകൾക്ക് അസംഘടിത അല്ലെങ്കിൽ അനൗപചാരിക സ്വഭാവമാണുള്ളത്. തൊഴിൽ സുരക്ഷയോ സാമൂഹിക സുരക്ഷയോ ഇല്ലാത്ത തൊഴിൽ വ്യവസ്ഥ എന്നർഥം.

ഇന്ത്യയിലെ തൊഴിലാളിസംഘടനകൾ സംഘടിത മേഖലയിൽ നിന്ന് ഉയർന്നുവന്നവരാണ്. അതുകൊണ്ടുതന്നെ ആ രംഗത്തുള്ള തൊഴിൽവ്യവസ്ഥയും സുരക്ഷിതത്വവുമായിരുന്നു അവരുടെ പ്രധാന അജണ്ട. കേരളത്തിൽ മാത്രമാണ് അസംഘടിത തൊഴിലാളികൾ ഏതെങ്കിലുമൊരു തൊഴിലാളി സംഘടനയുടെ കുടക്കീഴിൽ വന്നിട്ടുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ വളരെ ചെറിയൊരു ശതമാനം മാത്രമാണ് തൊഴിലാളി സംഘടനയുടെ ഭാഗമായുള്ളവർ.

ചൂണ്ടിക്കാണിക്കാൻ പറ്റുന്ന തരത്തിലുള്ള ഒരു സ്ഥിരതൊഴിലുടമയോ പലപ്പോഴും ഒരു സ്ഥിര തൊഴിൽമേഖലയോ പോലും ഇല്ലാത്തവരാണ് അസംഘടിത മേഖലയിലെ തൊഴിലാളികൾ. കുറഞ്ഞ പക്ഷം, മാന്യമായ മിനിമം വേതനവും തൊഴിൽ സാഹചര്യവും സാമൂഹിക സുരക്ഷയും, ആരോഗ്യം, മക്കൾക്കുള്ള വിദ്യാഭ്യാസ സൗകര്യം, താമസ സൗകര്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുമാണ് അവർക്ക് വേണ്ടത്. ഈ ആവശ്യങ്ങൾ പരിഹരിക്കുമ്പോഴാണ് പട്ടിണിക്കൂലിയും ഏതവസ്ഥയിലും തൊഴിലെടുക്കണമെന്ന ഗതികെട്ട സാഹചര്യവും ഇല്ലാതാകുന്നത്.

മൂന്നു പതിറ്റാണ്ടിലധികം അസൂയാവഹമായ സാമ്പത്തിക വളർച്ച ഉണ്ടായിട്ടും ഇന്ത്യയിലെ ദാരിദ്ര്യം അതിന്റെ എല്ലാ ഹീനമായ അർഥത്തിലും സമാനമായ രാജ്യങ്ങളേക്കാൾ വളരെ കൂടുതലാണ് എന്ന വസ്തുത ഇവിടെ വളർന്നുവരുന്ന അസമത്വത്തെ എടുത്തുകാണിക്കുന്നു. ഒറ്റക്കെട്ടായ പോരാട്ടത്തിലൂടെ മാത്രമേ ഇത്തരം തൊഴിൽ നിയമങ്ങളെ ശക്തമായി നേരിടാൻ കഴിയൂ. ■

# കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്



ടി. പി. രാമകൃഷ്ണൻ

**ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന വിഭാഗമാണ് ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളികൾക്ക് ജീവിത സുരക്ഷയൊരുക്കുക എന്ന കാഴ്ചപ്പാടോടെയാണ് 1998-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി നിയമം ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1999-ൽ കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നു.**

സംസ്ഥാനത്ത് ഏറെ ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്ന വിഭാഗമാണ് ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളികൾ. വനാന്തരങ്ങളിൽ തൊഴിലെടുക്കുന്ന ഈ വിഭാഗം തൊഴിലാളികൾ പ്രകൃതിദുരന്തങ്ങളോടും വന്യമൃഗങ്ങളോടും ഏറ്റുമുട്ടിയാണ് തങ്ങളുടെ ജീവിതം തള്ളിനീക്കുന്നത്. ഈ വിഭാഗം തൊഴിലാളികൾക്ക് ജീവിത സുരക്ഷയൊരുക്കുക എന്ന കാഴ്ചപ്പാടോടെയാണ് 1998-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി നിയമം ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ 1999-ൽ കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി പദ്ധതി നിലവിൽ വന്നു.

18-നും 55-നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികളാണ് ക്ഷേമനിധിയിൽ അംഗത്വത്തിന് അർഹതയുള്ളത്. ഈറ്റ, മുള, ചൂരൽ, തഴ എന്നീ വസ്തുക്കൾ ശേഖരിക്കുന്നവർക്കും ഈ വസ്തുക്കൾ ഉപയോഗിച്ച് സ്വയം തൊഴിൽ ചെയ്യുന്നവർക്കും ഈ മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവർക്കും പദ്ധതിയിൽ അംഗമാകാം. അംഗത്വത്തിന് നിശ്ചിത യോഗ്യതയുള്ള തൊഴിലാളികൾ വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം തൊഴിൽ പരിചയ സാക്ഷ്യപത്രം, രണ്ട് ഫോട്ടോ എന്നിവ സഹിതം ഫോറം നമ്പർ 1-ൽ അപേക്ഷ സമർപ്പിക്കണം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, എംഎൽഎ, എം. പി, ഈ മേഖലയിലെ അംഗീകൃത ട്രേഡ് യൂണിയൻ, തൊഴിൽ വകുപ്പിലെ അസി. ലേബർ ഓഫീസർ, തൊഴിൽ ചെയ്യുന്ന സ്ഥാപനത്തിന്റെ ഉടമ എന്നിവരിൽ നിന്നുള്ള തൊഴിൽ പരിചയ സാക്ഷ്യപത്രമാണ് അംഗീകരിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ ഫീസായ 10 രൂപയും അപേക്ഷയോടൊപ്പം ഒടുക്കേണ്ടതാണ്. അംഗങ്ങൾക്ക് ക്ഷേമനിധി ബോർഡിൽ നിന്നും തിരിച്ചറിയൽ കാർഡ് ലഭിക്കും.

ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള സ്വയം തൊഴിൽ ചെയ്യുന്നവരും, തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്നതുമായ തൊഴിലാളികളും പ്രതിമാസം 7/- രൂപ നിരക്കിലും, തൊഴിലുടമകൾ/ഉൽപാദകർ എന്നിവർ തൊഴിലാളി ഒന്നിന് പ്രതിമാസം 7/- രൂപ നിരക്കിലും അംശദായം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.ഇപ്രകാരം തൊഴിലാളികളുടെ അംശദായമായി ലഭിക്കുന്ന തുകയ്ക്ക് തുല്യമായ തുക സർക്കാരിൽ നിന്നും അംശാദായമായി ഈ ക്ഷേമനിധി ബോർഡിന് നൽകിവരുന്നുണ്ട്. വ്യാവസായികാവശ്യത്തിനായി ഈറ്റ, ഈറ്റപ്പൊളി, ചൂരൽ, മുള, കാട്ടുവള്ളി, തഴയില എന്നിവ അസംസ്കൃത വസ്തുക്കളെന്ന നിലയിൽ സർക്കാരിൽ നിന്നും സ്വീകരിക്കുന്ന ഓരോ വ്യക്തിയും മൊത്തം വിലയുടെ രണ്ട് ശതമാനം തുക അംശദായമായി അടയ്ക്കേണ്ടതുണ്ട്.

കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് അതിന്റെ 18-ാമത് പ്രവർത്തന വർഷത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ ക്ഷേമനിധി ബോർഡ് നിലവിൽ വന്നതിനുശേഷം നാളിതുവരെ 75000-ലധികം തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്. ഇതിൽ 3200-ലധികം തൊഴിലാളികൾ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് കീഴിൽ തൊഴിലെടുക്കുന്നവരാണ്. ഈ മേഖലയിൽ 2 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഗണ്യമായ ഒരു വിഭാഗം ആദിവാസികളാണ്. ഇവരെ പൂർണമായും ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുള്ള ശ്രമമാണ് ബോർഡ് നടത്തുന്നത്. നിലവിൽ ക്ഷേമനിധി ബോർഡിൽ നിന്നും പദ്ധതി/പദ്ധതിയിതര വിഭാഗത്തിൽ 7890 തൊഴിലാളികൾക്ക് പെൻഷൻ നൽകിവരുന്നു. 2017 ഏപ്രിൽ മുതൽ മാസം 1100/- രൂപാ നിരക്കിൽ വർ

**സർക്കാരിന്റെ പ്രത്യേക സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം ഈ ക്ഷേമനിധി ബോർഡിൽ നിന്നും അംഗത്വം നേടിയ തൊഴിലാളികൾക്ക് പ്രതിവർഷം 1000/- രൂപ നിരക്കിൽ നൽകിവരുന്നു, എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം 69837250 രൂപയാണ് ഈയിനത്തിൽ സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുള്ളത്.**

ദ്ധിപ്പിച്ച പെൻഷനാണ് തൊഴിലാളികൾക്ക് നൽകിവരുന്നത്. 2018 മാർച്ച് മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.

അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതിയിലൂടെ 14,000/- രൂപ ഒരു സ്ത്രീ തൊഴിലാളിയ്ക്ക് പ്രസവാനുകൂല്യമായി നൽകി വരുന്നു. ക്ഷേമനിധി ബോർഡ് നിലവിൽ നൽകിവരുന്ന 1000/- രൂപയ്ക്ക് പുറമെയാണ് ഈ ആനുകൂല്യം നൽകി വരുന്നത്. ഒരു തൊഴിലാളിക്ക് പരമാവധി 2 തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

സർക്കാരിന്റെ പ്രത്യേക സാമ്പത്തിക താങ്ങൽ പദ്ധതി പ്രകാരം ഈ ക്ഷേമനിധി ബോർഡിൽ നിന്നും അംഗത്വം നേടിയ തൊഴിലാളികൾക്ക് പ്രതിവർഷം 1000/- രൂപ നിരക്കിൽ നൽകിവരുന്നു, എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം 69837250 രൂപയാണ് ഈയിനത്തിൽ സർക്കാർ സഹായത്തോടെ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

ക്ഷേമനിധിയിലെ അംഗത്തിന്റെയോ, അംഗത്തിന്റെ ഒരു മകളുടെയോ വിവാഹത്തിന് 2000/-, 2500/-, 3000/ രൂപ എന്നിങ്ങനെ വിവാഹത്തീയതിയിൽ അംഗത്തിനുള്ള സീനിയോരിറ്റി അനുസരിച്ച് വിവാഹ ധനസഹായം നൽകിവരുന്നു.

ഈ ക്ഷേമനിധിയിൽ അംഗമായി ചേർന്നിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് എസ്.എസ്.എൽ.സിക്ക് 65% കുറയാത്ത ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചിട്ടുള്ള 20 കുട്ടികൾക്ക് 1000/- രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ നൽകിവരുന്നുണ്ട്.

ക്ഷേമനിധിയിൽ ഒരു വർഷമെങ്കിലും അംഗത്വമുള്ള അംഗത്തിന് സ്ഥായിയായ അവശത സംഭവിക്കുകയും തുടർന്ന് ജോലി ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്താൽ ബോർഡിന്റെ തീരുമാനപ്രകാരം പരമാവധി 10,000/- രൂപ വരെ ചികിത്സാ ധനസഹായമായി നൽകിവരുന്നുണ്ട്. ഇങ്ങനെയുള്ള അംഗങ്ങൾക്ക് തുടർന്ന് ജോലി ചെയ്യുവാൻ സാധിക്കുകയില്ല എന്നുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ബോർഡ് തീരുമാന പ്രകാരം പെൻഷനും നൽകിവരുന്നു. അംഗതൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭ്യമാണ്.

സംസ്ഥാന സർക്കാരിന്റെ പിന്തുണയോടെ ക്ഷേമനിധി ബോർഡ് നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്. കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനായി തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകളും ശിൽപശാല യും സംഘടിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ബോർഡ് മുൻകൈയെടുത്ത് നടത്തിവരികയാണ്. തൊഴിലാളികളുടെ സൗകര്യത്തിനായി ഈ ബോർഡിന് തിരുവനന്തപുരം ജില്ലയിൽ ആര്യനാട് ഒരു സബ് ഓഫീസ് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്, എല്ലാ ജില്ലകളിലും മേഖലാ ഓഫീസുകൾ തുടങ്ങി ഈറ്റ-കാട്ടുവള്ളി-തഴ മേഖലകളിൽ പണിയെടുക്കുന്ന കൂടുതൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട നിലയിൽ ക്ഷേമാശ്വാസ പ്രവർത്തനങ്ങൾ ഉറപ്പുവരുത്താൻ സാധിക്കുമെന്ന് കരുതുന്നു.

ഒട്ടേറെ വെല്ലുവിളികളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടാണ് പരമ്പരാഗത തൊഴിൽ മേഖലയായ ഈറ്റ, ചൂരൽ, തഴപ്പായ തൊഴിലാളികൾ ഇന്ന് ജോലിചെയ്തുവരുന്നത്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും പ്ലാസ്റ്റിക്കിന്റെ കടന്നുകയറ്റവും ഈ മേഖലയിൽ ഒരു വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ സ്റ്റേറ്റ് ബാംബൂ കോ-ഓർഡിനേഷൻ കമ്മിറ്റി ജോകൺവീനർ ചാണ്ടി പി. അലക്സാണ്ടർ ചെയർമാനായി ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി. പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരികയാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആകർഷകമായ വരുമാനം ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിൽ വ്യവസായ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ബാംബൂ കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെ പനമ്പ് നെയ്ത്ത് വർക്ക്ഷെഡുകൾ സ്ഥാപിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി ബോർഡ് തയ്യാറാക്കിവരികയാണ്.

അതോടൊപ്പം കട്ടിംഗ് മെഷീൻ ഉൾപ്പെടെയുള്ള ആധുനിക തൊഴിലുപകരണങ്ങൾ ലഭ്യമാക്കിയും കരകൗശല നിർമ്മാണത്തിൽ പരിശീലനം നൽകിയും ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയും തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമവും ബോർഡ് ആരംഭിച്ചിട്ടുണ്ട്. ഈറ്റ- കാട്ടുവള്ളി-തഴ തൊഴിലാളികളുടെ സാംസ്കാരികത്തനിമ നിലനിർത്തി കൊണ്ട് ഈ വിഭാഗത്തെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനും ഉയർത്തിക്കൊണ്ടുവരുന്നതിനും ക്ഷേമനിധി ബോർഡ് സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും സംസ്ഥാന സർക്കാരിന്റെയും തൊഴിൽ വകുപ്പിന്റെയും പൂർണ പിന്തുണയുണ്ടാകും. ■

### പശ്ചിമ ബംഗാളിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ്

# മമതാ ഭരണത്തിൽ ജനാധിപത്യക്കശാപ്പ്

**മുഖ്യമന്ത്രി മമതാ ബാനർജി തന്നെ ആവർത്തിച്ചു പറഞ്ഞത് അവർക്ക് വേണ്ടത് പ്രതിപക്ഷ വിമുക്ത പഞ്ചായത്തുകളാണെന്നാണ്. തെരഞ്ഞെടുപ്പ് പട്ടിക പ്രഖ്യാപനം മുതൽ നാമനിർദേശ പത്രികാസമർപ്പണ വേളയിൽ പ്രതിപക്ഷ സ്ഥാനാർത്ഥികൾക്കു നേരെ നടന്ന മാരകമായ ആക്രമണങ്ങൾ വരെ ഇക്കൊല്ലത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പുവേളയിൽ ടി എം സി യുടെ ഏകാധിപത്യപരമായ സ്വഭാവം ഏറ്റവും പച്ചക്ക് വെളിപ്പെടുകയായിരുന്നു.**

ജനാധിപത്യത്തിനും നിയമവാഴ്ചക്കും നേരെയുള്ള പച്ചയായ കടന്നാക്രമണത്തിന് പശ്ചിമ ബംഗാളിലെ ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസ്സ് തുനിഞ്ഞിറങ്ങിയതോടെ പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ വെറും പ്രഹസനമായി മാറുകയാണ്. തെരഞ്ഞെടുപ്പ് പട്ടിക പ്രഖ്യാപനം മുതൽ നാമനിർദേശ പത്രികാസമർപ്പണ വേളയിൽ പ്രതിപക്ഷ സ്ഥാനാർത്ഥികൾക്കു നേരെ നടന്ന മാരകമായ ആക്രമണങ്ങൾ വരെ ഇക്കൊല്ലത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പുവേളയിൽ ടി എം സി യുടെ ഏകാധിപത്യപരമായ സ്വഭാവം ഏറ്റവും പച്ചക്ക് വെളിപ്പെടുകയായിരുന്നു.

മുഖ്യമന്ത്രി തന്നെ ആവർത്തിച്ചു പറഞ്ഞത് അവർക്ക് വേണ്ടത് പ്രതിപക്ഷ വിമുക്ത പഞ്ചായത്തുകളാണെന്നാണ്. അവരുടെ പാർട്ടി നേതാക്കൾ, എംപിമാരടക്കം, പാർട്ടി പ്രവർത്തകരോട് ആഹ്വാനം ചെയ്തത് ഒരൊറ്റ പ്രതിപക്ഷ അംഗവും തെരഞ്ഞെടുക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കണം എന്നാണ്.

ത്രിതല പഞ്ചായത്ത് എന്നത് ഭരണഘടനാപരമായ ഒരു സംവിധാനമാണെങ്കിലും, പശ്ചിമ ബംഗാളിൽ ജനാധിപത്യപരമായ എല്ലാ മാനദണ്ഡങ്ങളും തകർത്തെറിയപ്പെടുകയാണ്. ആദ്യം മുതൽ പറയുകയാണെങ്കിൽ, തെരഞ്ഞെടുപ്പ് പ്രഖ്യാപനം തന്നെ പൊടുന്നനെയാണ് നടത്തിയത്. പ്രഖ്യാപ





**സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണെങ്കിൽ സമ്പൂർണമായും കീഴടങ്ങിയിരിക്കുകയാണ്. നടന്ന അതിക്രമങ്ങൾ ഒന്നും തന്നെ കണ്ടില്ല എന്ന മട്ടിലാണ് അത് പെരുമാറുന്നത്. ഇടതുപക്ഷ മുന്നണി പല തവണ തെരഞ്ഞെടുപ്പ് കമീഷന് നിവേദനം സമർപ്പിച്ചിട്ടും തന്റെ നിസ്സഹായത വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹം.**



നത്തിന് രണ്ടു ദിവസം മുമ്പ് നടന്ന സർവകക്ഷി യോഗത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് തിയ്യതിയെപ്പറ്റി ചർച്ച ചെയ്യാൻ വിസമ്മതിച്ചു.സംസ്ഥാന ഭരണ സംവിധാനത്തെ പരിപൂർണമായും ആശ്രയിക്കാൻ താൻ ബാദ്ധ്യസ്ഥനാണെന്ന് കുമ്പസരിക്കുക കൂടി ചെയ്തു.മാർച്ച് 31ന് തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് പട്ടിക പ്രഖ്യാപിച്ചു.മെയ് 1,3, 5 തിയ്യതികളിലായി മൂന്നു ഘട്ടമായാണ് തെരഞ്ഞെടുപ്പ് നടക്കുക. ഏപ്രിൽ 2 ന് നാമനിർദേശ പത്രികാസമർപ്പണം ആരംഭിച്ചു. അത് ഏപ്രിൽ 9 വരെ തുടരും. തെരഞ്ഞെടുപ്പിന് തയാറെടുക്കാൻ പ്രതിപക്ഷ കക്ഷികൾക്ക് ഒട്ടും നേരം കൊടുക്കാതെയാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്.ആകെ പഞ്ചായത്ത് സീറ്റുകൾ 58,692 ആണ്. ഇത്രക്കേറെ സീറ്റുകളിൽ നോമിനേഷൻ സമർപ്പിക്കാൻ ആകെ നൽകിയത് 7 ദിവസം. മൂന്നു ഘട്ടമായാണ് തെരഞ്ഞെടുപ്പെങ്കിലും നാമനിർദേശത്തിന്നുള്ള അവസാന തിയതി എല്ലായിടത്തും ഒന്നു തന്നെ.ഈ സമയ പട്ടികയാകട്ടെ നടന്നു കൊണ്ടിരിക്കുന്ന ഹയർ സെക്കന്ററി പരീക്ഷയുമായി കൂട്ടിമുട്ടുന്നതാണുതാനും. ഈ ഘട്ടത്തിൽ മൈക്കുപയോഗം പാടില്ലാത്തതു കൊണ്ട് അത് തെരഞ്ഞെടുപ്പ് പ്രചാരണത്തെത്തന്നെ ബാധിക്കും.

ഈ സമയപ്പട്ടിക ഭരണകക്ഷിയുടെ വൃത്തികെട്ട പദ്ധതികൾ പുറത്തു കൊണ്ടുവരുന്നുണ്ട്.

12 ജില്ലകളിൽ ആദ്യ ദിവസം തന്നെ തെരഞ്ഞെടുപ്പ് നടക്കും. രണ്ടാം ഘട്ടത്തിൽ രണ്ടിടത്ത് മാത്രം: ബിർ ഭൂമി ല്ല മുർഷിദാബാദിലും. ഈ രണ്ടെണ്ണം പ്രത്യേകമായി തെരഞ്ഞെടുത്തത് അക്രമം കെട്ടഴിച്ചുവിടാൻ മാത്രമാണ്.

ഏപ്രിൽ 2 ന് നാമനിർദേശ പത്രിക സമർപ്പണ പ്രക്രിയ ആരംഭിച്ചതോടെ ടി എം സി യുടെ ആയുധധാരികളായ ഗുണ്ടകൾ ബി ഡി ഓ ഓഫീസുകളും സബ് ഡിവിഷണൽ ഓഫീസുകളും ചില ജില്ലകളിൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് ഓഫീസടക്കവും വളഞ്ഞു. പദ്ധതി ലളിതം.ഭരണകക്ഷി പ്രതിപക്ഷ കക്ഷികളെ നാമനിർദേശ പത്രിക സമർപ്പിക്കാൻ അനുവദിക്കില്ല. ഇതൊരു പുതിയ രീതിയാണ്.2013 ൽ ബിർ ഭൂമിലും മറ്റു ചില ജില്ലകളിലും ഭാഗികമായി നടപ്പാക്കിയ പദ്ധതിയാണിത്. ഇക്കൊല്ലം സംസ്ഥാനത്തുടനീളം നടന്ന ആദ്യ ഘട്ട ആക്രമണത്തിന്റെ പ്രധാന സവിശേഷത ഇതായിരുന്നു. ഭരണഘടനാ ദത്തമാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം. അതാണ് അപകടത്തിലാക്കിയിരിക്കുന്നത്.ഇതിനെയാണ് തെരഞ്ഞെടുപ്പ് പൂർവ റിഗ്ഗിങ്ങ് എന്നു പറയുക.

മിക്കവാറും എല്ലാ കേന്ദ്രങ്ങളിലും പോലീസ് ടി എം സി ക്ക് വിടുപണി ചെയ്യുകയായിരുന്നു. ചില ജില്ലകളിൽ പ്രതിപക്ഷ പ്രവർത്തകരെ തുരത്തിയോടിക്കുന്നതിൽ പോലീസ് അക്രമികൾക്കൊപ്പം ചേരുകയായിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും, ഭരണകൂട ഭീകരതയുടെ പശ്ചാത്തലത്തിലും ഇടതുപക്ഷ മുന്നണി പ്രവർത്തകർ നാമനിർദേശ പത്രികാസമർപ്പണത്തിനായി അക്രമങ്ങളെയും ഭീഷണികളെയും എതിരിട്ടു കൊണ്ട് തങ്ങളാൽ ആകാവുന്നതെല്ലാം ചെയ്യുന്നുണ്ട്.

### നിലവിലില്ലാത്ത സ്റ്റേറ്റ് തെരഞ്ഞെടുപ്പ് കമീഷൻ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനാണെങ്കിൽ സമ്പൂർണമായും കീഴടങ്ങിയിരിക്കുകയാണ്. നടന്ന അതിക്രമങ്ങൾ ഒന്നും തന്നെ കണ്ടില്ല എന്ന മട്ടിലാണ് അത് പെരുമാറുന്നത്. ഇടതുപക്ഷ മുന്നണി പല തവണ തെരഞ്ഞെടുപ്പ് കമീഷന് നിവേദനം സമർപ്പിച്ചിട്ടും തന്റെ നിസ്സഹായത വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹം. നോമിനേഷൻ



**പ്രതിപക്ഷ കക്ഷികളെ നാമനിർദേശ പത്രിക സമർപ്പിക്കാൻ പോലും അനുവദിക്കുന്നില്ല. അക്രമത്തിൽ പോലീസ് വെറും കാഴ്ചക്കാരോ ചിലേടങ്ങളിൽ പങ്കാളികളോ ആണ്. പ്രതിപക്ഷ സ്ഥാനാർത്ഥികൾ ആക്രമിക്കപ്പെടുന്നത്അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് വളപ്പുകളിലാണ്.സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടക്കം മുതലേ നിശ്ചലമാണ്. പ്രതിപക്ഷ സാന്നിദ്ധ്യമില്ലാത്ത ഒരു 'പുതിയ തരം ജനാധിപത്യം' സ്ഥാപിക്കാനാണ് ടി എം സി ശ്രമിച്ചുകൊണ്ടിരിക്കുന്നത്.**

സമർപ്പണത്തിന് സുരക്ഷ ഒരുക്കണമെന്ന് ഇടതു മുന്നണി നിവേദക സംഘം ആവശ്യപ്പെട്ടതാണ്. ജില്ലകളിൽ സുരക്ഷാ സംവിധാനം പാടേ തകർന്ന സാഹചര്യത്തിലാണിത്. നേരിട്ടുള്ള ഏറ്റുമുട്ടൽ ഒരു വശത്ത്.ജാതി സർട്ടിഫിക്കറ്റ് നൽകുന്ന ഏർപ്പാട് തന്നെ നിർത്തിവെച്ചു കളഞ്ഞു. നോമിനേഷൻ സമർപ്പണത്തിന് തീരെ കുറഞ്ഞ സമയമാണ നുവദിച്ചതും. അതിനിടക്ക് സർട്ടിഫിക്കറ്റുകൾ സംഘടിപ്പിക്കാനാവാത്ത തരത്തിലാണ് അധികൃതർ കാര്യങ്ങൾ നീക്കിയത്. എന്തു കൊണ്ടിങ്ങനെ തിരക്കിട്ട് തെരഞ്ഞെടുപ്പ് തിയതി എന്ന ചോദ്യത്തിന് തെരഞ്ഞെടുപ്പ് കമ്മീഷന് മറുപടിയേ ഉണ്ടായിരുന്നില്ല. നോമിനേഷൻ സമർപ്പണത്തിന് ആകെ 7 ദിവസം മാത്രം. അത്രയും ദിവസം തന്നെ നോമി നേഷൻ പിൻവലിക്കാനും! പ്രതിപക്ഷ സ്ഥാനാർത്ഥികളെ ഈ 7 ദിവസം കൊണ്ട് സമ്മർദ്ദം ചെലുത്തി പിന്തിരിപ്പിക്കാനാണ് ടി എം സി നീക്കം എന്ന് നേരത്തേ വ്യക്തമായിരുന്നു.

വോട്ടിങ്ങിന്റെ ഒന്നാം ഘട്ടം മെയ് ഒന്നിന് ആരംഭിക്കും.അന്തർ ദേശീയ തൊഴിലാളി ദിനത്തെ ഇങ്ങനെ അധിക്ഷേപിക്കരുതെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര ട്രെയ്ഡ് യൂനിയനുകളും ഇടതുപക്ഷ പാർട്ടികളും മറ്റിതര സംഘടനകളും ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു കൊണ്ട് തെരഞ്ഞെടുപ്പ് തിയ്യതി മാറ്റണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിനു മുന്നിലേക്ക് ട്രെയ്ഡ് യൂനിയനുകൾ വൻ റാലിയാണ് നടത്തിയത്.

ഓർക്കേണ്ട ഒരു കാര്യമാണ്, മമതയുടെ ഭരണകാലത്ത് ഒരു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ സംസ്ഥാന സർക്കാരിന്റെ കടുത്ത സമ്മർദ്ദത്തിൽ നിന്ന് തന്റെ ഡ്യൂട്ടി യെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കോടതി കയറാനിടവന്ന സാഹചര്യം. മറ്റൊരു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ സംസ്ഥാന മന്ത്രിമാരുടെ ഭീഷണി സഹിക്കവയ്യാതെ തെരഞ്ഞെടുപ്പ് പ്രക്രിയക്കിടയിൽ രാജിവെച്ചൊഴിഞ്ഞു പോയ കാര്യവും ഓർക്കേണ്ടതുണ്ട്.

സി പി ഐ എം സംസ്ഥാന സെക്രട്ടറി സൂര്യകാന്ത മിശ്ര ഒരു പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. മുമ്പ് ടി എം സി ഭരിച്ച കാലത്തൊക്കെ ബംഗാളിലെ തെരഞ്ഞെടുപ്പുകളിൽ ബൂത്ത് പിടിച്ചടക്കി കൃത്രിമം കാട്ടിയിട്ടുണ്ട്. പക്ഷേ ഇതിപ്പോൾ ബി ഡി ഒ വിന്റെയും എസ് ഡി ഓവിന്റെയും ജില്ലാ മജിസ്ട്രേറ്റിന്റെയും ഓഫീസുകളാണ് പിടിച്ചടക്കിക്കൊണ്ടിരിക്കുന്നത്. പ്രതിപക്ഷ കക്ഷികളെ നാമനിർദേശ പത്രിക സമർപ്പിക്കാൻ പോലും അനുവദിക്കുന്നില്ല. അക്രമത്തിൽ പോലീസ് വെറും കാഴ്ചക്കാരോ ചിലേടങ്ങളിൽ പങ്കാളികളോ ആണ്. പ്രതിപക്ഷ സ്ഥാനാർത്ഥികൾ ആക്രമിക്കപ്പെടുന്നത്അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് വളപ്പുകളിലാണ്.സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടക്കം മുതലേ നിശ്ചലമാണ്. തെരഞ്ഞെടുപ്പ് യന്ത്രമാകെ ചലിപ്പിക്കുന്നത് സ്റ്റേറ്റ് സെക്രട്ടേറിയേറ്റിലാണ് .നാമനിർദേശ പത്രികാസമർപ്പണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഇങ്ങനെ കുഴപ്പങ്ങളുണ്ടാക്കുമ്പോൾ, തെരഞ്ഞെടുപ്പ് പ്രചാരണവും വോട്ടിങ്ങും നടക്കുമോ എന്ന കാര്യം അനിശ്ചിതത്വത്തിലാണ്.ജനാധിപത്യത്തിനു നേരെയുള്ള ഈ കാടൻ കടന്നാക്രമണത്തിൽ പ്രതിഷേധിക്കാനായി ഇടതു മുന്നണി ജനങ്ങളെ അണിനിരത്തി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിലേക്ക് വമ്പിച്ച പ്രതിഷേധ നിവേദനസമർപ്പണ മാർച്ച് നടത്തി.

ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിൽ തെരഞ്ഞെടുപ്പ് തന്നെ വെറുമൊരു പ്രഹസനമാവാനാണ് പോകുന്നതെന്ന് ഇടതുമുന്നണി ചെയർമാൻ ബിമൻ ബസു പറഞ്ഞു. പ്രതിപക്ഷ സാന്നിദ്ധ്യമില്ലാത്ത ഒരു 'പുതിയ തരം ജനാധിപത്യം' സ്ഥാപിക്കാനാണ് ടി എം സി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ■

# ഇംഗ്ലണ്ടിൽ പുനർ ദേശസാൽക്കരണത്തിനുള്ള ചർച്ച വീണ്ടും ചൂടുപിടിക്കുന്നു

**വിദ്യാരാം**

**ബ്രിട്ടനിലെ നല്ലൊരു പങ്ക് ജനത ഇപ്പോൾ ദേശസാൽക്കരണത്തിനൊപ്പമാണ്. ഒരു നിയന്ത്രണവുമില്ലാത്ത സമ്പദ്‌വ്യവസ്ഥയ്ക്കുപകരം നിയന്ത്രണങ്ങളുള്ള സമ്പദ് വ്യവസ്ഥയാണ് ജനങ്ങൾ കൂടുതൽ ഇടപെടുന്നത്. എല്ലാം ലാഭത്തിന് കീഴടക്കാതെ സാമൂഹികമായ നന്മ സ്ഥാപനങ്ങളും കമ്പനികളും ലക്ഷ്യം മിടണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു.**

ഇന്ത്യയിൽ പൊതുമേഖലയെ പ്രത്യേകിച്ച് ബാങ്കുകളെ സ്വകാര്യവത്കരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമായപ്പോൾ ഇംഗ്ലണ്ടിൽ ലേബർ പാർട്ടി സ്വകാര്യവൽക്കരണത്തിനുള്ള ബദലിനെക്കുറിച്ചാണ് ചർച്ച നടത്തികൊണ്ടിരിക്കുന്നത്. ലേബർ പാർട്ടിയുടെ 2017 ലെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ ഊർജ്ജം, റെയിൽ, ജലം, പോസ്റ്റ് തുടങ്ങിയ പല മേഖലകളും വീണ്ടും പൊതുമേഖലയിൽ കൊണ്ടുവരും എന്നു പ്രഖ്യാപിക്കുന്നു. അടുത്തിടെ നടന്ന ബദൽ ഉടമസ്ഥത (Alternative Model of ownership) യെക്കുറിച്ചുള്ള ഒരു കോൺഫറൻസിൽ ലേബർ പാർട്ടി നേതാവ് ജെർമി കോർബിൻ പറഞ്ഞത് സേവന മേഖലയുടെ സ്വകാര്യവല്ക്കരണത്തിന്റെ പരാജയം ഇതിൽ കൂടുതൽ വ്യക്തമാക്കുന്നില്ല. അതിരുവിട്ട സ്വകാര്യവല്ക്കരണവും കരാർ വല്ക്കരണവും പരീക്ഷിക്കുകയും ആ മേഖലയെ ആകെ നശിപ്പിക്കുന്നതാണെന്ന് തെളിയുകയും ചെയ്തു എന്നാണ് . ഈ സാഹചര്യത്തിൽ ഇംഗ്ലണ്ട് അതിവേഗം ഒരു പുതിയ പൊതുമേഖല സംവിധാനത്തിലേക്കുമാറണമെന്ന് കോർബൻ പറഞ്ഞു.

ഏകദേശം നാല്പതുവർഷം മുൻപ് ബ്രിട്ടനിൽ യഥാസ്ഥിതിക കക്ഷി നേതാവായ മാർഗരറ്റ് താച്ചർ അധികാരത്തിൽ വന്നപ്പോൾ സ്വകാര്യ നടപടികൾ കെട്ടഴിച്ചുവിട്ടതാണ്. താച്ചറിനുശേഷം അധികാരത്തിൽവന്ന ലേബർ സർക്കാരുകളും സ്വകാര്യവല്ക്കരണം അനുസ്യൂതം തുടർന്നു. താച്ചറുടെ സ്വകാര്യവല്ക്കരണ നടപടി ലോകത്താകെ ഇത്തരം നടപടികൾക്കു തുടക്കം കുറിച്ചു. എന്നാൽ ലേബർ പാർട്ടിയിൽ കോർബിന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ശക്തികൾ മേൽക്കൈ നേടിയതോടെ ദേശസാത്ക്കരണം വീണ്ടും ജനശ്രദ്ധയാകർഷിക്കുന്ന വിഷയമായിരിക്കുകയാണ്. ടോണിബ്ലെയറിന്റെ നേതൃത്വത്തിൽ ലേബർ പാർട്ടി എടുത്ത സ്വകാര്യവല്ക്കരണ അനുകൂല നിലപാട് കോർബിൻ നേതൃത്വം ഏറ്റെടുത്തതോടെ നിരാകരിച്ച് ദേശസാൽക്കരണത്തിലേക്കു രാജ്യം നീങ്ങണം എന്ന നിലപാടിലെത്തിയിരിക്കുകയാണ്.

**ഉടമസ്ഥതയുടെ ഘടകം**

എല്ലാവർക്കും വേണ്ടിയുള്ള സാമ്പത്തിക വ്യവസ്ഥ എന്നാൽ പ്രധാനപ്പെട്ട സേവന മേഖലകളും മറ്റു ജനോപകാര പ്രധാനമായ സംവിധാനങ്ങളും ജനങ്ങളുടെ ഉടമസ്ഥതയിലാവണം എന്നാണർത്ഥം. റെയിൽ, ജലവിതരണം, ഊർജ്ജം, റോയൽ മെയിൽ (ഇംഗ്ലണ്ടിലെ പോസ്റ്റ്) എല്ലാം ഞങ്ങൾ പൊതുമേഖലയിലാക്കുമെന്ന് ലേബർ പാർട്ടിയുടെ നിഴൽ ചാൻസലർ ജോൺ മാക്ഡൊണൽ ഒരു കോൺഫറൻസിൽ പറഞ്ഞു. കോർബിന്റെ നേതൃത്വത്തിൽ ലേബർ പാർട്ടിക്ക് ജനപിന്തുണ ഏറിവരുന്ന അവസരത്തിലാണ് അദ്ദേഹം ഇതു പറഞ്ഞത്. സാമ്പത്തിക പ്രതിസന്ധിയും തുടർന്നുള്ള സംഭവങ്ങളും കാണിക്കുന്നത് പൊതുരംഗത്ത് സർക്കാർ ഇടപെടൽ വേണ്ട എന്നല്ല, നല്ല ഗവൺമെന്റിന്റെ നല്ല ഇടപെടൽ വേണമെന്നാണ്. സർക്കാരിന് ഒന്നിലും ഇടപെടാതെ മാറി നിന്നുകൊണ്ട് ഒരിക്കലും നല്ല രീതിയിൽ ജനോപകാരപ്രദമായ കാര്യങ്ങൾ കൊണ്ടുപോകാനാകില്ല എന്ന് മാക്ഡൊണൽ ഒരു മീറ്റിംഗിൽ പറഞ്ഞു.

ദേശസാൽക്കരണം, പൊതുമേഖല എന്നതൊക്കെ കുറെക്കാലം മുൻപ് ഇടതുപക്ഷത്തിന്റെ മാത്രം വിഷയമായിരുന്നു. എന്നാൽ ഇപ്പോൾ ഇത് ജനങ്ങൾക്കാകെ താല്പര്യമുള്ള വിഷയമായിമാറിയിരിക്കുകയാണ്. 2017-ലെ ഇലക്ഷനിൽ ലേബർ പാർട്ടിയുടെ പ്രചരണ വിഷയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു ദേശസാൽക്കരണം. ലേഹാറ്റം ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഒരു പഠനത്തിൽ കണ്ടത് ലേബർ പാർട്ടിയുടെ പിന്തുണ വർദ്ധിക്കാൻ ഒരു പ്രധാന കാരണം അവരുടെ ദേശസാൽക്കരണത്തോടുള്ള സമീപനമാണ് എന്നാണ്. സ്വതന്ത്ര കമ്പോളത്തിനും സ്വകാര്യവൽക്കരണത്തിനും ജനങ്ങളുടെയിടയിൽ വളരെ കുറഞ്ഞ പിന്തുണയാണ് ഉള്ളതെന്ന് ലേഹാറ്റം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനം കാണിക്കുന്നു.

ഒരു നിയന്ത്രണവുമില്ലാത്ത സമ്പദ്‌വ്യവസ്ഥ

യ്ക്കുപകരം നിയന്ത്രണങ്ങളുള്ള സമ്പദ് വ്യവസ്ഥയാണ് ജനങ്ങൾ കൂടുതൽ ഇടപെടുന്നത്. എല്ലാം ലാഭത്തിന് കീഴടക്കാതെ സാമൂഹികമായ നന്മ സ്ഥാപനങ്ങളും കമ്പനികളും ലക്ഷ്യം മിടണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. ജലം, വൈദ്യുതി, റെയിൽ തുടങ്ങിയവ പൊതുമേഖലയിൽ തന്നെയാകണമെന്നാണ് ജനങ്ങളുടെ താല്പര്യം. ചീഫ് എക്സിക്യൂട്ടീവുകളുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും ശമ്പളത്തിനും ആനുകൂല്യങ്ങൾക്കും നിയന്ത്രണം വേണമെന്നാണ് ഭൂരിപക്ഷം ജനങ്ങളുടെയും അഭിപ്രായം. മുതലാളിത്തം പ്രതിസന്ധിയിലാണ്. അത് സ്വാർത്ഥതയും, അഴിമതിയും, അത്യാഗ്രഹവും നിറഞ്ഞതാണെന്നും ലേഗാറ്റം പഠനം പറയുന്നു.

**സ്വകാര്യവല്ക്കരണത്തിന്റെ വിപത്തുകൾ**

സ്വകാര്യവല്ക്കരണം അത് കൊട്ടിഘോഷിച്ച തരത്തിൽ പ്രതീക്ഷക്കൊത്തുയരാത്തതുമൂലം ബ്രിട്ടനിലും ഇതര സ്ഥലങ്ങളിലും ജനങ്ങൾ വലിയ അസംതൃപ്തിയിലാണ്. ബ്രിട്ടന്റെ റെയിൽവേ സംവിധാനമാകെ പൊതുമേഖലാ സ്ഥാപനമായ റെയിൽ നെറ്റ്വർ ക്ക് ഫ്രാഞ്ചൈസികൾക്ക് പല രൂപത്തിൽ കരാർ നൽകിയിരിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളും അറ്റകുറ്റപണികളും എല്ലാം കരാറുകാരാണ് കൈകാര്യം ചെയ്യുന്നത്. കരാറുകാരുടെ ലക്ഷ്യം ലാഭം മാത്രമാണുതാനും. ബ്രിട്ടീഷ് റെയിൽ സംവിധാനമാകെ ഈയൊരു സ്ഥിതിയിൽ തകരാറിലായിരിക്കുകയാണ്. ജനങ്ങളൊക്കെ റെയിൽവെ സേവനത്തെക്കുറിച്ച് രോഷാകുലരാണെന്നുമാത്രമല്ല ദു:ഖിതരുമാണ്. ട്രെയിനുകളിൽ മിക്കപ്പോഴും വലിയ തിരക്കാണ്. അറ്റകുറ്റപണികൾ കൃത്യസമയത്തു നടക്കാറില്ല. തൊഴിലാളികൾക്ക് വേതനം നല്ല രീതിയിൽ നല്കാത്തതും ജോലിഭാരവും മൂലം പണിമുടക്കുകളും നടക്കാറുണ്ട്. സേവനം മോശമാണെങ്കിലും റെയിൽവേ യാത്രാക്കൂലി ഉയർന്നുകൊണ്ടിരിക്കുകയുമാണ്.

ഊർജ്ജമേഖലയും സ്വകാര്യവല്ക്കരണത്തിന്റെ ഫലമായി പ്രശ്നത്തിലാണ്. ഉയർന്നുകൊണ്ടിരിക്കുന്ന വൈദ്യുതി ചാർജ്ജുകൾ സാധാരണ ജനങ്ങളെ വലിയ ബുദ്ധിമുട്ടിലാക്കികൊണ്ടിരിക്കുകയാണ്.

ഈ പ്രശ്നങ്ങൾക്കിടയിലാണ് ബ്രിട്ടനിലെ രണ്ടാമത്തെ വലിയ കൺസ്ട്രക്ഷൻ കമ്പനിയായ കാരിലിയോൺ (ഇമൃശഹഹശീ) പാപ്പരായത്. കാരിലിയോൺ പൊളിയുന്ന 2018 ജനുവരിയിൽ അവർക്ക് ബ്രിട്ടീഷ് സർക്കാരിന്റെ 450 കരാറുപണികളുണ്ടായിരുന്നു. ആശുപത്രി നിർമ്മാണവും റെയിൽവേ വൈദ്യുതീകരണവും ഉൾപ്പെടെയുള്ള കരാറുകൾ. കാരിലിയോൺ പൊളിഞ്ഞഘട്ടത്തിൽ ജെർമി കോർബിൻ പാർലമെന്റിൽ നടന്ന ചർച്ചയിൽ പറഞ്ഞത്, സർക്കാർ പണികളും സർക്കാർ സേവനങ്ങളും സർക്കാരെ ജീവനക്കാരെ വച്ച് സർക്കാരിന്റെ മേൽ നോട്ടത്തിൽ നടത്തണമെന്നാണ്. കാരിലിയോണിന്റെ പൊളിയൽ സൂചിപ്പിക്കുന്നത് തകർന്ന

**പുനർദേശ സാൽക്കരണത്തിനെതിരായി ഉയരുന്ന ഒരു പ്രധാന വാദം ഇതിന് വലിയ ചിലവുണ്ടാകുമെന്നും അത് താങ്ങാൻ സർക്കാരിനാവില്ല എന്നുമാണ്. ഇപ്പോൾ സർക്കാർ കരാറുകാർക്കും മറ്റും നൽകുന്ന തുകയും മറ്റ് അനാവശ്യചിലവുകളും കണക്കാക്കിയാൽ പുനർദേശ സാൽക്കരണം വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കില്ല എന്നാണ് ലേബർ വൈസ് ചാൻസലർ മാക് ഡൊണൽ വാദിക്കുന്നത്.**

ഒരു വ്യവസ്ഥയെയാണ്. ഇത് സർക്കാരിന്റെ വീഴ്ചയും കുത്തകകളുടെ പരാജയവുമാണ്.

**പുനർദേശസാൽക്കരണം**

പുനർദേശസാൽക്കരണത്തിനായുള്ള വാദത്തിന്റെ പ്രധാന യുക്തികൾ മൂന്നാണ്. ഒന്നാമത് അടിസ്ഥാന സൗകര്യങ്ങൾ ആധുനിക വത്കരിച്ച് നല്ല രീതിയിൽ നടത്താൻ സർക്കാരിനെ കഴിയു. രണ്ടാമത് രാജ്യതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ ദീർഘകാലാസൂത്രണം നടത്താൻ സർക്കാരിനാകും. മൂന്നാമതായി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയത്തിലും സർക്കാർ മാത്രമേ താല്പര്യം എടുക്കൂ. നാം നമ്മുടെ സാമ്പത്തിക വ്യവസ്ഥയെ ക്രമീകരിക്കുന്ന രീതിയാകെ മാറ്റിയാലെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വെല്ലുവിളികൾ നേരിടാനാകു എന്ന് കോർബിൻ ബദൽ ഉടമസ്ഥത സംബന്ധിച്ച ഒരു സമ്മേളനത്തിൽ പറയുകയുണ്ടായി. വൈദ്യുതി ഉല്പാദനം കൂടുതലുള്ള പ്രദേശങ്ങളിൽ നിന്ന് ഉല്പാദനം കുറഞ്ഞ പ്രദേശങ്ങളിലേക്ക് വിതരണം ക്രമീകരിക്കാൻ സർക്കാരിനെ കഴിയൂ.

പുനർദേശ സാൽക്കരണത്തിനെതിരായി ഉയരുന്ന ഒരു പ്രധാന വാദം ഇതിന് വലിയ ചിലവുണ്ടാകുമെന്നും അത് താങ്ങാൻ സർക്കാരിനാവില്ല എന്നുമാണ്. എന്നാൽ ലേബർ വൈസ് ചാൻസലർ മാക്ഡൊണാലിന്റെ അഭിപ്രായത്തിൽ പുനർദേശസാത്ക്കരണം പുതിയ ചിലവുകളൊന്നും ഉണ്ടാക്കില്ലയെന്നതാണ്. ഇപ്പോൾ സർക്കാർ കരാറുകാർക്കും മറ്റും നൽകുന്ന തുകയും മറ്റ് അനാവശ്യചിലവുകളും കണക്കാക്കിയാൽ പുനർദേശ സാൽക്കരണം വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കില്ല എന്നാണ് മാക് ഡൊണൽ വാദിക്കുന്നത്. ചിലവിന്റെ പ്രശ്നം എത്രയായാലും ബ്രിട്ടനിലെ നല്ലൊരു പങ്ക് ജനത ഇപ്പോൾ ദേശസാൽക്കരണത്തിനൊപ്പമാണ്. ആത്യന്തികമായി അവരുടെ വികാരമാണ് പ്രധാനം. ■

ബിസിനസ് ലൈൻ കറസ്പോണ്ടന്റാണ് ലേഖിക

# സ്ക്രിപാൽ സംഭവവും ആഗോള രാഷ്ട്രീയവും

**ജോസ് ടി എബ്രഹാം**

**വ്യാപാരയുദ്ധമായാലും, നയതന്ത്ര ഏറ്റുമുട്ടലുകൾ ആയാലും സാമ്രാജ്യത്വ ശക്തികളുടെ ഉദ്ദേശമെന്തായാലും ആഗോള രാഷ്ട്രീയ സാമ്പത്തിക അന്തരീക്ഷം സമാധാനകാംക്ഷികൾക്ക് പ്രത്യേകിച്ചും, ലോക ജനതക്കാകെയും വലിയ അങ്കലാപ്പുണ്ടാക്കുന്ന സ്ഥിതിയിലാണ്. ശീതയുദ്ധത്തിനുസമാനമായ സ്ഥിതിയാണ് ഇപ്പോൾ വികസിച്ചുവന്നിരിക്കുന്നത്.**

ഒരു ബ്രിട്ടീഷ് ചാരനായ റഷ്യക്കാരൻ സെർജി സ്ക്രിപലും അദ്ദേഹത്തിന്റെ മകൾ ജൂലിയയും ഇംഗ്ലണ്ടിലെ സാലിസബറി പാർക്കിലെ ഒരു ബഞ്ചിൽ വച്ച് നൊവിചോക്ക് (Novichok) എന്ന രാസവസ്തുവിന്റെ ആക്രമണത്തിൽ മരണാസന്ന നിലയിലായി. ഇപ്പോൾ അവരുടെ ആരോഗ്യനില മെച്ചപ്പെട്ടുവരുന്നു എന്നാണ് റിപ്പോർട്ട്. സെർജി സ്ക്രിപലന്റെയും ജൂലിയയുടെയും മേൽ രാസായുധം പ്രയോഗിച്ചത് റഷ്യയാണെന്ന് ആരോപിച്ച് ബ്രിട്ടൻ റഷ്യയുടെ 23 നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി. പിന്നീട് യൂറോപ്പിലെ 18 രാജ്യങ്ങ ളുൾപ്പെടെ ഇരുപതിലധികം രാജ്യങ്ങൾ 125 ലധികം റഷ്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ തങ്ങളുടെ രാജ്യങ്ങളിൽ നിന്നും പുറത്താക്കി. അമേരിക്ക റഷ്യയുടെ 60 നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കുകയും സിയാറ്റിലിലെ റഷ്യയുടെ സ്ഥാനപതി കാര്യാലയം അടയ്ക്കുകയും ചെയ്തു. സ്ക്രിപലിന്റെയും ജൂലിയയുടെയും നേർക്കു നടന്ന രാസായുധ പ്രയോഗത്തിൽ തങ്ങൾക്കു യാതൊരു പങ്കുമില്ല എന്നാണ് റഷ്യയുടെ നിലപാട്. ഇംഗ്ലണ്ടിന്റെ 23 നയതന്ത്ര ഉദ്യോഗസ്ഥരെ റഷ്യ പുറത്താക്കി. സെന്റ് പീറ്റേഴ്സ് ബർഗിലെ അമേരിക്കൻ കോൺസുലേറ്റ് റഷ്യ അടച്ചു. 60 അമേരിക്കൽ നയതന്ത്രജ്ഞരെ പുറത്താക്കുകയും ചെയ്തു. യൂറോപ്യൻ രാജ്യങ്ങളുൾപ്പെടെ മറ്റു രാജ്യങ്ങളിലെ 150 ഓളം ഉദ്യോഗസ്ഥരെയും റഷ്യ പുറത്താക്കി.

ഈ സംഭവ വികാസങ്ങൾക്കിടയിലാണ് ഏപ്രിൽ 6-ാം തീയതി 7 റഷ്യൻ വ്യവസായികൾക്കും 17 ഉയർന്ന റഷ്യൻ ഉദ്യോഗസ്ഥർക്കും അമേരിക്ക ഉപരോധം പ്രഖ്യാപിച്ചത്. ഇവരുടെ അമേരിക്കയിലെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും ഈ കമ്പനികളുമായി വ്യാപാര ഇടപാടുകൾ നടത്തുന്നതിന് നിരോധനം ഏർപ്പെടുത്തിയിരിക്കുകയുമാണ്.

അമേരിക്കയുടെ ഉപരോധ പ്രഖ്യാപനത്തിനെതിരെ റഷ്യ രൂക്ഷമായി പ്രതികരിച്ചു. മുമ്പ് നടത്തിയ ഉപരോധങ്ങളിൽ നിന്ന് ഒരു ഫലവും നേടാൻ കഴിഞ്ഞില്ല. ഇപ്പോൾ വിസ തരാതെയും കമ്പനികളുടെ ആസ്തി മരവിപ്പിച്ചും മറ്റും അമേരിക്ക ഭയപ്പെടുത്തുകയാണ്. സ്വകാര്യസ്വത്തും മറ്റുള്ളവരുടെ പണവും കൈയ്യേറുന്നത് മോഷണമാണെന്ന് അവർ മറക്കുന്നു. സത്യസന്ധവും മത്സരാധിഷ്ഠിതവുമായ കമ്പോള സമ്പദ് വ്യവസ്ഥയുടെ ശത്രുക്കളാണ് തങ്ങളെന്ന് അമേരിക്ക സ്വയം തെളിയിച്ചിരിക്കുന്നു. വിദേശ കമ്പോളങ്ങളിൽ അമേരിക്കൻ കമ്പനികളോട് മത്സരിക്കുന്നവരെ ഉന്മൂലനം ചെയ്യാൻ ഭരണപരമായ നടപടികൾ ഉപയോഗിക്കുകയാണ് അമേരിക്കൻ സർക്കാർ. എന്നാൽ എത്ര സമ്മർദ്ദമുണ്ടായാലും റഷ്യയുടെ നിലപാടിൽ മാറ്റമുണ്ടാകില്ല റഷ്യൻ വിദേശമന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

**റഷ്യയുടെ പങ്കിന് തെളിവില്ല**

ഇംഗ്ലണ്ട് 23 റഷ്യൻ നയതന്ത്ര ഉദ്യോഗസ്ഥരെയും അമേരിക്ക 60 റഷ്യൻ ഉദ്യോഗസ്ഥരെയും സ്ക്രിപാൽ സംഭവത്തിൽ പുറത്താക്കി എന്നു മാത്രമല്ല മറ്റ് ഇരുപതോളം രാജ്യങ്ങളെ റഷ്യക്കെതിരായ നയതന്ത്രനീക്കത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. ജർമ്മനിയും ഫ്രാൻസും ഡെൻമാർക്കും കാനഡയും ഉക്രൈനും ആസ്ട്രേലിയയും റഷ്യക്കെതിരെയുള്ള നീക്കത്തിൽ പങ്കാളികളായി.

ഇംഗ്ലണ്ടിന്റെയും അമേരിക്കയുടെയും റഷ്യക്കെതിരായ ഇത്രയും പ്രകോപനപരമായ നീക്കത്തിന് കൃത്യമമായ ഒരു തെളിവും ഇപ്പോഴും നല്കാൻ ഇംഗ്ലണ്ടിനു കഴിഞ്ഞിട്ടില്ല. റഷ്യ ശീതയുദ്ധകാലത്തു വികസിപ്പിച്ച നൊവിചോക്ക് പോലെയുള്ള ഒരു രാസവസ്തുവാണ് സ്ക്രിപാലിന്റെയും മകളുടെയും മേൽ പ്രയോഗിച്ചിരിക്കുന്നത് എന്ന് അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെ രഹസ്യാന്വേഷണ ഏജൻസികൾ പറയുന്നതല്ലാതെ യാതൊരു തെളിവും നൽകുന്നില്ല.. അന്തർദേശീയ രാസയുദ്ധ കൺവെൻഷന്റെ (Chemical Weapons Convention-CWC) നിയമ പ്രകാരവും, യു.എൻന്റെ രാസായുധങ്ങളെ തടയാനുള്ള നിയമങ്ങളനുസരിച്ചും (UN Organisation for the prevention of chemical weapons -0CPCW) സ്ക്രിപാലിനെ ആക്രമിക്കാൻ ഉപയോഗിച്ച രാസവസ്തുവിന്റെ സാമ്പിൾ റഷ്യയ്ക്കു നല്കേണ്ടതുണ്ട്.അത് ഇതുവരെ നൽകിയിട്ടില്ല. നൊവിചോക്ക് പോലെയുള്ള രാസവസ്തു റഷ്യയിൽ തന്നെ വികസിപ്പിച്ചതാകണമെന്നില്ല.അത് മറ്റ് ഏതു രാജ്യത്തും വികസിപ്പിച്ചതാകാം.

റഷ്യക്കെതിരായി വ്യക്തമായ തെളിവില്ലാതെ

തന്നെ സ്ക്രിപാൽ സംഭവം ഒരു കാരണമായെടുത്ത് ഇത്രയും പ്രകോപനപരമായ നീക്കം നടത്താൻ മറ്റു കാരണങ്ങൾ ഉണ്ടാകാം എന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ അനുമാനം. സിറിയയിൽ പ്രസിഡന്റ് ബാഷിർ അൽസദനിനെ പുറത്താക്കാൻ അമേരിക്ക കഴിഞ്ഞ ഏഴുവർഷമായി നടത്തിവന്ന എല്ലാ നീക്കങ്ങളും പൊളിഞ്ഞിരിക്കുകയാണ്. 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ അസദ് റഷ്യൻ പിന്തുണയോടെ നടത്തിയ സൈനിക നീക്കത്തിൽ വിമതരുടെ അവസാനത്തെ ശക്തി കേന്ദ്രമായിരുന്ന കിഴക്കൻ ഗൗട്ടയും അസദിന്റെ നിയന്ത്രണത്തിലായി. ഇത് അസദിനെ പ്രസിഡന്റ് സ്ഥാനത്തുനിന്നും മാറ്റാനുള്ള അമേരിക്കയുടെ എല്ലാ പ്രതീക്ഷയും തകർത്തു. ഇപ്പോൾ അസദ് രാസായുധം പ്രയോഗിച്ചു എന്നു പറഞ്ഞ് സിറിയയെ ആക്രമിക്കുകയാണ് അമേരിക്കയും ബ്രിട്ടനും ഫ്രാൻസും ചെയ്തത്.

മാർച്ച് മൂന്നാം വാരത്തിൽ അഫ്ഗാനിസ്ഥാനിലെ യു.എസ്. കമാന്റർ ജനറൽ ജോൺ നിക്കോളസ് ആരോപിച്ചത് റഷ്യ അഫ്ഗാനിസ്ഥാനിൽ താലിബാന് ആയുധങ്ങൾ നൽകുന്നു എന്നാണ്. ജോൺ നിക്കോളസിന്റെ ആരോപണം അടിസ്ഥാനരഹിതവും അസംബന്ധവുമാണെന്ന് റഷ്യ പ്രതികരിച്ചു.

റഷ്യയുടെ സിറിയയിലെ ഇടപെടലും അതിന്റെ വിജയവും, കിഴക്കൻ യൂറോപ്യൻ പ്രദേശത്ത് പ്രത്യേകിച്ചും ഉക്രൈനിൽ ഇടപെട്ടു ക്രിമിയർ പ്രദേശം റഷ്യയോടുചേർത്തതും, ഏഷ്യയുടെ തെക്കൻ പ്രദേശത്തെ റഷ്യയുടെ ഇടപെടൽ എല്ലാം, അമേരിക്കൻ ,സാമ്രാജ്യത്വത്തിന്റെ ആഗോള ആധിപത്യത്തിന് വലിയ വെല്ലുവിളിയാണ് ഉയർത്തിരിക്കുന്നത്.

നാറ്റോ സഖ്യത്തിലെ എല്ലാ രാജ്യങ്ങളും റഷ്യയുമായി ശത്രുതയിലല്ല. അമേരിക്കയും ഇംഗ്ലണ്ടും മാത്രമാണ് പ്രധാനമായി റഷ്യയുമായി ഏറ്റുമുട്ടുന്നത്. നാറ്റോയിലെ ശക്തന്മാരായ ജർമ്മനിയും ഫ്രാൻസും റഷ്യയുമായി നല്ല വ്യാപാര ബന്ധത്തിലാണ്.. റഷ്യയിൽ നിന്നും ജർമ്മനിയിലേക്ക് ഗ്യാസും, എണ്ണയും എത്തിക്കാൻ നോർഡ് സ്ട്രീം – 2 (Nord Stream) എന്ന വൻ ഗ്യാസ് പൈപ്പ്ലൈൻ പദ്ധതിക്ക് ജർമ്മനിയും റഷ്യയും തമ്മിൽ ധാരണയിലെത്തിക്കഴിഞ്ഞു.

യൂറോപ്യൻ യൂണിയനിൽ നിന്നും “ബ്രെക്സിറ്റ്” വഴി ഇംഗ്ലണ്ട് പുറത്താകുകയാണ്. ഇത് യൂറോപ്പിൽ ബ്രിട്ടൺ ഒറ്റപ്പെടുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ജർമ്മനിയുടെയും ഫ്രാൻസിന്റെയും നേതൃത്വത്തിൽ നാറ്റോയിൽ നിന്നും വ്യതിരിക്തമായ ഒരു സ്വതന്ത്ര യൂറോപ്യൻ സൈനിക സഖ്യം രൂപീകരിക്കാനുള്ള നീക്കങ്ങളും ആരംഭിച്ചു കഴിഞ്ഞു. ഇതും അമേരിക്കയുടെ ആധിപത്യത്തിനു ഭീഷണിയാണ്.

പുടിൻ റഷ്യയിൽ നാലാം പ്രാവശ്യം 77% വോട്ടോടെ തന്റെ പ്രസിഡന്റ് സ്ഥാനം ഉറപ്പിച്ചതും. അമേരിക്ക സന്തോഷത്തോടെയല്ല കാണുന്നത്.

ഇത്തരത്തിൽ നാനാ വിഷയങ്ങൾ ഒറ്റയടിയ്ക്ക് കൈകാര്യം ചെയ്യാനുള്ള ഒരവസരമാക്കിയിരിക്കുകയാണ് അമേരിക്കയും, ഇംഗ്ലണ്ടും. സ്ക്രിപാലിനും മകൾക്കുമെതിരെ വിഷ രാസവസ്തു പ്രയോഗം നടത്തുന്നതുവഴി ഇപ്പോൾ റഷ്യയ്ക്ക് ഒന്നും നേടാനില്ല. സ്ക്രിപാൽ ചാരപ്പണി നിർത്തിയിട്ട് അനേകം വർഷങ്ങളായി എന്നാണ് അനുമാനം. സ്ക്രിപാലിനെതിരെ വിഷരാസവസ്തു പ്രയോഗിക്കുന്നതുവഴി ഇപ്പോൾ ഗുണമുള്ളത് അമേരിക്കയ്ക്കും ഇംഗ്ലണ്ടിനുമാണ്.

ജർമ്മനിയുടെയും ഫ്രാൻസിന്റെയും നേതൃത്വത്തിൽ നാറ്റോയ്ക്കു ബദലായി യൂറോപ്പിൽ ഒരു സൈനിക ശക്തി രൂപപ്പെടുന്നതും, ആഗോളതലത്തിൽ റഷ്യ വിവിധ പ്രദേശങ്ങളിൽ സൈനികമായും നയതന്ത്രപരമായും വിജയം നേടുന്നതും ജർമ്മനിയും ഫ്രാൻസും റഷ്യയുമായി കൂടുതൽ അടുക്കുന്നതും. ട്രംപിന്റെ വ്യാപാര യുദ്ധ പ്രഖ്യാപനത്തോടെ ജർമ്മനിയുൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളുമായി അമേരിക്കൻ ബന്ധം വഷളായതും, ഇംഗ്ലണ്ട് ബ്രെക്സിറ്റ് വഴി യൂറോപ്യൻ യൂണിയനിൽ നിന്നും സ്വയം പുറത്തായതും എല്ലാം സാമ്രാജ്യത്വ മുന്നണിയിൽ വലിയ വിള്ളലുകൾ വീഴ്ത്തിയിട്ടുണ്ട്. ഇതിനെല്ലാം പരിഹാരമായ ഒരു ഒറ്റമൂലി എന്ന നിലയ്ക്കാണ് അമേരിക്കയും ഇംഗ്ലണ്ടും സ്ക്രിപാൽ സംഭവം ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

വ്യാപാരയുദ്ധമായാലും, നയതന്ത്ര ഏറ്റുമുട്ടലുകൾ ആയാലും സാമ്രാജ്യത്വ ശക്തികളുടെ ഉദ്ദേശമെന്തായാലും ആഗോള രാഷ്ട്രീയ സാമ്പത്തിക അന്തരീക്ഷം സമാധാനകാംക്ഷികൾക്ക് പ്രത്യേകിച്ചും, ലോകജനതക്കാകെയും വലിയ അങ്കലാപ്പുണ്ടാക്കുന്ന സ്ഥിതിയിലാണ്. ഈ സംഭവങ്ങളോടു ചേർത്തുവായിക്കേണ്ട ഒന്നാണ് ഒരു യുദ്ധക്കൊതിയനായ ജോൺ ബോൾട്ടനെ ട്രംപ് ദേശീയ സുരക്ഷിതത്വ ഉപദേശകനായി നിയമിച്ചത്. അമേരിക്കയുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം സൈനികമായും, കടന്നുകയറ്റത്തിലൂടെയും കണ്ടെത്തണം എന്ന വാദക്കാരനാണ് ബോൾട്ടൺ. അമേരിക്കയുടെ ഭരണമാകെ ഇന്നിപ്പോൾ ട്രംപിന്റെ നേതൃത്വത്തിൽ ബോൾട്ടനെപ്പോലെയുള്ള നവയാഥാസ്ഥിതികരുടെ (Neo Conservatives) കൈയിലാണ്. ഇംഗ്ലണ്ടിന്റെ ഭരണവും യാഥാസ്ഥിക ചിന്താഗതിക്കാരുടെ നിയന്ത്രണത്തിലാണ്.

നവലിബറലിസം പരാജയപ്പെട്ടപ്പോൾ നവയാഥാസ്ഥിതികതയിലേക്ക് ലോകത്തെ കൊണ്ടെത്തിക്കുന്നതിനെതിരെ പുരോഗമന ചിന്താഗതിക്കാരാകെ അതീവജാഗ്രത പുലർത്തേണ്ട ഒരു കാലമാണിത്. ശീതയുദ്ധത്തിനുസമാനമായ സ്ഥിതിയാണ് ഇപ്പോൾ വികസിച്ചുവന്നിരിക്കുന്നത്. 1930 തിലെ സാമ്പത്തിക തകർച്ചയും, വ്യാപാര യുദ്ധവും, പിന്നീട് രണ്ടാം ലോക മഹായുദ്ധവും ഉണ്ടായ അന്തരീക്ഷത്തോട് താരതമ്യം ചെയ്യാവുന്ന ഒരവസ്ഥ. ഭയപ്പാടോടെയാണ് ലോകമാകെ ഈ സംഭവവികാസങ്ങളെ നോക്കിക്കാണുന്നത്. ■

# ലോകമാകെ തൊഴിലാളി സമരങ്ങൾ

വി ബി പരമേശ്വരൻ




**ഉദാരവൽക്കരണനയത്തിന്റെ കെടുതികൾക്കെതിരെ ലോകമെങ്ങും പൊട്ടിപ്പുറപ്പെടുന്ന ജനരോഷത്തിന്റെ പ്രതിഫലനമാണ് ഫ്രാൻസിലേതും. തൊഴിൽ നിയമങ്ങൾ തൊഴിലുടമകൾക്ക് അനുകൂലമായി മാറ്റുന്നതിനെതിരെ ദക്ഷിണാഫ്രിക്കയിൽ അടുത്ത മാസം 25ന് പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. അർജന്റീനിയൻ തലസ്ഥാനമായ ബ്യൂണസ് അയേഴ്സിൽ കഴിഞ്ഞ മാസം അഞ്ചുലക്ഷം പേരാണ് ഉദാരവൽക്കരണനയങ്ങൾക്കെതിരെ നടന്ന പ്രകടനത്തിൽ അണിനിരന്നത്. ലോകമെങ്ങുമുള്ള അധ്യാപകരും അമേരിക്കയിലും അർജന്റീനയിലും ആഫ്രിക്കയിലെ അൾജിയേഴ്സിലും ടുണീഷ്യയിലും ഉള്ളവർ പ്രക്ഷോഭത്തിലാണ്.**

ഫ്രാൻസ് ഇന്ന് പ്രക്ഷുബ്ധമാണ്. നവ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി ഇമ്മാനുവേൽ മാക്രോൺ സർക്കാർ നടപ്പാക്കുന്ന തൊഴിലാളിവിരുദ്ധ നടപടികളാണ് വിപ്ലവങ്ങളുടെ നാടായ ഫ്രാൻസിനെ പ്രകമ്പനം കൊള്ളിക്കുന്നത്. രാജ്യത്തെ ഏറ്റവും വലുതും കാര്യക്ഷമവുമായ റെയിൽവേയിലെ തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്ന പ്രത്യേക പദവി എടുത്തുകളഞ്ഞതാണ് ട്രേഡ്യൂണിയനുകളെ സമരപാതയിലേക്ക് നയിച്ചത്.

മാർച്ച് രണ്ടാം വാരമാണ് പ്രധാനമന്ത്രി എഡ്വേർഡ് ഫിലിപ്പേ ഫ്രഞ്ച് നാഷണൽ റെയിൽവേ കോർപറേഷനിൽ (എസ്എൻസിഎഫ്) കടുത്ത പരിഷ്കരണ നടപടികൾ പ്രഖ്യാപിച്ചത്. പൊതുമേഖലാ കമ്പനിയെന്നതിനു പകരം ഇനിമുതൽ എസ്എൻസിഎഫ് പൊതുധനമുള്ള കമ്പനി മാത്രമായിരിക്കും. നേരത്തെ ടെലികോം കമ്പനിയിലും ഇതുപോലെയുള്ള പരിഷ്കാരം വരുത്തിയിരുന്നു. തുടർന്ന് പൂർണമായും സ്വകാര്യവൽക്കരിച്ചു. ടെലികോം മേഖലയുടെ അതേ ഗതിയാണ് എസ്എൻസിഎഫിനെയും കാത്തിരിക്കുന്നതെന്നു സാരം.

ഇലക്ട്രിസിറ്റി ഓഫ് ഫ്രാൻസിനെ 2004ലും പോ

**മാക്രോൺ അധികാരത്തിൽ വന്നതുമുതൽ എല്ലാ തൊഴിലാളിവിരുദ്ധ നടപടികളും പാർലമെന്റിനെ ഒഴിവാക്കിയാണ് അവതരിപ്പിക്കുന്നത്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്ന ലേബർ കോഡ് പൊളിച്ചെഴുതിയതുപോലും എക്സിക്യൂട്ടീവ് ഉത്തരവിലൂടെയായിരുന്നു. തൊഴിലാളികളെ തൊഴിലുടമയുടെ ഇഷ്ടത്തിന് അനുസരിച്ച് പിരിച്ചുവിടാനും കൂട്ടായ വിലപേശലിനുമുള്ള സാധ്യത ദുർബലപ്പെടുത്തുന്നതുമായ ഭേദഗതികളാണ് ലേബർ കോഡിൽ കൊണ്ടുവന്നത്. യൂറോപ്പിൽ ഏറ്റവും കൂടുതൽ തൊഴിലാളി സൗഹൃദപരമായ ലേബർകോഡിലാണ് മാക്രോൺ വെള്ളം ചേർത്തത്. അതിന്റെ തുടർച്ചയെന്നോണമാണ് റെയിൽവേ തൊഴിലാളികൾക്കെതിരെയും തിരിഞ്ഞിട്ടുള്ളത്.**

സ്റ്റൽ സർവീസിനെ 2010ലും ഭാഗികമായി സ്വകാര്യവൽക്കരിക്കുകയുണ്ടായി. അവശേഷിക്കുന്ന പ്രമുഖ പൊതുമേഖലാ റെയിൽ കമ്പനിയെയും മാക്രോൺ സ്വകാര്യവൽക്കരിക്കാൻ ഒരുങ്ങുകയാണെന്നർഥം. യുറോപ്യൻ റെയിൽ സർവീസിൽ ഏറ്റവും മെച്ചപ്പെട്ടതാണ് ഫ്രാൻസിലേത്. വേഗമേറിയതും താരതമ്യേന ചാർജ് കുറവുള്ളതുമാണിത്. 1937ലാണ് എസ്എൻസിഎഫ് എന്ന പൊതുമേഖലാ കോർപറേഷൻ രൂപീകരിക്കുന്നത്. ഫ്രാൻസിൽ നിലവിലുള്ള ഏതാനും പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാണിത്. എന്നാൽ, ഇയു തീരുമാന പ്രകാരം 2018 ഡിസംബറിനകം പാസഞ്ചർ സർവീസിലും സ്വകാര്യ കമ്പനികൾക്ക് പങ്കാളിത്തം നൽകണം. അതിന്റെ ഭാഗമായാണ് മാക്രോണിന്റെ തൊഴിലാളിവിരുദ്ധ നടപടി.

റെയിൽവേ തൊഴിലാളികൾക്ക് ലഭിച്ചുവരുന്ന പ്രത്യേക പദവി ഇല്ലാതാക്കുന്ന പരിഷ്കരണങ്ങൾ പാർലമെന്റിനെ ഇരുട്ടിൽ നിർത്തിയാണ് പ്രധാനമന്ത്രി എക്സിക്യൂട്ടീവ് ഉത്തരവായി പുറത്തിറക്കിയത്. മാക്രോൺ അധികാരത്തിൽ വന്നതുമുതൽ എല്ലാ തൊഴിലാളിവിരുദ്ധ നടപടികളും പാർലമെന്റിനെ ഒഴിവാക്കിയാണ് അവതരിപ്പിക്കുന്നത്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്ന ലേബർ കോഡ് പൊളിച്ചെഴുതിയതുപോലും എക്സിക്യൂട്ടീവ് ഉത്തരവിലൂടെയായിരുന്നു. തൊഴിലാളികളെ തൊഴിലുടമയുടെ ഇഷ്ടത്തിന് അനുസരിച്ച് പിരിച്ചുവിടാനും കൂട്ടായ വിലപേശലിനുമുള്ള സാധ്യത ദുർബലപ്പെടുത്തുന്നതുമായ ഭേദഗതികളാണ് ലേബർ കോഡിൽ കൊണ്ടുവന്നത്. യൂറോപ്പിൽ ഏറ്റവും കൂടുതൽ തൊഴിലാളി സൗഹൃദപരമായ ലേബർകോഡിലാണ് മാക്രോൺ വെള്ളം ചേർത്തത്. അതിന്റെ തുടർച്ചയെന്നോണമാണ് റെയിൽവേ തൊഴിലാളികൾക്കെതിരെയും തിരിഞ്ഞിട്ടുള്ളത്.

യൂറോപ്പിലെങ്ങും സ്വകാര്യവൽക്കരണത്തിനെതിരെ പ്രത്യേകിച്ചും റെയിൽവേ സ്വകാര്യവൽക്കരണത്തിനെതിരെ വൻ പ്രതിഷേധമാണ് ഉയരുന്നത്. യൂറോപ്യൻ യൂണിയൻ തിട്ടൂരമനുസരിച്ചാണ് ഭൂരിപക്ഷം രാജ്യങ്ങളിലും റെയിൽവേയും സ്വകാര്യ ലാഭക്കൊതിക്ക് വിട്ടുകൊടുത്തത്. ഇംഗ്ലണ്ടിലും ഇറ്റലിയിലും മറ്റും ഇതിന്റെ ഫലമായി അപകടങ്ങൾ വർധിച്ചു. യാത്രക്കാരുടെ സുരക്ഷാബോധമാണ് ഇതോടെ നഷ്ടപ്പെട്ടത്. ഇതോടെ സ്പെയിൻ സ്വകാര്യവൽക്കരണത്തിൽനിന്ന് പിന്മാറ്റം ആരംഭിച്ചു. ബ്രിട്ടനിൽ ലേബർ പാർടി നേതാവ് ജെറമി കോർബിന്റെ ഏറ്റവും പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനം റെയിൽ, പോസ്റ്റൽ സർവീസുകൾ ദേശസാൽക്കരിക്കുമെന്നാണ്.

ഈ യൂറോപ്യൻ മാറ്റത്തിന് ചുവടുപിടിച്ചാണ് റെയിൽവേ സ്വകാര്യവൽക്കരണത്തിനും തൊഴിലാളികളുടെ അവകാശങ്ങൾ കവരുന്നതിനുമെതിരായി മാർച്ച് 22ന് ഫ്രാൻസിലെങ്ങും വൻ പ്രക്ഷോഭം നടന്നത്. പൊതുമേഖല ജീവനക്കാരും പണിമുടക്കിൽ പങ്കെടുത്തു. ചെലവു ചുരുക്കലിന്റെ ഭാഗമായി 2022 ആകുമ്പോഴേക്കും 1,20,000 ജീവനക്കാരെ പിരിച്ചുവിടാനുള്ള മാക്രോൺ സർക്കാരിന്റെ നീക്കത്തിനെതിരെയാണ് ഇവർ പണിമുടക്കിൽ പങ്കെടുത്തത്. യുഎൻഎസ്എ, സിഎഫ്ഡിടി, സിജിടി, എസ്‌യുഡി–റെയിൽ എന്നീ ട്രേഡ് യൂണിയനുകളാണ് 22ന്റെ പ്രക്ഷോഭത്തിൽ പങ്കെടുത്തത്. തലസ്ഥാനമായ പാരീസ് ഉൾപ്പെടെ 150 ഇടങ്ങളിൽ പണിമുടക്കിന്റെ ഭാഗമായി പ്രകടനം നടന്നു. പാരീസിൽ മാത്രം 65000 പേരാണ് മാർച്ചിൽ പങ്കെടുത്തത്. ഇതിൽ 13000 പേർ റെയിൽവേ തൊഴിലാളികളായിരുന്നു. മാഴ്സിലെയിൽ 55000 പേരും ടുലോസിൽ 20000 പേരും പങ്കെടുത്തു. ഫ്രാൻസിൽ സർക്കാർ സർവീസിൽ 55 ലക്ഷം പേരുണ്ടെന്നാണ് കണക്ക്. ഇതിൽ 10 ശതമാനത്തോളം പേർ അതായത് അഞ്ചുലക്ഷം പേർ പണിമുടക്കിന്റെ ഭാഗമായി നടന്ന പ്രകടനങ്ങളിൽ അണിചേർന്നു. മാക്രോൺ രാജിവയ്ക്കണമെന്നും പൊതുമേഖലയെ നശിപ്പിക്കരുതെന്നും സാമൂഹ്യസുരക്ഷാപദ്ധതികളിൽനിന്ന് സർക്കാർ പിൻവാങ്ങരുതെന്നും മറ്റുമുള്ള മുദ്രാവാക്യങ്ങളാണ് പണിമുടക്കിൽ പങ്കെടുത്തവർ ഉയർത്തിയത്. പണിമുടക്കിനെത്തുടർന്ന് 60 ശതമാനം എക്സ്പ്രസ് ട്രെയിനുകളും 75 ശതമാനം ഇന്റർസിറ്റി സർവീസും നിർത്തിവയ്ക്കേണ്ടി വന്നു. അധ്യാപകർ സമരത്തിൽ പങ്കെടുത്തതിനെത്തുടർന്ന് എട്ടിലൊന്ന് സ്കൂളും പ്രവർത്തനരഹിതമായി. വിമാനത്താവളം ജീവനക്കാരും പണിമുടക്കി. മൂന്നിലൊന്ന് വിമാന സർവീസുകളും അന്നേ ദിവസം റദ്ദാക്കേണ്ടിവന്നു. മാ

ക്രോൺ അധികാരമേറ്റ ശേഷം ആദ്യമായാണ് രാജ്യത്തെ സ്തംഭിപ്പിക്കുന്ന പണിമുടക്ക് നടക്കുന്നത്.

സൂചനാസമരം വൻ വിജയമായതിന്റെ പശ്ചാത്തലത്തിൽ സമരം വ്യാപിപ്പിക്കാനാണ് ട്രേഡ്യൂണിയനുകൾ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഏപ്രിൽ മൂന്നു മുതൽ ജൂൺ 28വരെ റോളിങ് പണിമുടക്ക് നടത്തും. രണ്ടുദിവസം പണിമുടക്ക് നടത്തുക. തുടർന്ന് മൂന്നുദിവസത്തിനു ശേഷം വീണ്ടും രണ്ടുദിവസം പണിമുടക്ക് എന്നതാണ് റോളിങ് സ്ട്രൈക് കൊണ്ട് ഉദ്ദേശിക്കുന്നത്. 36 ദിവസം പണിമുടക്കാനാണ് യൂണിയനുകളുടെ ധാരണ. സർക്കാർ റെയിൽവേ പരിഷ്കാരങ്ങളുമായി മുന്നോട്ടുപോകുന്ന പക്ഷം വർധിച്ച സ്വകാര്യവൽക്കരണത്തിനും റെയിൽ സർവീസ് റദ്ദാക്കുന്നതിലേക്കുമാണ് നയിക്കുകയെന്നും അത് സാധാരണ ജനങ്ങളെയാണ് ദോഷകരമായി ബാധിക്കുകയെന്നും ഫ്രഞ്ച് കമ്യൂണിസ്റ്റ് പാർടി ജനറൽ സെക്രട്ടറി പിയറി ലോറന്റ് മുന്നറിയിപ്പ് നൽകുന്നു. സർക്കാർ സ്വേച്ഛാപരമായ തീരുമാനങ്ങളുമായി മുന്നോട്ടുപോകുന്ന പക്ഷം ദീർഘമായ പ്രക്ഷോഭത്തിനു തന്നെ തയ്യാറെടുക്കേണ്ടി വരുമെന്ന് സിജിടി പ്രസിഡന്റ് ലോറന്റ് ബ്രണും പ്രതികരിച്ചു. അതേ ഫ്രാൻസ് പ്രക്ഷോഭത്തിന്റെ പാത തെരഞ്ഞെടുത്തുകഴിഞ്ഞു. അതോടെ മാക്രോണിന്റെ ജനപ്രീതിയും ഇടിയാൻ തുടങ്ങി.

ഉദാരവൽക്കരണനയത്തിന്റെ കെടുതികൾക്കെതിരെ ലോകമെങ്ങും പൊട്ടിപ്പുറപ്പെടുന്ന ജനരോഷത്തിന്റെ പ്രതിഫലനമാണ് ഫ്രാൻസിലേതും. തൊഴിൽ നിയമങ്ങൾ തൊഴിലുടമകൾക്ക് അനുകൂലമായി മാറ്റുന്നതിനെതിരെ ദക്ഷിണാഫ്രിക്കയിൽ അടുത്ത മാസം 25ന് പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. അർജന്റീനിയൻ തലസ്ഥാനമായ ബ്യൂണസ് അയേഴ്സിൽ കഴിഞ്ഞ മാസം അഞ്ചുലക്ഷം പേരാണ് ഉദാരവൽക്കരണനയങ്ങൾക്കെതിരെ നടന്ന പ്രകടനത്തിൽ അണിനിരന്നത്. ലോകമെങ്ങുമുള്ള അധ്യാപകരും അമേരിക്കയിലും അർജന്റീനയിലും ആഫ്രിക്കയിലെ അൾജീരിയേഴ്സിലും ടുണീഷ്യയിലും ഉള്ളവർ പ്രക്ഷോഭത്തിലാണ്. നവ ഉദാരവൽകരണത്തിനെതിരെ വിവിധ മേഖലകളിൽനിന്നുള്ളവർ പോരാട്ടത്തിനിറങ്ങിയിരിക്കുകയാണ്. കേരളത്തിൽ ഏപ്രിൽ രണ്ടിന് നടന്ന പണിമുടക്കും ഈ സാർവദേശീയ സമരത്തിന്റെ ഭാഗമാണ്.

## പണിമുടക്കിൽ ഫ്രാൻസിൽ റെയിൽ ഗതാഗതം സ്തംഭിച്ചു

ഫ്രാൻസിൽ ഇമ്മാനുവൽ മക്രോൺ സർക്കാരിനെതിരെ തൊഴിലാളികളും ജീവനക്കാരും ഏപ്രിൽ 3 ന് ആരംഭിച്ച പണിമുടക്കിൽ റെയിൽഗതാഗതം സ്തംഭിച്ചു. ഓരോ അഞ്ചു ദിവസത്തിലും രണ്ടു ദിവസമെന്ന കണക്കിൽ മൂന്നു മാസത്തിനിടെ 36 ദിവസം പണിമുടക്കാനാണ് ദേശീയ റെയിൽവേയായ എസ്എൻസിഎഫിലെ തൊഴിലാളി യൂണിയനുകളുടെ തീരുമാനം. ഊർജോൽപാദനം, മാലിന്യ നിർമാർജനം തുടങ്ങിയ മേഖലകളിലെ തൊഴിലാളികളും 'കറുത്ത ചൊവ്വ'യിൽ പണിമുടക്കി. കഴിഞ്ഞ വർഷം മേയിൽ അധികാരമേറ്റ മാക്രോൺ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി തൊഴിലാളി പ്രക്ഷോഭം മാറിക്കഴിഞ്ഞു.

നാലു പ്രധാന റെയിൽ യൂണിയനുകളും സമരത്തിൽ അണിനിരന്നതോടെ ഗതാഗതം നിലച്ചു. ഹൈസ്പീഡ് ട്രെയിനുകളിൽ എട്ടിലൊന്നും പ്രാദേശിക സർവീസുകളിൽ അഞ്ചിലൊന്നും മാത്രമാണ് ചൊവ്വാഴ്ച സർവീസ് നടത്തിയത്.

റെയിൽഗതാഗതം സ്തംഭിച്ചതോടെ റോഡിൽ ദീർഘമായ ഗതാഗത കുരുക്കായി. തിരക്കേറിയ സമയത്ത് പീരീസിൽ 420 കിലോമീറ്റർ വരെ ഗതാഗതകുരുക്ക് നീണ്ടതായി ബിബിസി റിപ്പോർട്ട് ചെയ്തു.

ഊർജ കമ്പോളത്തിലെ ഉദാരവൽക്കരണത്തിനെതിരെ തൊഴിലാളികൾ നടത്തിയ പണിമുടക്കും ഏറെക്കുറെ പൂർണമായിരുന്നു. തൊഴിലാളികൾക്ക് പിന്തുണ പ്രഖ്യാപിച്ച് ആയിരക്കണക്കിന് വിദ്യാർത്ഥികളും തെരുവിലിറങ്ങി. നവ ഉദാരവൽക്കരണ പരിഷ്കാരങ്ങൾക്കെതിരെ മാസങ്ങളായി ഫ്രാൻസിൽ രോഷം പുകയുകയാണ്. റയിൽ തൊഴിലാളികളുടെ സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് മാർച്ച് 22 ന് പതിനായിരക്കണക്കിന് അധ്യാപകരും നേഴ്സുമാരും മറ്റു ജീവനക്കാരും പണിമുടക്കിയിരുന്നു. തൊഴിലാളി യൂണിയനുകളുടെ അധികാരം തകർക്കാനുള്ള ലക്ഷ്യത്തോടെയാണ് മാക്രോണിന്റെ പ്രവർത്തനമെന്നാണ് വിമർശം.

തൊഴിലാളികളെ ഇഷ്ടാനുസരണം ജോലിക്കെടുക്കാനും തോന്നുമ്പോൾ പിരിച്ചുവിടാനും കമ്പനികൾക്ക് അനുമതി നൽകുന്ന നിയമപരിഷ്കാരം സെപ്തംബറിൽ മാക്രോൺ പാസാക്കിയെടുത്തിരുന്നു. തനിക്ക് ഇത്തരം പരിഷ്കാരങ്ങൾ നടപ്പാക്കാനുള്ള അംഗീകാരമാണ് തെരഞ്ഞെടുപ്പിലൂടെ ലഭിച്ചതെന്നാണ് മാക്രോണിന്റെ വാദം.

സമരത്തിന്റെ സംസ്കാരത്തിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഭരണകക്ഷിയായ റിപ്പബ്ലിക് ഓൺ ദ മൂവിന്റെ വക്താവ് ഗബ്രിയേൽ അത്താൾ പറഞ്ഞു. ഫ്രാൻസിലെ പൊതുജനസംവിധാനത്തെയാകെ സംരക്ഷിക്കാനാണ് തങ്ങളുടെ സമരമെന്ന് സുഡ് റെയിൽ യൂണിയൻ നേതാവ് ഇമ്മാനുവൽ ഗ്രോൻദെയ്ൻ പറഞ്ഞു.

# കേന്ദ്ര പൊതുമേഖല തൊഴിലാളി സംഘടനകളുടെ സംയുക്ത ദേശീയ കൺവെൻഷൻ

**കെ ചന്ദ്രൻപിള്ള**

All India Coordination Committee of Public Sector Trade Unions (CITU) യോഗവും, കേന്ദ്ര പൊതുമേഖല തൊഴിലാളി സംഘടനകളുടെ സംയുക്ത ദേശീയ കൺവെൻഷനും, 2018 ഏപ്രിൽ 7, 8 തീയതികളിലായി എറണാകുളം, കലൂർ റിന്യുവൽ സെന്ററിൽ വച്ച് നടന്നു.

കേന്ദ്ര പൊതുമേഖല തൊഴിലാളി യൂണിയനുകളുടെ CITU കോർഡിനേഷൻ യോഗം 2018 ഏപ്രിൽ 7ന് വൈകീട്ട് 2 മുതൽ 7വരെയാണ് നടന്നത്. വിവിധ പൊതുമേഖല സ്ഥാപനങ്ങളിലെ യൂണിയനുകളിൽ നിന്നായി 151 പേരാണ് കമ്മിറ്റിയിൽ പങ്കെടുത്തത്. ഇതിൽ 51 പേർ കേരളത്തിന് പുറത്തുള്ളവരായിരുന്നു. സി ഐ ടി യു ദേശീയ ജനറൽ സെക്രട്ടറി സ: തപൻസെൻ, ദേശീയ സെക്രട്ടറിമാരായ സ്വദേശ് ദേവ് റോയ്, കെ ചന്ദ്രൻപിള്ള, സി ഐ ടി യു സംസ്ഥാന സെക്രട്ടറി K.N. ഗോപിനാഥ്, BSNL ദേശീയ ജനറൽസെക്രട്ടറി അഭിമന്യു, ബാംഗ്ലൂർ പൊതുമേഖല കോർഡിനേഷൻ കൺവീനർ മീനാക്ഷി സുന്ദരം,സുകുമാരൻ അടക്കമുള്ള പ്രധാന നേതാക്കൾ യോഗത്തിൽ അദ്യവസാനം പങ്കെടുത്തു.

പ്രധാനപ്പെട്ട രണ്ട് രേഖകളാണ് കോർഡിനേഷൻ കമ്മിറ്റി ചർച്ച ചെയതത് ഒന്ന് സംഘടനാ സമീപനരേഖയും, മറ്റൊന്ന് പൊതുമേഖലകളെക്കറിച്ചുള്ള അവലോകനരേഖയും.

സംഘടന രേഖയിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത് 2018 മാർച്ചിൽ കോഴിക്കോട് ചേർന്ന ദേശീയ കൗൺസിൽ തീരുമാനപ്രകാരമുള്ള പ്രക്ഷോഭങ്ങളെക്കുറിച്ചാണ്.

കേന്ദ്ര പൊതുമേഖലകളെക്കുറിച്ചുള്ള രേഖയിൽ പൊതുമേഖലകളുടെ നിലവിലെ സ്ഥിതി, ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വർദ്ധിച്ചു വരുന്ന കരാർവൽക്കരണമടക്കമുള്ള വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള 15 ഓളം പ്രതിനിധികൾ രണ്ട് രേഖകളെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു.

## സംയുക്ത ദേശീയ കൺവെൻഷൻ

2017 ജൂലൈ മാസത്തിൽ ഹൈദരാബാദിൽ ചേർന്ന ശമ്പള പരിഷ്ക്കരണ ശിൽപശാലയ്ക്ക് ശേഷമുള്ള കൺവെൻഷനാണ് ഏപ്രിൽ 8 ന് എറണാകുളത്ത് നടന്നത്. രാവിലെ 10 മുതൽ വൈകീട്ട് 5 വരെയായിരുന്നു കൺവെൻഷൻ. 351 പ്രതിനിധികൾ സംയുക്ത ദേശീയ കൺവെൻഷനിൽപങ്കെടുത്തു. ഇതിൽ 153 പേർ കേരളത്തിന് പുറത്തുള്ളവരായിരുന്നു.

കേരളത്തിന് പുറത്തുള്ള 31 കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു.കേരളത്തിലെ എല്ലാ പൊതുമേഖലകളിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു.

കൺവെൻഷനിൽ സി ഐ ടി യു ദേശീയ ജനറൽ സെക്രട്ടറി സ: തപൻസെൻ, ഐഎൻടിയുസി സംസ്ഥാന പ്രസിഡണ്ട് ചന്ദ്രശേഖരൻ, എഐടിയുസി ദേശീയ ജനറൽ സെക്രട്ടറി മഹാദേവൻ, HMS ദേശീയ സെക്രട്ടറി തമ്പാൻ തോമസ്, LPF നേതാവ് എം ഷൺമുഖം, JAF കൺവീനർ മീനാക്ഷി സുന്ദരം, ഹൈദരാബാദ് പബ്ലിക് സെക്ടർ കോർഡിനേഷൻ നേതാവ് വി പ്രഭാകർ, സിഐടിയു ദേശീയ സെക്രട്ടറിമാരായ സ്വദേശ് ദേവ്റോയ് ചന്ദ്രൻപിള്ള, എന്നിവർ പങ്കെടുത്തു. വിവിധ യൂണിയനുകളിൽ നിന്നായി 38 പേർ കൺവെൻഷനിൽ അവതരിപ്പിച്ച സമീപനരേഖയെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു. കൺവെൻഷൻ തീരുമാനമായി സംയുക്ത പ്രതാവനയും പുറപ്പെടുവിച്ചു.

# കേന്ദ്ര പൊതുമേഖല തൊഴിലാളി സംഘടനകളുടെ സംയുക്ത ദേശീയ കൺവെൻഷൻ

### 2018 ഏപ്രിൽ 8, കലൂർ, എറണാകുളം

## എറണാകുളം പ്രഖ്യാപനം

രാജ്യത്താകമാനമുള്ള കേന്ദ്രപൊതുമേഖല തൊഴിലാളി സംഘടനകളുടെ 350 പ്രതിനിധികൾ ദേശീയ കൺവെൻഷനിൽ പങ്കെടുത്തു. കേന്ദ്രപൊതുമേഖല സ്ഥാപനങ്ങളെ തകർക്കുന്ന നരേന്ദ്രമോദി ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധവും ഉൽക്കണ്ഠയും ദേശീയ കൺവെൻഷൻ രേഖപ്പെടുത്തി.

INTUC, HMS, AITUC, CITU, JAF ബാംഗ്ലൂർ, LPF, ഹൈദരാബാദ് പൊതുമേഖല കോർഡിനേഷൻ കമ്മിറ്റി തുടങ്ങിയ ദേശീയ സംഘടനകൾ സംയുക്തമായി തയ്യാറാക്കിയ പശ്ചാത്തലരേഖ ഏപ്രിൽ 8ലെ ദേശീയ കൺവെൻഷനിൽ അവതരിപ്പിച്ചു. തുടർന്ന് വിവിധ തൊഴിലാളി സംഘടനകളുടെ 30 പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

ഇന്ത്യൻ തൊഴിലാളിവർഗം അഭിപ്രായവ്യത്യാസങ്ങളെല്ലാം മാറ്റിവെച്ച് കേന്ദ്രഗവൺന്റെിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ ഉജ്ജ്വലമായ പ്രക്ഷോഭങ്ങൾ നടത്തുമ്പോൾത്തന്നെയാണ് കോർപ്പറേറ്റ് അനുകൂല, തൊഴിലാളി വിരുദ്ധ, പൊതുമേഖല വിരുദ്ധ നയങ്ങളുമായി കേന്ദ്രഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഒരു ചർച്ചയുമില്ലാതെ ഏകപക്ഷീയമായ ഗസറ്റ് വിജ്ഞാപനത്തിലൂടെ നടപ്പാക്കിയ നിശ്ചിതകാല തൊഴിൽ നിയമഭേദഗതി കേന്ദ്രഗവൺമെന്റിന്റെ തുടർച്ചയായ തൊഴിലാളിവിരുദ്ധ നയങ്ങളിൽ ഏറ്റവും പുതിയതാണ്. ഈ നിയമഭേദഗതിയിലൂടെ അടിമവ്യവസ്ഥയാണ് തൊഴിലാളികളിൽ അടിച്ചേൽപ്പിക്കപ്പെടുന്നത്.

കേന്ദ്രഗവൺമെന്റിന്റെ നിശ്ചിതകാല തൊഴിൽനിയമഭേദഗതിക്കെതിരെ വളരെ പെട്ടെന്നുതന്നെ പ്രതികരിച്ചുകൊണ്ട് 2018 ഏപ്രിൽ 2ന് വലിയ തൊഴിലാളി പങ്കാളിത്തത്തോടെ കേരളത്തിൽ നടത്തിയ പണിമുടക്കിനേയും അതു വിജയിപ്പിക്കുവാൻ കേരളത്തിലെ തൊഴിലാളി സംഘടനകൾ പ്രകടിപ്പിച്ച അതിയായ ജാഗ്രതയേയും സംയുക്ത ദേശീയ കൺവെൻഷൻ അഭിനന്ദിക്കുന്നു.



പൊതുമേഖലകളുടെ സ്വകാര്യവൽക്കരണം, തന്ത്രപരമായ വിൽപ്പന, അടച്ചുപൂട്ടൽ സ്വത്തുക്കൾ അടിച്ചുമാറ്റൽ ഇതാണ് കേന്ദ്രഗവൺമെന്റിന്റെ ഇപ്പോഴത്തെ വികസന മന്ത്രം. മോദി ഗവൺമെന്റ് തന്ത്രപ്രധാന മേഖലകളെപ്പോലും വെറുതെ വിടുന്നില്ല. പ്രതിരോധം, കൽക്കരി, എണ്ണ, ഊർജ്ജം, പൊതുഗതാഗതം, റെയിൽവേ, ടെലികമ്യൂണിക്കേഷൻ, പൊതുമേഖല ബാങ്കുകൾ, ഇൻഷുറൻസ്, തുടങ്ങിയ എല്ലാ തന്ത്രപ്രധാന മേഖലകളും സ്വകാര്യ വൽക്കരണ ഭീഷണിയിലാണ്. നീതി അയോഗ്, DIPAM, ETF തുടങ്ങിയ ഗവൺമെന്റ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയാണ് പൊതുമേഖലകളെ വിറ്റുതുലയ്ക്കുന്നത്.

പൊതുമേഖല തൊഴിലാളികൾക്കുള്ള എട്ടാംവട്ട ശമ്പളപരിഷ്ക്കരണ വിജ്ഞാപനം DPE പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുമേഖല ഓഫീസർമാർക്കുവേണ്ടി ചുമതലപ്പെടുത്തിയ ജസ്റ്റിസ് സതീഷ്ചന്ദ്ര കമ്മിറ്റി റിപ്പോർട്ടിലെ തൊഴിലാളി വിരുദ്ധമായ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് തൊഴിലാളികൾക്കായുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. Affordability എന്ന നിബന്ധനവച്ചുകൊണ്ട് 3 വർഷക്കാലയളവിലെ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തി ശമ്പളഘടന പുനഃപരിശോധിക്കുമെന്ന നിർദ്ദേശവും കേന്ദ്രഗവൺമെന്റ് വിജ്ഞാപനത്തിലുണ്ട്. ഇത് ശമ്പളക്കരാറുകളെ അപ്രസക്തമാക്കി പിൻവാതിലിലൂടെ ശമ്പളപരിഷ്ക്കരണം അട്ടിമറിക്കാനും ശമ്പളം വെട്ടിക്കുറയ്ക്കാനുമുള്ള ഗൂഢനീക്കമാണ്.

ഈ സാഹചര്യത്തിൽ തൊഴിലാളി സംഘടനകളുടെ കൂട്ടായ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി ഒരു ദേശീയ പണിമുടക്കിനുമുമ്പായി ഗൗരവമായ പ്രചരണപരിപാടികൾ ദേശീയതലത്തിൽ സംഘടിപ്പിക്കുന്നതിന് കൺവെൻഷൻ ഐക്യകണ്ഠേന തീരുമാനിച്ചു. താഴെ പറയുന്ന മുദ്രാവാക്യങ്ങൾ പ്രചരണ ക്യാമ്പയിനിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരണം.

1. പൊതുമേഖല സ്വകാര്യവൽക്കരണവും, തന്ത്രപരമായ വിൽപ്പനയും അവസാനിപ്പിക്കുക.
2. നിശ്ചിതകാല തൊഴിൽനിയമ ഭേദഗതി പിൻവലിക്കുക.
3. Affordability എന്ന നിബന്ധനവച്ചുകൊണ്ട് തൊഴിലാളി സംഘടനകളുടെ വിലപേശൽ ശക്തി ഇല്ലാതാക്കാനും, ശമ്പളപരിഷ്ക്കരണകരാറുകൾ അട്ടിമറിക്കാനും, മൂന്നുവർഷക്കാലയളവിലെ സ്ഥാപനങ്ങളുടെ പ്രകടനം വിലയിരുത്തി ശമ്പളം വെട്ടിക്കുറയ്ക്കാനുള്ള നീക്കങ്ങൾ അവസാനിപ്പിക്കുക.

## പ്രക്ഷോഭപരിപാടികൾ

1. 2018 മെയ് 7 മുതൽ 11 വരെ ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന ദേശീയ പ്രചാരണ ക്യാമ്പയിൻ.
2. പ്രചരണ ക്യാമ്പയിന്റെ സമാപന ദിവസം മെയ് 11ന് എല്ലാ പൊതുമേഖല തൊഴിലാളി സംഘടനകളുടെയും നേതൃത്വത്തിൽ നിശ്ചിതകാല തൊഴിൽ നിയമ ഭേദഗതി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവർക്ക് ഫാക്സ് സന്ദേശങ്ങൾ അയക്കുന്നതിന് തീരുമാനിച്ചു. ഫാക്സ് സന്ദേശത്തിന്റെ മാതൃക താഴെകൊടുക്കുന്നു.

> ***"We strongly oppose Privatisation of PSUs; We oppose 'Fixed Term Employment' and demand withdrawal of the Gazette notification; We demand Scrap all conditionalities/restrictions on wage-revision process and content in CPSUs specially the affordability condition and the directive of 'three yearly review' of wage agreement'."***

3. കേന്ദ്രപൊതുമേഖല തൊഴിലാളി സംഘടനകളുടെ സംയുക്ത ദേശീയ സമരപ്രഖ്യാപന കൺവെൻഷൻ 2018 മെയ് 25ന് ഡൽഹിയിൽ ചേരാൻ തീരുമാനിച്ചു, പൊതുമേഖല സ്വകാ ര്യവൽക്കരണത്തിനെതിരായും നിശ്ചിതകാല തൊഴിൽനിയമഭേദഗതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും, തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ പിൻവലിച്ചുകൊണ്ട് യൂണിയനുകളുടെ കൂട്ടായ വിലപേശൽശക്തി അംഗീകരിച്ച് മെച്ചപ്പെട്ടതും തൃപ്തികരവുമായ ശമ്പള പരിഷ്ക്കരണം കേന്ദ്രപൊതുമേഖല തൊഴിലാളികൾക്ക് അനുവദിക്കണമെന്നും അവശ്യപ്പെട്ട് ശക്തമായ പ്രതിഷേധ പരിപാടികൾക്ക് ഡൽഹി ദേശീയ കൺവെൻഷൻ രൂപം നൽകും.

| | | | |
|---|---|---|---|
| for G.Sanjeeva Reddy<br>**INTUC** | H.Mahadevan<br>**AITUC** | Thampan Thomas<br>**HMS** | TapanSen<br>**CITU** |

| | | |
|---|---|---|
| for M Shanmugam<br>**LPF** | Meenakshi Sundaram<br>**JAF BENGALURU** | V Prabhakar<br>for **PSU TU Coordin.Committee Hyderabad** |

# അലയടിക്കുന്ന അദ്ധ്യാപക സമരങ്ങൾ

ലോകത്ത് നാലു ഭൂഖണ്ഡങ്ങളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ അദ്ധ്യാപകരുടെ ഗംഭീര സമരങ്ങൾ നടക്കുകയുണ്ടായി. പല




പ്രദേശങ്ങളിലും ഇപ്പോഴും സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വടക്കൻ അമേരിക്ക, തെക്കേ അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലാണ് അദ്ധ്യാപക സമരങ്ങൾ അരങ്ങേറിയത്.

**അമേരിക്ക**

ഫെബ്രുവരി മാസത്തിൽ അമേരിക്കയിലെ വെസ്റ്റ് വെർജീനിയായിൽ അദ്ധ്യാപകർ ഒൻപതു ദിവസം തുടർച്ചയായി പണിമുടക്കിയതോടെയാണ് സമരങ്ങളുടെ തുടക്കം എന്നുപറയാം. തുടർന്ന് കെന്റഗി, കൊളറാഡോ, ന്യൂജഴ്സി, പോയർട്ടോറിക്കോ തുടങ്ങിയ പ്രദേശങ്ങളിലേക്കും സമരം പടർന്നു പിടിച്ചു. അരിസോണയിൽ പണിമുടക്കിയ അദ്ധ്യാപകർ സംസ്ഥാന തലസ്ഥാനമായ ഫീനിക്സിൽ പ്രകടനം നടത്തി.

ഏപ്രിൽ രണ്ടാം തീയതി ഒക്ലഹോമയിലെ അദ്ധ്യാപകർ പണിമുടക്കാരംഭിച്ചു. ഒക്ലഹോമയിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും ഉൾപ്പെടെ 15,000 പേർ സമരത്തിനു പിന്തുണ പ്രഖ്യാപിച്ച് റാലി നടത്തി. ഒക്ലഹാമോ സമരത്തിൽ 40,000 ത്തിലധികം അദ്ധ്യാപകർ പങ്കെടുക്കുന്നുണ്ട്. ഈ കുറിപ്പെഴുതുന്ന ഏപ്രിൽ അഞ്ചിനും ഒക്ലഹോമ അദ്ധ്യാപകർ സമരം തുടരുകയാണ്. നല്ലരീതിയിലുള്ള ശമ്പളവർദ്ധനയും, സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന ഏഴുലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്നും ആവശ്യപ്പെട്ടാണ് ഒക്ലഹോമ അദ്ധ്യാപക സമരം. അദ്ധ്യാപകരുടെ സമരത്തിന് വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും നല്ല പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രതിഷേധ പ്രകടനങ്ങളിൽ രക്ഷകർത്താക്കളും ഇതരമേഖലയിലെ തൊഴിലാളികളും അണിനിരക്കുന്നു എന്നതാണ് സവിശേഷത.

കെന്റഗിയിൽ 42,000 അദ്ധ്യാപകരുണ്ട്. അവർ അവരുടെ പെൻഷൻ സംരക്ഷിക്കാൻ സമരത്തിലാണ്. കെന്റഗി സംസ്ഥാന ബഡ്ജറ്റിന്റെ പെൻഷൻ വിഹിതത്തിൽ ഈ വർഷം 1.1 മില്യൻ ഡോളറിന്റെ കുറവു വരുത്തുകയുണ്ടായി. ഇതിൽ അദ്ധ്യാപകർ രോഷാകുലരാണ്. അരിസോണയിലെ 51,000 അദ്ധ്യാപകർ കടുത്ത പ്രതിഷേധത്തിലാണ്. 2008 നുശേഷം അരിസോണ വിദ്യാഭ്യാസ വിഹിതത്തിൽ കുറവുവരുത്തിയത് 371 മില്യൻ ഡോളറിന്റേതാണ്.

**ലാറ്റിനമേരിക്ക**

ഉറുഗ്വേയിലെ അർജന്റീനയിലും അദ്ധ്യാപകർ പ്രതിഷേധത്തിലും സമരത്തിലുമാണ്. വലിയ വിലക്കയറ്റത്തിന്റെ സാഹചര്യത്തിൽ 20% എങ്കിലും വേതന വർദ്ധനവ് വേണം എന്നാവശ്യപ്പെട്ട് അർജന്റീനയിൽ മാർച്ച് ആദ്യവാരം അദ്ധ്യാപകർ രണ്ടു ദിവസത്തെ പണിമുടക്കു നടത്തി. ഏപ്രിൽ അഞ്ചുമുതൽ അടുത്തഘട്ടം സമരത്തിന് അവർ തയ്യാറെടുക്കുകയാണ്. ഉറുഗ്വേയിൽ മാർച്ച് 22 ന് അദ്ധ്യാപകർ 24 മണിക്കൂർ പണിമുടക്കു നടത്തി.

മെക്സിക്കോയിൽ മാർച്ച് 21-ാം തീയതി 16,000 ത്തോളം അദ്ധ്യാപകർ പണിമുടക്കി. ചിഹുഹുവ നഗരത്തിൽ വലിയപ്രകടനവും നടത്തി. മെക്സിക്കോയിലെ കുക്സാക്ക, ചിയാഷാസ് തുടങ്ങിയ പ്രദേശങ്ങളിലും അദ്ധ്യാപകർ സമരത്തിലാണ്. വെനിസ്വലയിൽ മാർച്ച് മൂന്നാം വാരത്തിൽ അദ്ധ്യാപകർ രണ്ടു ദിവസത്തെ പണിമുടക്കു നടത്തി. കൂടുതൽ വേതനത്തിനും ആരോഗ്യസുരക്ഷ ബഡ്ജറ്റിൽ കുറവുവരുത്തിയതിനുമെതിരെ ബ്രസീലിലെ അദ്ധ്യാപകർ മാർച്ച് 21 ന് പണിമുടക്കി.

**ആഫ്രിക്ക**

ടുണീഷ്യ, അൾജീരിയ എന്നീ വടക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ അദ്ധ്യാപകർ സമരത്തിലാണ്. ടുണീഷ്യയിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും പ്രക്ഷോഭം നടക്കുകയാണ്.



ടുണീഷ്യയിൽ 15% വേതനവർദ്ധനവും പെൻഷൻ പ്രായം 55 ആയി കുറവു ചെയ്യണം എന്നാവശ്യപ്പെട്ടുമാണ് അദ്ധ്യാപകർ സമരത്തിനണിനിരക്കുന്നത്. അൽജീരിയയിൽ പൊതു വിദ്യാഭ്യാസ ചിലവ് വെട്ടിക്കുറക്കുന്നതിനെതിരെയാണ് സമരം.

**യൂറോപ്പ്**

സ്കോഡ്‌ലന്റിലെ അദ്ധ്യാപകർ സമര പാതയിലാണ്. അദ്ധ്യാപകർ അവരുടെ വേതനത്തിൽ 10% വർദ്ധനവ് ആവശ്യപ്പെട്ടപ്പോൾ സർക്കാർ അംഗീകരിച്ചത് 3% വർദ്ധനവ് മാത്രമാണ്. ഇംഗ്ലണ്ടിലെ കോളേജ് അദ്ധ്യാപകർ കൂടുതൽ വേതനം ആവശ്യപ്പെട്ടും വിദ്യാഭ്യാസം മേഖലയിലെ തല്ക്കാലിക കരാർ തൊഴിലിനും എതിരെ സമരത്തിലാണ്. ഫ്രാൻസിലെ ആയിരക്കണക്കിനദ്ധ്യാപകർ മാർച്ച് 22-ാം തീയതി റെയിൽവേ ജീവനക്കാരുടെ സമരത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും, അദ്ധ്യാപകരുടെ പ്രത്യേക ആവശ്യങ്ങളുയർത്തിയും സമരത്തിലണിനിരന്നു. യൂറോപ്പിലെ മറ്റു പല രാജ്യങ്ങളിലും അദ്ധ്യാപകർ സമരത്തിനു തയ്യാറെടുക്കുകയാണ്.

ലോകമാകെ ഉയരുന്ന അദ്ധ്യാപക പ്രതിഷേധങ്ങളുടെ കാരണം സമാനമാണ്. വേതനത്തിലും പെൻഷനിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവ്, പൊതു വിദ്യാഭ്യാസ ചിലവുകൾ കുറവു ചെയ്യുന്നത് തുടങ്ങിയവയാണ് എല്ലാ സമരങ്ങളുടെയും പ്രധാനമായ കാരണം. അദ്ധ്യാപകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ യഥാർത്ഥത്തിൽ ലോകത്തെ എല്ലാ തൊഴിലാളികളും നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. നവഉദാരവല്ക്കരണ നയങ്ങളാണ് ഈ പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം എന്നുകാണാൻ കഴിയും.




# അമേരിക്കൻ വിദ്യാർത്ഥികളുടെ ഇടയിൽ ദാരിദ്ര്യവും ഭവനമില്ലായ്മയും പടർന്നുപിടിക്കുന്നു

ഉയരുന്ന ഫീസും, പുസ്തകങ്ങളുടെ വിലയും ഇതര വിദ്യാഭ്യാസ ചിലവുകളും മൂലം അമേരിക്കയിലെ നല്ലൊരു പങ്ക് വിദ്യാർത്ഥികൾ വലിയ ദുരിതത്തിലാണ്. വിസ്കോൺ സിൻ ഹോപ്പ് ലാബ് എന്ന സന്നദ്ധ സംഘടന നടത്തിയ ഒരു പഠനത്തിൽ കണ്ടത് അമേരിക്കയിലെ മൂന്നിലൊന്നിലധികം വിദ്യാർത്ഥികൾക്ക് ആവശ്യത്തിന് ഭക്ഷണമോ സ്ഥിരമായ നല്ല വാസസ്ഥലമോ ഇല്ല എന്നാണ്. വിസ്കോൺസിൻ ലാബ് നടത്തിയ പഠനത്തിൽ കണ്ടത് 36 ശതമാനം വിദ്യാർത്ഥികൾക്ക് കൃത്യമായി ഭക്ഷണം കഴിക്കാൻ കഴിയുന്നില്ല എന്നും 36 ശതമാനം വിദ്യാർത്ഥികൾക്ക് കൃത്യമായ വാസസ്ഥലവുമില്ല എന്നാണ്. ഒൻപത് ശതമാനം പേർക്ക് വാസസ്ഥലമേ ഇല്ല. കഴിഞ്ഞ വർഷത്തെ പഠനത്തിലും സ്ഥിതി ഇതു തന്നെയാണെന്നു കണ്ടെത്തിയിരുന്നു. ഈ വർഷം നടത്തിയ പഠനത്തിൽ കണ്ടത് 46 ശതമാനം വിദ്യാർത്ഥികൾ താമസസ്ഥലത്തിനു വാടക കൊടുക്കാൻ ബുദ്ധിമുട്ടുന്നു എന്നാണ്. ഈ പ്രശ്നങ്ങൾ ഇപ്പോൾ പാവപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും മധ്യവർഗക്കാരിലേക്കും വ്യാപിച്ചിരിക്കുകയാണ്.

ഇത്തരം സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം വിദ്യാർത്ഥികൾക്ക് നല്ല രീതിയിൽ പഠിക്കാൻ കഴിയുന്നില്ല. അവരുടെ സ്കോർ വളരെ കുറഞ്ഞു വരുന്നു. ഈയവസ്ഥയിൽ അവർക്ക് ഒരു കോളേജ് ഡിഗ്രി വിജയകരമായി എടുക്കാനുള്ള സാധ്യത പോലും ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്.

ഭക്ഷണം കൃത്യമായി കഴിക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ ഭാരം കുറവായി കാണപ്പെടുന്നു. പോഷകാഹാരക്കുറവു മൂലം ആരോഗ്യമാകെ ക്ഷയിക്കുകയും ചെയ്തുവരുന്നു.

വീടിനു വാടക കൊടുക്കാൻ കഴിയാതെ വരുന്നതു മൂലം വിദ്യാർത്ഥികൾ പലപ്പോഴും വാസസ്ഥലങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്നു. ചിലപ്പോൾ കുറച്ചു ദിവസത്തേക്ക് സുഹൃത്തുക്കളുടെ കൂടെ താമസിക്കും. ചിലപ്പോൾ കോളേജ് ക്യാമ്പസിൽ കറങ്ങി നടക്കും. ചിലപ്പോൾ കാലി കിടക്കുന്ന കെട്ടിടങ്ങളിൽ അനധികൃതമായി താമസിക്കും. ഈ ദുരിതത്തിനിടയിൽ അവർ വളരെ ബുദ്ധിമുട്ടിയാണ് പഠനം നടത്തുന്നത്.

35 യൂണിവേഴ്സിറ്റികളിലും, 31 കമ്യൂണിറ്റി കോളേജുകളിലുമായി 43,000 വിദ്യാർത്ഥികളിൽ നിന്നു വിവരം ശേഖരിച്ചാണ് പഠനം നടത്തിയത്. അമേരിക്കയിലെ 20 സംസ്ഥാനങ്ങളിലായി കിടക്കുന്ന സ്ഥാപനങ്ങളിലാണ് പഠനം നടന്നത്. പ്രശ്നം വളരെ വ്യാപകമാണെന്ന് ഇത് കാണിക്കുന്നു.

# സാമ്രാജ്യത്വവും കൂട്ടാളികളും ലോകത്തെ യുദ്ധത്തിലേക്ക് നയിക്കുന്നു



ഇന്നത്തെ ലോക സാമ്പത്തിക രാഷ്ട്രീയ സാഹചര്യത്തിൽ ചൈനയിലെ കഴിഞ്ഞ 5 വർഷത്തെ ലോക ശ്രദ്ധ ആകർഷിച്ച മാറ്റങ്ങൾ പരിശോധനാവിധേയമാണ്. ചൈനീസ് സമ്പദ്ഘടന ജി.ഡി.പി ശരാശരി 7.1% ക്രമത്തിൽ വളർന്ന് 13 ലക്ഷം കോടി ഡോളറിന് മുകളിൽ എത്തി. നഗരങ്ങളിൽ 66 ദശലക്ഷത്തിനുമേൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ആഭ്യന്തര ഉപഭോഗം ഒരു പ്രമുഖ സാമ്പത്തിക വളർച്ച ഘടകമായി മാറി. 2017 ലെ സാമ്പത്തിക വളർച്ചയുടെ 58.8% ആഭ്യന്തര ഉപഭോഗ നിലവാരമാണ് സംഭാവന ചെയ്തത്. സേവന മേഖല 45.3% ത്തിൽ നിന്നും 51.3% ത്തിൽ എത്തി. ജനജീവിതം കൂടുതൽ സുഖകരമായി. 68 ദശലക്ഷം പേർ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും മോചിതരായി. വ്യക്തിഗത വരുമാനം പ്രതിവർഷം 7.4% ക്രമത്തിൽ വർദ്ധിച്ചു. ജനജീവിത ദൈർഘ്യം 76.7 വർഷമായി വർദ്ധിച്ചു. വായു, വെള്ളം, ഭൂമി എന്നിവയുമായി ബന്ധപ്പെട്ട മലീനീകരണ പരിഹാര നടപടികളിൽ കഴിഞ്ഞ 5 വർഷം വലിയ മുന്നേറ്റം ഉണ്ടായി. വർദ്ധിച്ച മലീനീകരണ സാദ്ധ്യതയുള്ള വൻ നഗരങ്ങളിൽ മലിനീകരണ വിഷമദിനങ്ങൾ പകുതിയായി കുറച്ചു.



**എൻ. പത്മലോചനൻ**

സാമ്പത്തിക, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, പാരിസ്ഥിതിക രംഗങ്ങളിലും ദേശീയ സുരക്ഷിതത്വ രംഗത്തും പാർട്ടി ശക്തിപ്പെടുത്തുന്നതിലും 1510 നവ സമീപനങ്ങൾ പ്രാവർത്തികമാക്കി. 19-ാം പാർട്ടി കോൺഗ്രസ്സുമായി ബന്ധപ്പെട്ട നാഷണൽ പാർട്ടി കൺവൻഷനിൽ സി ജിൻപിങ് പ്രഖ്യാപിച്ചു - എവിടെയൊക്കെ എന്തൊക്കെ പ്രശ്നങ്ങളിലാണോ ജനങ്ങൾ അസ്വസ്ഥതരും സന്തോഷരഹിതരുമായി കാണുന്നത് അവയിലൊക്കെ കഠിനാദ്ധ്വാനം വഴി അതിനു പരിഹാരം ഉണ്ടാക്കും. സി ജനങ്ങളുടെ പ്രശ്നങ്ങളിൽ സദാ ഉൾകണ്ഠ ഉള്ള വ്യക്തിയാണ്. ജനങ്ങളുമായുള്ള അദ്ദേഹത്തിന്റെ പൂർവ്വകാല ബന്ധം അതിനു തെളിവാണ്.

ഒരു കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയുടെ മകനായി ജനിച്ചു. ചെറുപ്രായത്തിൽ തന്നെ നഗരത്തിലെ നിരവധി വിദ്യാസമ്പരായ യുവജന വിഭാഗങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. 15-ാം വയസ്സിൽ നഗരജീവിതം ഉപേക്ഷിച്ചു ഗ്രാമപ്രദേശത്തേക്ക് കുടിയേറി കർഷകജനതയുടെ ജീവിതവിഷമതകൾ പഠിക്കാൻ ഷാങ്ഹി പ്രോവിൻസിലെ ഒറ്റപ്പെട്ട ഒരു ചെറിയ ഗ്രാമത്തിൽ 7 വർഷം ജീവിച്ചു. ആ ജിവിതാനുഭവം അദ്ദേഹത്തിന് മനുഷ്യസമൂഹത്തിന്റെ താഴെതട്ടിലെ യഥാർത്ഥ ജീവിത പ്രശ്നങ്ങളെപ്പറ്റിയും അവയോട് സ്വീകരിക്കേണ്ട

പ്രായോഗിക സമീപനങ്ങളെപ്പറ്റിയും അതിൽ വേണ്ട പൊതുവായ ജനകീയ സമീപനത്തെപ്പറ്റിയും ഉള്ള അറിവ് നൽകി.

തുടർന്നുള്ള ദശാബ്ദങ്ങളിൽ സി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ താഴെതട്ടിൽ നിന്നും പാർട്ടിയുടെ ഉന്നത ശ്രേണികളിലേക്കുയർന്നു. പട്ടാളത്തിലെ അദ്ദേഹത്തിന്റെ പ്രവർത്തനാനുഭവം, വളരെ ഒറ്റപ്പെട്ട ഒരു ദരിദ്ര്യമായ ഗ്രാമജീവിതാനുഭവം, സമ്പന്നമായ സമുദ്രതീര മേഖലയിലെ ജീവിതാനുഭവങ്ങൾ എല്ലാം അദ്ദേഹത്തിന്റെ നേതൃത്വ വൈഭവത്തിൽ പ്രതിഫലിക്കുന്നതുകാണാം.

2007 -ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റിയുടെ പൊളിറ്റിക്കൽ ബ്യൂറോയുടെ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പറായി. 2012 -ൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മിറ്റിയുടേയും പാർട്ടിയുടെയും ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 2013 മാർച്ചിൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈയുടെ പ്രസിഡന്റ് ആയും ചൈനീസ് മിലട്ടറി കമ്മീഷൻ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു. 5 വർഷങ്ങൾക്കുശേഷം 2018 മാർച്ച് 17 ന് വീണ്ടും പ്രസ്തുത സ്ഥാനങ്ങളിലേക്ക് സി ജിൻപിങ്ക് എന്ന 64 കാരൻ ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടു.

സി യുടെ കാഴ്ചപ്പാടിൽ ഇന്നത്തെ പുതിയ മനുഷ്യയുഗത്തിൽ ചൈനയ്ക്ക് ശ്രദ്ധേയമായ നേട്ടങ്ങൽ കൈവരിക്കാൻ കഴിയുന്നതിനുള്ള താക്കോൽ ശക്തി, ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുള്ള സ്വാധീനവും ആധിപത്യവുമാണ്. പാർട്ടിയുടെ സംഖ്യാബലം 89 ദശലക്ഷത്തിനു മുകളിലാണ്. അതുകൊണ്ട് തന്നെ പാർട്ടിയെ ശുദ്ധീകരിക്കുന്നതിന്റെ ഭാഗമായി മുമ്പെങ്ങുമില്ലാത്തവിധം ശക്തമായ അഴിമതിവിരുദ്ധ പ്രത്യേക ആസൂത്രിത പിരിപാടികൾ കൈക്കൊണ്ടു. ഉന്നതങ്ങളിലെ 460 മുതിർന്ന ഉദ്യോഗസ്ഥർ ഉൾപ്പെട്ട 15 ലക്ഷം ഉദ്യോഗസ്ഥരിൽ അഴിമതിക്കാരെയും കുറ്റക്കാരെയും കണ്ട് ശിക്ഷിച്ചു. ഈ നടപടി 130 കോടി ജനങ്ങളുടെ ജീവിത രക്ഷയ്ക്കായിട്ടാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അഴിമതിവിരുദ്ധ സമരത്തിലെ പരിശോധനാ വിഭാഗത്തെ സംയോജിതവും കേന്ദ്രീകൃതവുമാക്കി. വളരെ കട്ടികൂടിയ അസ്ഥികളിലും വളരെ ചൂടുള്ള ഉരുളകിഴങ്ങുകളിലും കടിക്കണം എന്നാണ് അഴിമതി വിരുദ്ധ വിഭാഗ ഉദ്യോഗസ്ഥരെ സി ആഹ്വാനം ചെയ്തത്. 19-ാം പാർട്ടി കോൺഗ്രസ്സിനുശേഷവും അഴിമതി വിരുദ്ധ പ്രവർത്തനം ശക്തമായി തുടരുന്നു. തൽഫലമായി പല ഉന്നതരും വലയിൽ വീണു. സൈബർ സ്പെയിസ് അഡ്മിനിട്രേഷന്റെ മുൻ ഉന്നതാധികാരി, ആർമി ജനറൽസ്, സ്റ്റേറ്റ് കൗൺസിലേഴ്സ് തുടങ്ങിയവർ ഇവരിൽ പെടുന്നു. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നയിക്കുന്ന പട്ടാള സഹകരണത്തിന്റെയും രാഷ്ട്രീയകാര്യസമതിയുടേയും സംയുക്ത നേതൃത്വത്തിന്റേതായ പാർട്ടി സംവിധാനം മനുഷ്യസമൂഹത്തിന്റെ ശ്രദ്ധേയമായ പുതിയ രാഷ്ട്രീയ നാഗരീകത (political civilization)ആണ്. കമ്മ്യൂണിസ്റ്റ് പാർട്ടി നയിക്കുന്ന ചൈനീസ് ഡെമോക്രാറ്റിക് ലീഗ് (CDL) കമ്മ്യൂണിസറ്റിതര പാർടികൾ ചേർന്നതാണ്. ലീഗ് പുതിയ രാഷ്ട്രീയ നാഗരീകത അംഗീകരിക്കുന്നു.

ചൈന ലോകത്തിന്റെ ഒരു സാമ്പത്തിക ശക്തികേന്ദ്രമാണ് (Economic Power House) ലോകസമ്പദ്‌വ്യവസ്ഥയുടെ 30% ത്തിനുമേൽ സംഭാവന നൽകുന്നത് ചൈനയാണ്. ഈ സംഭാവനയിൽ അമേരിക്കയ്ക്കും, ജപ്പാനും യുറോപ്യൻ യൂണിയനും മുന്നിലാണ് ചൈനയുടെ സ്ഥാനം. ആഗോള ദാരിദ്ര്യ ലഘൂകരണത്തിന്റെ 70% പങ്കാളിത്തം ചൈനയുടേതാണ്. ചൈനയുടെ ബൽറ്റ്-റോഡ് പദ്ധതികളും അമേരിക്കൻ സാമ്രാജ്യത്ത നേതൃത്വത്തിലുള്ള ഏക ധ്രുവലോക സിദ്ധാന്തത്തെ വെല്ലുവിളിക്കുന്ന ബഹു ധ്രുവലോക കാഴ്ചപ്പാടിന് ശക്തിപകരുന്ന ബ്രിക്സ് (ആഞകഇട) (ബ്രസിൽ, റഷ്യ, ഇന്ത്യ. ചൈന, സൗത്താഫ്രിക്ക) സംവിധാനവും മറ്റും ലോകരാഷ്ട്രീയ സംവിധാനത്തിൽ മർമ്മ പ്രധാനമാണ്.

സ്വതന്ത്ര ആഗോള സമ്പദ്ഘടനയുടേയും സ്വതന്ത്രവ്യാപാരത്തിന്റേയും ആഗോള ഭരണാധിപത്യത്തിന്റേയും മാതൃകയായി ചൈന മാറികൊണ്ടിരിക്കുന്നു. 2017 ഡിസംബറിൽ ബീജിങിൽ ചൈനീസ് കമ്മയൂണിസ്റ്റ് പാർട്ടി 120 രാജ്യങ്ങളിൽ നിന്നുമുള്ള 300 രാഷ്ട്രീയ പാർട്ടികളുടെ 600 പ്രതിനിധികൾ പങ്കെടുത്ത ലോക രാഷ്ട്രീയ പാർട്ടികളുടേതായ ഒരു ഉന്നതലതല സമ്മേളനം കൂടുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ സി പറഞ്ഞു- ലോകത്തൊട്ടാകെയുള്ള ജനങ്ങൾ ഒരു കുടുംബമാണ്. തുറന്ന മനസ്സോടും തുറന്ന കൈകളോടും കൂടി പരസ്പരം എല്ലാം പങ്കുവയ്ക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ പരിശ്രമിക്കാം എന്നാണ്.

ചൈനയിലെ ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നത്:- സി എവിടേയ്ക്കാണ് ചൈനയെയും ലോകത്തെയും നയിക്കുന്നതെന്ന്. 2020 വരെ ഉള്ള മൂന്നുവർഷങ്ങൾ വളരെ നിർണ്ണായകമാണ്. ചൈന ലക്ഷ്യമിടുന്നത്:- അതിനകം ആസൂത്രിതവും പുരോഗമനോന്മുഖവുമായ ഒരു സമൂഹ നിർമ്മാണം പൂർത്തീകരിക്കുക എന്നതാണ്. കടുത്ത ദാരിദ്ര്യത്തെ തുടച്ചുമാറ്റുക എന്നതാണ്. ചൈന ലക്ഷ്യമിടുന്നത് അവിടുന്ന് മുന്നോട്ട് പോയി രണ്ട് ഘട്ടങ്ങളിലായി 2035 നകം അടിസ്ഥാനപരമായി തന്നെ ആധുനികത കൈവരിക്കുക എന്നതാണ്. തുടർന്ന് രണ്ടാം ഘട്ടത്തിൽ അവിടെനിന്നും മുന്നോട്ട് പോയി 2050 നകം മഹത്തായ ഒരു ആധുനിക സോഷ്യലിസ്റ്റ് രാഷ്ട്രമായി ചൈനയെ മാറ്റി തീർക്കുക എന്നതാണ്.

ചൈന യഥാർത്ഥത്തിൽ ഒരു അതിവേഗ റെയിൽ വണ്ടിയാണ്. മനുഷ്യന്റെ സാദ്ധ്യതകളെ പൂർണ്ണരൂപത്തിൽ വികസിപ്പിക്കുക എന്നതാണ് അതുവഴി ലോകത്തിനു ഒരു മാതൃക ആക്കുക എന്ന

താണ്. ഏറ്റവും ഒടുവിൽ മനുഷ്യസമൂഹത്തെ ആകെ പുരോഗതിയിലേക്ക് നയിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളും സൂക്ഷ്മ നിരീക്ഷണം നടത്തി കണ്ടെത്തുക എന്നതാണ്. 2018 ഇത്തരം ചിന്തകൾ ഉണർത്തുന്ന ഒരു ഘട്ടമാണ്. മഹാനായ കാറൽ മാക്സ് ജനിച്ചിട്ട് 200 വർഷം തികയുന്നു. ലോകോത്തര സാമൂഹ്യപരിവർത്തന-ചൂഷിതവിമുക്ത സിദ്ധാന്തമായ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചിട്ട് 170 വർഷം തികയുന്നു. ഈ ഘട്ടത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ചൈനയുടെ ഭാവിയെപ്പറ്റിയുള്ള മുകളിൽ സൂചിപ്പിച്ച കാഴ്ചപ്പാടുകൾ അമേരിക്കൻ സാമ്രാജ്യത്തെയും ലോക മുതലാളിത്ത ഭൂപ്രഭുത്വ ഭരണകൂടരാഷ്ട്രശക്തികളെയും അവരുടെയെല്ലാം കുട്ടാളികളെയും വിറളി പിടിച്ചിക്കുമെന്നതിൽ സംശയം വേണ്ട.

ചൈനയുടെ കാഴ്ചപ്പാടുകളെയും പരിപാടികളെയും എങ്ങിനെ അട്ടിമറിക്കണം എന്ന മനോവിഭ്രാന്തിയിലാണവർ. അതിന്റെ ഒന്നാംഘട്ട ബഹിർഗമനമാണ് അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് ട്രംമ്പ് തുടങ്ങി കഴിഞ്ഞ വ്യാപാരയുദ്ധം (Trade War) രണ്ടാം ഘട്ടമാണ് നയതന്ത്രരംഗത്തെ യുദ്ധം (Diplomatic War) മൂന്നാംഘട്ടമാണ് സായുധ ആക്രമണ യുദ്ധം (Armed aggressive war). അതാണ് സിറിയയിൽ 2018 ഏപ്രിൽ 14 -ന് തുടക്കം കുറിച്ചിരിക്കുന്ന നാറ്റോ പട്ടാള കൂട്ടുകെട്ടുശക്തികളുമായി ചേർന്ന് അമേരിക്ക നടത്തുന്ന ആക്രമണം.

### നയതന്ത്രബന്ധ സ്ഥാപനമായ എംബസികൾക്കെതിരായ ആക്രമണം

2018 മാർച്ച് 3-ന് റഷ്യൻ മുൻ ചാരൻ സർജി സ്ക്രിപാൽനയും മകൾ മുളിയാസ്ക്രിപായിനയും വിഷവാതകത്തിന് വിധേയമായി ഗുരുതരമാവസ്ഥയിൽ ബ്രിട്ടനിലെ സാലിസ്ബറിയിലെ ഒരാസ്പത്രിയിൽ പ്രവേശിപ്പിച്ച സംഭവത്തെ തുടർന്ന് നയതന്ത്ര ബന്ധത്തിൽ ബ്രിട്ടനും റഷ്യയും തമ്മിൽ പുതിയ സംഘർഷം ആരംഭിച്ചു. മാർച്ച് 6-ന് ബ്രിട്ടന്റെ വിദേശകാര്യമന്ത്രി ബോറിസ് ജോൺസൺ മോസ്കോയ്ക്കെതിരെ പ്രതികാരനടപടികൾ ഉണ്ടാക്കുമെന്ന് ഭീഷണിമുഴക്കി. മാർച്ച് 7 -ന് നാഡികൾ സ്തംഭിപ്പിക്കുന്ന വിഷവാതകമാണ് മുൻ റഷ്യൻ ചാരന്റെയും മകളുടെയും അബോധാവസ്ഥയ്ക്കു കാരണമെന്ന് സലിസ്ബറി പോലീസ് വ്യകതമാക്കി. മാർച്ച് 13 -ന് ബ്രിട്ടീഷ് പ്രധാനമന്ത്രി തെരീസാമേ റഷ്യൻ ഗവൺമെന്റിനെ പ്രസ്തുത സംഭവത്തിൽ കുറ്റവാളിയായി ആരോപിച്ചു. മാർച്ച് 17-ന് ബ്രിട്ടനോടൊപ്പം ചേർന്ന് അമേരിക്കയും റഷ്യയ്ക്കെതിരെ വിരൽ ചൂണ്ടി റഷ്യയുടെ മേൽ സംഭവത്തിന്റെ ഉത്തരവാദിത്വം ചുമത്തി. ബ്രിട്ടൻ അന്നേദിവസം 23 റഷ്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി. മാർച്ച് 15-ന് റഷ്യ തിരിച്ചടി നൽകാൻ തീരുമാനിച്ചു. മാർച്ച് 16 -ന് ചാര ആക്രമണത്തിന്റെ പേരിൽ റഷ്യൻ പ്രസിഡന്റ് പുടിനെ ആക്ഷേപിക്കുന്നത് പൊറുക്കാനാകാത്ത നടപടിയാണെന്നും തക്കതായ തിരിച്ചടി തക്കസമയത്ത് ഉണ്ടാകുമെന്നും ക്രംലിൻ വ്യക്തമാക്കി. മാർച്ച് 17 -ന് 23 ബ്രിട്ടിഷ് നയതന്ത്ര ഉദ്യോഗസ്ഥരെ റഷ്യ പുറത്താക്കി. തുടർന്ന് ബ്രിട്ടിഷ്- അമേരിക്കൻ കൂട്ടുകെട്ടിലെ 23 രാജ്യങ്ങളിലെ 54 നയതന്ത്ര പ്രതിനിധികളെയും പുറത്താക്കി. അതിനുമുമ്പ് തന്നെ 60 അമേരിക്കൻ നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി, പീറ്റേഴ്സ് ബർഗിലെ നയതന്ത്ര കാര്യാലയം അടച്ചുപൂട്ടി. തുടർന്ന് മോസ്കോ 60 അമേരിക്കൻ നയതന്ത്ര പ്രതിനിധികളെ പുറത്താക്കി. സെന്റ് പീറ്റേഴ്സ് ബർഗിലെ അമേരിക്കൻ നയതന്ത്രകാര്യലയം അടച്ചുപൂട്ടി.

വീണ്ടും റഷ്യ 23 രാജ്യങ്ങളിലെ 59 നയതന്ത്ര ഉദ്യോഗസ്ഥരെ പുറത്താക്കി. ഈ പ്രശ്നത്തിൽ പാശ്ചാത്യ ശക്തികളോടൊപ്പം നിലകൊള്ളുന്ന രാജ്യങ്ങൾക്കെതിരെ തക്കതായ പ്രതികാര നടപടികൾ കൈക്കൊള്ളുമെന്ന് റഷ്യ വ്യക്തമാക്കി. തുടർന്ന റഷ്യൻ പ്രതിനിധികളെ പുറത്താക്കിയ രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളുടെ യോഗം വിളിച്ച് അവരുടെ ശത്രുതാപരമായ നിലപാട് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ടു. അല്ലാത്തപക്ഷം കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കാൻ നിബന്ധിരാകുമെന്നവരെ ധരിപ്പിച്ചു. ഇതിനിടയിൽ ചാരപുത്രി യുളിയാസ്ക്രിപാൽ സുഖം പ്രാപിച്ചുവരുന്നതായും സംസാരിക്കാൻ കഴിയുമെന്നും പിതാവിന്റെ നില മാറ്റമില്ലാതെ തുടരുന്നുയെന്നും വാർത്ത പുറത്തുവന്നു. ക്രംലിൻ വക്താവ് സൊമിട്രി പെസ്കോവ് ബ്രിട്ടന്റെ ആരോപണം ശക്തമായി നിഷേധിച്ചു. കൂടാതെ തെറ്റുപറ്റിയ രാജ്യങ്ങളുമായി സൗഹൃദം സ്ഥാപിക്കാൻ പുടിൻ സന്നദ്ധനാണെന്നും വാർത്താസമ്മേളനത്തിൽ പറഞ്ഞു. പക്ഷേ, ഈ സാഹചര്യത്തിലാണ് ഇറക്കുമതി ചുങ്കത്തിൽ ട്രംമ്പിന്റെ പ്രതികരണം ശക്തമായത്.

അമേരിക്കൻ ഉല്പന്നങ്ങൾക്ക് ഇന്ത്യയും ചൈനയും വൻ നികുതി ചുമത്തുമ്പോൾ ഈ രാജ്യങ്ങളിൽ നിന്നുമുള്ള ഉല്പന്നങ്ങൾക്ക് അമേരിക്ക കാര്യമായ നികുതി ചുമത്തുന്നില്ലെന്നാണ് ട്രംമ്പ് സൂചിപ്പിക്കുന്നത്. അങ്ങോട്ടും ഇങ്ങോട്ടും സ്വീകരിക്കാവുന്ന പരസ്പര നികുതി സമ്പ്രദായം കൊണ്ടുവരും എന്നാണ് ട്രംമ്പ് നൽകുന്ന മുന്നറിയിപ്പ്. അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ആഡംബര ബൈക്കായ ഹാർലിസേവിസൺ ബൈക്കിന് ഇന്ത്യ 50% നികുതി യാണ് ചുമത്തിയത്. അവർ 25 -ഉം 50 -ഉം, 75 -ഉം ശതമാനം നികുതി ചുമത്തട്ടെ. അതുപോലെ അമേരിക്കയും ചെയ്യും എന്നാണ് ട്രംപിന്റെ പ്രതികരണം. അമേരിക്കയ്ക്ക് മറ്റ് രാജ്യങ്ങളിൽ നിന്നും നികുതി സൗജന്യം ലഭിക്കുന്നില്ലാണ് ട്രംപിന്റെ ആക്ഷേപം.

ഇറക്കുമതി ചുങ്ക പ്രശ്നത്തിൽ ചൈന ശക്തിയായി പ്രതിഷേധിച്ചു. തുടക്കത്തിൽ തന്നെ അമേരിക്കയുടെ 28 ഉല്പന്നങ്ങൾക്കും തുടർന്ന് 106 ഉല്

പന്നങ്ങൾക്കും 25 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തി. അമേരിക്കൻ പ്രതികരണം മോശമായതിനെ തുടർന്ന് 234 അമേരിക്കൻ ഉല്പന്നങ്ങൾക്ക് കൂടി നികുതി വർദ്ധനവ് ചുമത്തി. 2017 –ൽ ചൈനയിൽ നിന്നും ഉള്ള അമേരിക്കൻ ഇറക്കുമതി 1304 ബില്യൻ ഡോളറിന്റേതാണ്. മറിച്ച് അമേരിക്കൻ ഉല്പന്നങ്ങൾ ചൈനയിൽ ഇറക്കുമതി ചെയ്തത് 505.6 ബില്യൺ ഡോളറിന്റേതാണ്. ചൈനയുമായുള്ള വ്യാപാരത്തിൽ അമേരിക്കൻ കമ്മി 375.2 ഡോളറിന്റേതാണ്.

ട്രംപിന്റെ നടപടി ഏകപക്ഷീയമാണെന്ന് ജർമ്മൻ ചാൻസിലർ ആംഗലാമേർക്കൽ പ്രതികരിച്ചു. അമേരിക്കയുടെ ഏകപക്ഷീയമായ നടപടിയെ ചെറുക്കുമെന്ന് ചൈന പ്രതികരിച്ചു. അമേരിക്കൻ ഇറക്കുമതി ചുങ്ക വർദ്ധന യു.എസ് – ഡി.ജി.പി (ഏഉജ) വളർച്ചയെ പിന്നോട്ടടിക്കുമെന്ന് റായിട്ടർ റിപ്പോർട്ട് ചെയ്യുന്നു. കഴിഞ്ഞ മൂന്നു വർഷത്തെ ശക്തമായ ഉപഭോഗ ചിലവ് ഇറക്കുമതി വർദ്ധിപ്പിച്ചു. ആസ്തി വിവരപട്ടിക താഴേക്കുപോയി. യു.എസ് ആഭ്യന്തര ഉല്പന്ന നിർമ്മാണം 2017 ന്റെ അവസാന മൂന്നു മാസക്കാലം 2.5% ആയി കുറഞ്ഞു. പ്രതീക്ഷിച്ചിരുന്നത് 2.6% ആയിരുന്നു. 2018 ഫെബ്രുവരി 28 –ന് കോമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ പുനർ നിർണ്ണയ കണക്കുപ്രകാരം 2017 മൂന്നാം പാദത്തിലുണ്ടായ അതിവേഗ വളർച്ചയായ 3.5% ത്തിൽ നിന്നാണ് നാലാം പാദത്തിൽ 2.5% ത്തിലേക്കു പതിച്ചത്. 4–ാം പാദത്തിൽ ആസ്തി നിക്ഷേപത്തിലും താഴ്ച ഉണ്ടായി.

യു.എസിന്റെ 2018 തുടക്കത്തിലെ സ്ഥിതിയും മോശമാണ്. സ്ഥിതിവിവര കണക്കുപ്രകാരം ചില്ലറ വില്പനയിലും വീട്ടുസാമാന വില്പനയിലും സ്ഥായിയായ ഉല്പന്നങ്ങളുടെ ആവശ്യത്തിലും വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും 2018 ജനുവരിയിൽ ഇടിവുണ്ടായി. കൂടാതെ 2017 ഫെബ്രുവരിയിൽ കയറ്റുമതി ഇടിവുമൂലം ഉല്പന്ന വ്യാപാരകമ്മി വർദ്ധിച്ചു. 2018 ആദ്യപാദത്തിലെ വളർച്ച വ്യാപാരത്തിലെ പരമ്പരാഗതമായ സൂത്രപണികൾമൂലം മാന്ദ്യത്തിലാണ്. രണ്ടാം പാദം മുതൽ വളർച്ചയിൽ കുതിപ്പുണ്ടാകുമെന്നാണ് പ്രതീക്ഷ. എന്നാൽ 1.5 ലക്ഷം കോടി ഡോളറിന്റെ നികുതി കുറയ്ക്കൽ പാക്കേജ് ഒരു ഭാഗത്ത്, മറുഭാഗത്ത് ഗവൺമെന്റിന്റെ ചിലവ് വർദ്ധനവും ഉണ്ടായിട്ടും 2018 ലെ ആദ്യപാദത്തിലെ വളർച്ചാ വർദ്ധനവ് 1.8% ആണ്. സാമ്പത്തിക വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ 2018 –ൽ വാർഷിക വളർച്ച 3% ത്തിൽ എത്തുമെന്നാണ്. തന്മൂലം അമേരിക്കൻ ഫെഡറൽ റിസർവ് ബാങ്കിന്റെ മേൽ പലിശ വർദ്ധിപ്പിക്കാൻ സമ്മർദ്ധമേറുന്നതാണ്. യു.എസിന്റെ 2016 ലെ വളർച്ചാനിരക്ക് 1.5% ആയിരുന്നു. 2017 –ൽ 2.3% ആയി ഉയർന്നു. 2018 –ൽ 2% ആയി ഉയരുമെന്നാണ് പ്രതീക്ഷ. പക്ഷേ മുകളിൽ സൂചിപ്പിച്ച വസ്തുതകൾ യു.എസ് സമ്പദ്ഘടനയിൽ ഒരു അനിശ്ചിതത്വത്തെ ആണ് സൂചിപ്പിക്കുന്നത്.

## ട്രംപിന്റെ വ്യാപാരയുദ്ധം (Trade War) പ്രഖ്യാപനം

അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് ട്രംപ് 1.3.2018 –ൽ ഉരുക്ക് (Steel) ഉല്പന്നങ്ങൾക്ക് ഇറക്കുമതി ചുങ്കം 25% വും അലുമിനിയം ഉല്പന്നങ്ങൾക്ക് ഇറക്കുമതി ചുങ്കം 10% വും നാടാടെ ഏർപ്പെടുത്തി. അമേരിക്കൻ ഉല്പാദകരുടെ സംരക്ഷണമാണീനടപടി എന്നാണ് ട്രംപിന്റെ പ്രധാന ന്യായീകരണം. ഫലത്തിൽ ഈ നികുതി വർദ്ധനവിന്റെ ഭാരം ചുമക്കേണ്ടി വരുന്നത് അമേരിക്കൻ ഉപഭോക്താക്കളാണ്.

അമേരിക്കൻ സഖ്യകക്ഷികളായ കാനഡയും യൂറോപ്യൻ യൂണിയനും ആസ്ത്രേലിയായും ശക്തയായി പ്രതികരിച്ചു. ഇന്റർ നാഷണൽ മോണിട്ടറി ഫണ്ട് (IMF) ന്റെ പ്രതിനിധി ഗ്രേറിറൈസ് അമേരിക്കയോടും മറ്റ് രാജ്യങ്ങളോടും അഭ്യർത്ഥിച്ച് സ്വന്തം സുരക്ഷിതാർത്ഥം ഇറക്കുമതി നിയന്ത്രണം ഏർപ്പെടുത്തരുതെന്നാണ്. മറിച്ച് അമേരിക്കയും അവരുടെ പരമ്പരാഗത വ്യാപാരപങ്കാളികളുമായി ഫലപ്രദമായ നടപടികളിലൂടെ നിലവിലുള്ള തർക്കങ്ങൾക്ക് സമവായം ഉണ്ടാക്കാൻ ശ്രമിക്കണമെന്നാണ്. ട്രംപ് ന്റെ ഏകപക്ഷീയമായ ഈ നടപടി ലോകവ്യാപാര മേഖലയെ ശക്തമായി ഭംഗപ്പെടുത്തും. അമേരിക്കൻ സമ്പദ്ഘടനയേയും പ്രതികൂലമായി ബാധിക്കും. അമേരിക്കൻ വ്യാപാര പങ്കാളികളെയും ദോഷകരമായി ബാധിക്കുമെന്നും കണഎ പ്രതികരിച്ചു. യു.എസ് വ്യാപാര കമ്മീഷൻ ചീഫ് ജീൻ ക്ലാസ് ഡംഗർ പ്രതികരിച്ചത് ഇപ്രകാരമാണ്:– ഞങ്ങളുടെ താല്പര്യപ്രകാരം ഇതിനെതിരെ ശക്തമായി പ്രതികരിക്കും എന്ന് പ്രതിജ്ഞ എടുക്കുന്നു എന്നാണ്.

ഈ പ്രതികരണങ്ങൾക്കൊക്കെ എതിരെ ട്രംപിന്റെ പ്രതികരണം വ്യാപാരയുദ്ധം ഒരു നല്ല കാര്യമാണെന്നാണ്. ട്രംപ് അദ്ദേഹത്തിന്റെ ടിറ്ററിൽ പറഞ്ഞത് ഇപ്രകാരമാണ്:– വ്യാപാരയുദ്ധം അമേരിക്കയ്ക്ക് വലിയ നേട്ടം ഉണ്ടാക്കും എന്നാണ്. ട്രംപിന്റെ ഏകപക്ഷീയമായ നടപടിക്കെതിരെ അമേരിക്കൻ വ്യാപാരികൾ വേൾഡ് ട്രെയിഡ് ഓർഗനൈശേഷനിൽ (WTO) പരാതി നൽകി. അമേരിക്കൻ നടപടിക്കെതിരെ യുറോപ്യൻ യൂണിയൻ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തുമെന്നും പ്രഖ്യാപിച്ചു. ജപ്പാനാകട്ടെ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിക്കുമെന്നും നിർമ്മാണ കമ്പനികൾ വിലകുറഞ്ഞ സ്റ്റീൽ ഉപയോഗിക്കില്ലെന്നും അതുകൊണ്ട് മോട്ടോർ വാഹനങ്ങളുടെ വില വർദ്ധിക്കുമെന്നും പ്രഖ്യാപിച്ചു. തന്മൂലം ഉപഭോഗ നിലവാരം താഴാനിടവരും. പുതിയചുറ്റുപാടിൽ അമേരിക്ക സ്റ്റീൽ ഉല്പാദനം വർദ്ധിപ്പിക്കാനാണ് നീക്കം. പക്ഷേ, അമേരിക്കയടെ ഉല്പാദന ചിലവ് ഉരുക്കിന്റെ ഇറക്കുമതി വിലയേക്കാൾ അധികരിച്ചതാണ്. തന്മൂലം അമേരിക്കൻ ഉല്പന്നങ്ങളുടെ വില വർദ്ധിക്കും. ആ ഭാരം ചുമക്കേണ്ടി വരുന്നത് അമേരിക്കൻ ഉപഭോക്താക്കളാണ്.

ഐ.എം.എഫ് (IMF) വീണ്ടും ഇപ്രകാരം പ്രഖ്യാപിച്ചു:– വ്യാപാരം ആഗോള സാമ്പത്തിക വളർ

ച്ചയുടെ പ്രധാനഘടമാണ്. അതുകൊണ്ട് സ്വയം സംരക്ഷണങ്ങൾ (Self protection policies) ലോക സാമ്പത്തിക കുഴപ്പത്തിൽ നിന്നും കരകയറാനുള്ള നടപടികളെ തടസ്സപ്പെടുത്തുമെന്നും പറഞ്ഞു. തുടർന്ന് മാർച്ച് 10 -ന് ട്രംപ് പ്രതികരിച്ചത് ഇപ്രകാരമാണ്.:- അമേരിക്കയുടെ വർദ്ധിപ്പിച്ച നികുതി നിരക്ക് അംഗീകരിക്കാൻ തയ്യാറാകാത്ത പക്ഷം ഇന്ത്യയും ചൈനയും അടക്കമുള്ള രാജ്യങ്ങൾക്ക് പ്രതികാര നികുതി ചുമത്തുമെന്ന ഭീഷണിമുഴക്കി. അമേരിക്കയ്ക്കെതിരായ പ്രതിഷേധം ശക്തമായ പുതിയ സാഹചര്യം ഉപയോഗപ്പെടുത്തി റഷ്യയ്ക്കെതിരായും റഷ്യയുമായി സഹകരിക്കുന്ന രാജ്യങ്ങൾക്കെതിരായും ഒരു സൈനിക ഏറ്റുമുട്ടലിനാണ് അമേരിക്കയും നാറ്റോ ശക്തികളും കളമൊരുക്കുന്നതെന്ന് തോന്നിക്കും വിധത്തിലാണ് അമേരിക്കൻ ട്രംപ് ഭരണകൂടനീക്കം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

### ട്രംപ് ലോകസമാധാനത്തെ വെല്ലുവിളിക്കുന്നു

2018 -ൽ അമേരിക്കൻ ഒബാമ ഭരണം ഇറാന്റെ ആണവ പരിപാടി പരിമിതപ്പെടുത്തുന്നതിനും ഇറാനെതിരായ അന്തർദേശീയ ഉപരോധം പിൻവലിക്കുന്നതിനും കരാറുണ്ടാക്കി. ഇപ്പോൾ ട്രംപ് പ്രസ്തുത കരാർ അംഗീകരിക്കുന്നില്ല. അമേരിക്കൻ നിയമമനുസരിച്ച് ഓരോ 90 ദിവസവും കൂടുമ്പോൾ ഈ കരാറിന് പുതുതായി അംഗീകാരം നൽകണം. ട്രംപിന് അതിൽ താല്പര്യമില്ല. മറിച്ച് പുതിയ ഉപരോധം ഏർപ്പെടുത്തൽ പ്രശ്നം അമേരിക്കൻ കോൺഗ്രസ്സിന് അവതരിപ്പിച്ചു. കോൺഗ്രസ് അനുമതി സമ്മതിച്ചു. പ്രശ്നം ട്രംപിന്റെ തീരുമാനത്തിനു വിട്ടിരിക്കുന്നു. ഇറാനുമായുള്ള കരാറിൽ സഖ്യകക്ഷികളായ ബ്രിട്ടൻ, ചൈന, റഷ്യ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങൾ മേയ് 12 നകം ഒരു തീരുമാനം എടുക്കണം എന്ന് ട്രംപ് ആവശ്യപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ രാജ്യങ്ങൾക്ക് കരാർ റദ്ദാക്കാൻ താല്പര്യമില്ല. കാരണം, ഇറാൻ കരാർ 100% പാലിക്കുന്നു എന്നതാണ് കാരണം. ട്രംപിന്റെ കരാർ റദ്ദാക്കൽ നടപടി സ്വീകരിക്കുന്ന പക്ഷം ഇറാനെ ഒരു ആണവായുധ യുദ്ധത്തിലേക്കു തള്ളിവിടുക എന്നതായിരിക്കും ഫലം എന്ന് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നു.

അമേരിക്കൻ ഇറാൻ ബന്ധം രണ്ടുകൂട്ടരുടെയും താല്പര്യത്തിന് ഉതകുന്നതാണ്. അഫ്ഗാനിസ്ഥാനിലും ഇറാക്കിലും താലിബാനെയും ഇസ്ലാമിക് സ്റ്റേറ്റിനെയും പരാജയപ്പെടുത്താൽ ഉതകുന്നതാണ്. ട്രംപ് ആകട്ടെ തന്റെ മുൻഗാമികളുടെ നയപരമായ കരാറുകളിൽ നിന്നെല്ലാം പിൻമാറുകയാണ്. ട്രംപ് പസഫിക് പാർട്ടണർ ഷിപ്പിൽ നിന്നും പിൻമാറി. പരിസ്ഥിതിപരമായ പരീസ് ക്ലൈമറ്റ് ഡീലിൽ നിന്നും പിൻമാറി. കഴിഞ്ഞ വർഷം ക്യൂബയ്ക്കെതിരായി കടുത്ത ഉപരോധം ഏർപ്പെടുത്തി. ക്യൂബയുമായുള്ള നയതന്ത്ര ബന്ധം മരവിപ്പിച്ചു. ട്രംപിന്റെ അഭിപ്രായത്തിൽ ഏറ്റവും വലിയ കുഴപ്പങ്ങൾ കുത്തിപൊക്കുന്ന രാജ്യമാണ് ഇറാൻ.

ട്രംപ് സൗദി അറേബ്യ സന്ദർശിച്ചു. അവിടെ സുന്നി പക്ഷരാജ്യങ്ങളുടെ ഉപരിസമിതിയിൽ പങ്കെടുത്തു. ഉന്നം ഷിയ പക്ഷക്കാരായ ഇറാനെ ഒറ്റപ്പെടുത്തലാണ്. ഒബാമ പിൻതുടർന്ന, വസ്തുതപരമായി സ്ഥാപിച്ച ബന്ധങ്ങളെല്ലാം ട്രംപ് നിരാകരിക്കുകയാണ്. ആണവ വിഷയത്തിൽ ഇറാനുമായുണ്ടായ ധാരണ സൗദിയും, ഇസ്രേലുമായി കൂടി നയതന്ത്രബന്ധങ്ങൾ ശക്തിപ്പെടുത്താനും പ്രസ്തുത മേഖലയിൽ ശരിയായ ഒരു കൂട്ടുകെട്ടിന് അവസരം സൃഷ്ടിക്കാനും സഹായകരമാണ്. പക്ഷേ, ട്രംപ് അതിനെതിരായ നീക്കമാണ് നടത്തുന്നത്. നയതന്ത്രരംഗത്ത് അമേരിക്കയെ ഒറ്റപ്പെടുത്തുന്നതാണ് ട്രംപിന്റെ നീക്കം. അമേരിക്കയിൽ ഒരു പ്രസിഡന്റ് മറ്റു രാജ്യങ്ങളുമായി പൊതുസ്വീകാര്യത ഉള്ള കരാറുകൾ ഉണ്ടാക്കുന്നു. തുടർന്നു വരുന്ന മറ്റൊരു പ്രസിഡന്റ് അതെല്ലാം തല്ലിനിരത്തുന്നു, നിരാകരിക്കുന്നു.

### സിറിയക്കെതിരെ മിസൈൽ ആക്രമണം

അമേരിക്കൻ യുദ്ധവെറി പൊട്ടിതെറിക്കാൻ തുടങ്ങിയിരിക്കുന്നു. ഏപ്രിൽ 11 -ന് അമേരിക്കൻ പ്രസിഡന്റ് ട്രംപ് സിറിയയിൽ മിസൈൽ ആക്രമണം ഉടൻ പ്രതീക്ഷിക്കാമെന്നും സൈനിക ഇടപെടലുകൾ വേണ്ടി വന്നാൽ ഉണ്ടാകുമെന്നും റഷ്യയ്ക്കു മുന്നറിയിപ്പ് നൽകി. സിറിയൻ വിമതരെയും ഇസ്ലാമിക് സ്റ്റേറ്റ്സ് വാദികളയും നേരിടാൻ റഷ്യയാണ് അസാദിന്റെ സിറിയൻ ഭരണത്തെ ശക്തിയായി സഹായിക്കുന്നത്. സിറിയയിലെ അട്ടിമറിക്കെതിരെ വിഷവാതക പ്രയോഗം സിറിയൻ സേന നടത്തിയെന്നാണ് ആരോപണം. ഈ നുണക്കഥ കെട്ടിച്ചമച്ചതാണെന്ന് സിറിയൻ ഭരണ വക്താവ് തറപ്പിച്ചു പ്രഖ്യാപിച്ചു. അമേരിക്കൻ മിസൈലുകളെ നേരിടാനും തകർക്കാനും തയ്യാറാണെന്ന് റഷ്യയും പ്രഖ്യാപിച്ചു. ഒടുവിൽ അതു സംഭവിച്ചു. ഏപ്രിൽ 14 -ന് വെളുപ്പിന് സിറിയയിൽ മൂന്നിടത്ത് അമേരിക്കയും സഖ്യകക്ഷികളായ ബ്രിട്ടണും, ഫ്രാൻസും സംയുക്തമായി കപ്പലിൽ നിന്നും വിമാനങ്ങളിൽ നിന്നും നൂറിൽപരം മിസൈൽ ആക്രമണം നടത്തി. മനുഷ്യനാശം ഉണ്ടായില്ലാന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ജനവാസ കേന്ദ്രങ്ങളല്ല മറിച്ച് വിഷവാതക നിർമ്മാണ കേന്ദ്രങ്ങളാണ് ആക്രമിക്കപ്പെട്ടതെന്നും അമേരിക്കൻ കേന്ദ്രങ്ങൾ അവകാശപ്പെട്ടു. ഇത്തരം രാസായുധ ശേഖരത്തിന്റെ ഒരു കള്ളക്കഥ പ്രചരിപ്പിച്ചാണ് 2003 -ൽ സദാമിന്റെ ഇറാക്കിൽ അമേരിക്കൻ സേന ആക്രമണം നടത്തിയതെന്ന ചരിത്രം ഓർക്കേണ്ട സന്ദർഭമാണിത്. ഒടുവിൽ സദാമിനെതിരായ ആരോപണം കളവാണെന്ന് തെളിഞ്ഞു. അമേരിക്കൻ യുദ്ധവെറിയുടെ തുടർകഥകൾ കാത്തിരുന്നുകാണാം. ലോകത്തെ സാർവ്വനാശകാരിയായ യുദ്ധത്തിലേക്കു നയിക്കുന്ന സാമ്രാജ്യത്ത നീക്കങ്ങൾ കാത്തിരുന്നു കാണാം. ■

# തൊഴിൽ അസ്ഥിരമാക്കുന്നതിനെതിരെ കേരളത്തിന്റെ പ്രതിരോധം

സ്ഥിരം തൊഴിൽ എന്ന വ്യവസ്ഥ ഒഴിവാക്കി നിശ്ചിതകാല തൊഴിൽ എന്ന രീതി നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ തൊഴിലാളികൾ സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ 2018 ഏപ്രിൽ 2ന് പണിമുടക്കി. ബി.എം.എസ് ഒഴികെയുള്ള എല്ലാ തൊഴിലാളി സംഘടനകളും ചേർന്നാണ് പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുന്നത്.



പണിമുടക്കം സംസ്ഥാനത്ത് ചരിത്ര വിജയമായിരുന്നു. ബന്ദിന്റെ പ്രതീതിയായിരുന്നു. കടകമ്പോളങ്ങൾ പൂർണമായും അടഞ്ഞുകിടന്നു. ഏതാനും ഇരുചക്രവാഹനങ്ങളും, വളരെ കുറച്ച് സ്വകാര്യ വാഹനങ്ങളും മാത്രമാണ് ഓടിയത്. ട്രാൻസ്പോർട്ട് ബസ്സുകളും, മറ്റ് പൊതുവാഹനങ്ങളും പണിമുടക്കിലായിരുന്നു. കൊച്ചി തുറമുഖം, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ആലുവ - കളമശ്ശേരി വ്യവസായ മേഖല, കഞ്ചിക്കോട് വ്യവസായ മേഖല, സെപ്ഷ്യൽ എക്കണോമിക്ക് സോൺ, ടെക്നോ പാർക്ക്, ഇൻഫോപാർക്ക് തുടങ്ങിയ ഐടി മേഖലയിലും പണിമുടക്ക് പൂർണമായിരുന്നു. വ്യവസായശാലകൾ, തോട്ടങ്ങൾ, പരമ്പരാഗത തൊഴിൽ മേഖലകൾ, നിർമാണം തുടങ്ങിയ മേഖലകളെല്ലാം സ്തംഭിച്ചു. വൈദ്യുതിബോർഡ്, വാട്ടർ അതോറിട്ടി, ട്രാൻസ്പോർട്ട് കോർപ്പറേഷൻ തുടങ്ങിയ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളിലും പണിമുടക്ക് പൂർണ്ണമായിരുന്നു. വി.എസ്.എസ്.സി, കൊച്ചിൻ ഷിപ്പ്യാർഡ്, ഇൻസ്ട്രുമെന്റേഷൻ, ബിഎസ്എൻഎൽ തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭിച്ചു. സഹകരണമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ-പൊതുമേഖലാ ബാങ്കുകൾ, ഇൻഷ്യൂറൻസ് ഓഫീസുകൾ, തപാൽ സർവ്വീസ്, ടെലികോം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെല്ലാം അടഞ്ഞുകിടന്നു. കേന്ദ്ര-സംസ്ഥാന ജീവനക്കാ രുടെ പണിമുടക്ക് പൂർണ്ണമായിരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പടെ ബിഎംഎസ് തൊഴിലാളികൾ ജോലിക്ക് കയറാതെ പണിമുടക്കുമായി സഹകരിച്ചു.

പണിമുടക്കിയ തൊഴിലാളികൾ തിരുവനന്തപുരത്ത് രാജ്ഭവനിലേക്കും, മറ്റ് ജില്ലകളിൽ കേന്ദ്ര സർക്കാർ ഓഫീസുകളിലേക്കും മാർച്ചും തുടർന്ന് ധർണയും നടത്തി. രാജ്ഭവനിലേക്ക് നടന്ന മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ, എഐടിയുസി നേതാവ് കെ.പി രാജേന്ദ്രൻ, യുടിയുസി നേതാവ് ഷിബു ബേബിജോൺ. സിഐടിയു സംസ്ഥാന സെക്രട്ടറി വി. ശിവൻകുട്ടി എന്നിവർ സംസാരിച്ചു. പണിമുടക്കിന്റെ പ്രചരണാ ർത്ഥം മാർച്ച് 31 ന് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും മേഖലാ/ മണ്ഡലാടിസ്ഥാനത്തിൽ സംയുക്ത ട്രേഡ് യൂണിയന്റെ നേതൃത്വത്തിൽ പ്രചര



ണ ജാഥകൾ സംഘടിപ്പിച്ചു, സ്ഥാപന മാനേജ് മെന്റുകൾക്ക് തൊഴിലാളി സംഘടനകൾ സംയുക്തമായി പണിമുടക്ക് നോട്ടീസ് നൽകി. എല്ലാ ജില്ലകളിലും സംയുക്ത പത്ര സമ്മേളനങ്ങൾ നടത്തി. പോസ്റ്ററുകൾ അച്ചടിച്ചു പ്രചരിപ്പിച്ചു.

ഏപ്രിൽ 1 ന് രാവിലെ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ പ്രവർത്തകർ കട കമ്പോളങ്ങൾ അടച്ച് ഏപ്രിൽ 2 ന്റെ പണിമുടക്കുമായി സഹകരിക്ക ണമെന്ന് വ്യാപാരികളോട് നേരിട്ട് അഭ്യർത്ഥിച്ചു.

ഏപ്രിൽ 1 ന് വൈകുന്നേരം സംസ്ഥാനത്താകെ പ്രാദേശികാടിസ്ഥാനത്തിൽ പന്തം കൊളുത്തി പ്രകടനങ്ങൾ നടത്തി. ഏപ്രിൽ 2 ന് സംയുക്ത ട്രേഡ് യൂണയന്റെ സംസ്ഥാന നേതാക്കൾ വിവിധ ജില്ലകളിൽ പണിമുടക്കിന് നേതൃത്വം നൽകി

പൊതുവിൽ പണിമുടക്ക് വിജയിപ്പിക്കാൻ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ നല്ല പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടത്തിയത്. ബഹുജനങ്ങൾ പൊതുവെ സമരത്തെ അനുകൂലിച്ചു. കേന്ദ്ര സർക്കാരിന്റെ തൊഴിലാളി ദ്രോഹ നടപടികൾക്കെതിരെയുള്ള താക്കിതായി മാറി ഈ പണിമുടക്കം. വലിയ പിന്തുണയാണ് പൊതുജനങ്ങളിൽ പണിമുടക്കിന് ലഭിച്ചത്.

## കിട്ടാക്കടത്തിൽ 73 ശതമാനവും കോർപറേറ്റുകളുടേത്

രാജ്യത്തെ പൊതുമേഖലാ ബാങ്കുകളിലെ കിട്ടാക്കടത്തിൽ 73 ശതമാനവും കോർപറേറ്റുകളുടെ വക മൊത്തം കിട്ടാക്കടത്തിൽ കാർഷികവായ്പ 8.89 ശതമാനം മാത്രം. സേവന മേഖലാ വായ്പകളുടെ വിഹിതം 13.21 ശതമാനവും ചില്ലറ വായ്പകളുടെ വിഹിതം 3.71 ശതമാനവും മാത്രമാണെന്നും റിസർവ് ബാങ്കിന്റെ പക്കലുള്ള സ്ഥിതിവിവരക്കണക്ക് വ്യക്തമാക്കുന്നു.

കഴിഞ്ഞ വർഷം മാർച്ച് 31 ലെ കണക്കു പ്രകാരം പൊതുമേഖലാ ബാങ്കുകളിലെ മൊത്തം കിട്ടാക്കടം 6.41 ലക്ഷം കോടി രൂപയാണ്. ഇതിൽ 4.70 ലക്ഷം കോടി രൂപയും കോർപറേറ്റുകൾ വരുത്തിയതാണ്. കാർഷിക മേഖലയിലെ കിട്ടാക്കടം 57,021 കോടി രൂപയാണ്. സേവന മേഖലയ്ക്ക് നൽകി 84,686 കോടി രൂപയും ചില്ലറ മേഖലയിൽ നൽകിയ 23,795 കോടി രൂപയും കിട്ടാക്കടമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാർ-ഭവന വായ്പകളും വ്യക്തിഗത ആവശ്യങ്ങൾക്കുള്ള വായ്പകളും ഉൾപ്പെടുന്ന ചില്ലറ വിഭാഗത്തിൽ തിരിച്ചടവ് മെച്ചപ്പെട്ട തോതിലാണെന്ന് വ്യക്തം.

കഴിഞ്ഞ 10 വർഷം പൊതു മേഖലാ ബാങ്കുകൾ എഴുതിത്തള്ളിയത് 3,60,912 കോടി രൂപയുടെ കിട്ടാക്കടമാണ്. 2007-08 മുതൽ ഏഴു വർഷം 1,21,830 കോടി രൂപയാണ് എഴുതിത്തള്ളിയതെങ്കിൽ മോഡി സർക്കാർ വന്നശേഷമുള്ള മൂന്നര വർഷത്തിൽ ഈ തുക 2,39,082 കോടിയായി ഉയർന്നു. 2016-17 വർഷം മൊത്തത്തിൽ 77,123 കോടി രൂപയാണ് എഴുതിത്തള്ളിയത്. 2017-18 ൽ ലക്ഷം കോടി കവിയും.

വായ്പ അനുവദിക്കുമ്പോൾ തിരിച്ചടവ് സാധ്യത നിർണയിക്കുന്നതിൽ സംഭവിക്കുന്ന വീഴ്ച, ബിസിനസ് പരാജയം, വായ്പാക്രമക്കേടുകൾ എന്നിവയാണ് കോർപറേറ്റുകളിൽ നിന്നുള്ള കിട്ടാക്കടം പെരുകാൻ കാരണമെന്ന് ബാങ്കിംഗ് വിദഗ്ധർ വിലയിരുത്തുന്നു. വൻകിട കോർപറേറ്റുകൾക്ക് അതത് കാലത്തെ കേന്ദ്ര സർക്കാരുകളുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി വായ്പ അനുവദിക്കേണ്ടി വരുന്നത് സ്ഥിതി വഷളാക്കുന്നു. വായ്പയായി നൽകുന്ന തുകയുടെ ഒന്നര മടങ്ങ് ബാങ്കുകൾ സാധാരണ ഈട് വാങ്ങാറുണ്ട്. രാഷ്ട്രീയ സ്വാധീനമുള്ള കോർപറേറ്റ് പ്രമുഖർക്ക് മുന്നിൽ ചട്ടങ്ങൾ ദുർബലമാകുന്നു. മുകേഷ് അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ഗ്യാസ് ഇൻഫ്രാസ്ട്രക്ചറിന്റെ-(ആർജിടിഐഎൽ) 16,010 കോടി രൂപയുടെ വായ്പാ തിരിച്ചടവിന് പൊതുമേഖലാ ബാങ്കുകൾ 16 വർഷത്തെ അവധി നൽകിയത് ഉദാഹരണം.

മോഡി സർക്കാർ വന്ന ശേഷം 2015 ലാണ് ഇത്രയും നീണ്ട അവധി നൽകിയത്. കമ്പനിയുടെ നിയന്ത്രണത്തിലുള്ള കൃഷ്ണ ഗോദാവരി ഡിആർ ബ്ലോക്കിൽ നിന്നുള്ള പ്രകൃതി വാതക ഉൽപ്പാദനം ഇടിഞ്ഞ സാഹചര്യത്തിലാണ് വായ്പാ തിരിച്ചടവിന് ദീർഘകാല അവധി നൽകുന്നതെന്നാണ് ഔദ്യോഗിക വിശദീകരണം. എസ്ബിഐയിൽ നിന്ന് ആയിരക്കണക്കിന് കോടി രൂപ തട്ടിയ വിജയ് മല്യയെ നിയമത്തിന്റെ പിടിയിൽ കൊണ്ടുവരുന്നതിലും കേന്ദ്ര സർക്കാർ വീഴ്ച വരുത്തി. 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ ആറുമാസം പൊതുമേഖലാ ബാങ്കുകൾ 55,356 കോടി രൂപയുടെ കിട്ടാക്കടമാണ് എഴുതിതള്ളിയത്. കോർപറേറ്റ് സ്ഥാപനങ്ങളും പ്രൊമോട്ടർമാരും വരുത്തിയ കുടിശികകളാണ് ഇത്രയും. മുൻവർഷം ആദ്യപകുതിയിൽ 35,985 കോടി രൂപയുടെ കിട്ടാക്കടം എഴുതിത്തള്ളി. ഒരു വർഷത്തിനുള്ളിൽ ഈയിനത്തിൽ 54 ശതമാനം വർധന. കിട്ടാക്കടം പെരുകുന്നത് ബാങ്കുകളുടെ സാമ്പത്തിക ഭദ്രതയെ ബാധിക്കുമെന്ന സ്ഥിതി വരുമ്പോൾ ബാലൻസ് ഷീറ്റിൽ ലാഭം കുറയുന്നത് ഒഴിവാക്കാനാണ് എഴുതിത്തള്ളൽ എന്നാണ് പതിവ് വിശദീകരണം.

# കേരളാ വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ 16-ാം സംസ്ഥാന സമ്മേളനം

കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ 16-ാം സംസ്ഥാന സമ്മേളനം 2018 ഫെബ്രുവരി 16, 17, 18 തീയതികളിലിൽ കണ്ണൂരിൽ വച്ചു നടന്നു. സമ്മേളനം സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ: എളമരം കരീം ഉത്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് സ: പി കരുണാകരൻ എംപി അധ്യക്ഷത വഹിച്ചു.സമ്മേളനത്തെ ബഹുമാനപ്പെട്ട തുറമുഖ പുരാവസ്തു വകുപ്പു മന്ത്രി ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി, വിവിധ ട്രേഡ് യൂണിയൻ സർവ്വീസ് സംഘടനാ നേതാക്കൾ തുടങ്ങിയവർ അഭിവാദ്യം ചെയ്തു സംസാരിച്ചു. സമ്മേളനത്തിന്റെ ഭാഗമായി ജനപക്ഷ ജലവിതരണം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പു മന്ത്രി മാത്യൂ ടി തോമസ് സെമിനാർ ഉത്ഘാടനം ചെയ്തു. സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച യാത്രയയപ്പ് സമ്മേളനം സഖാവ് പി കെ ശ്രീമതി ടീച്ചർ എംപി ഉത്ഘാടനം ചെയ്തു. സമ്മേളനത്തിന്റെ അനുബന്ധ പരിപാടി എന്ന നിലയിൽ 31 നിർധന കുടുംബങ്ങൾക്ക് മുഴുവൻ ചിലവും യൂണിയൻ വഹിച്ചുകൊണ്ട് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുകയുണ്ടായി. ജില്ലയിലെ 3 കേന്ദ്രങ്ങളിൽ അനുബന്ധ സെമിനാറുകളും കണ്ണൂരിൽ സാംസ്കാരിക സമ്മേളനവും സംഘടിപ്പിച്ചു.

ഭാരവാഹികൾ- പി കരുണാകരൻ എംപി (പ്രസിഡന്റ്), എ പി ലൗലി, കെ വി ജയപാൽ, കെ ജി ബിന്ദു (വൈസ് പ്രസിഡന്റുമാർ), എം തമ്പാൻ (ജനറൽ സെക്രട്ടറി), കെ ടി മൊയ്തീൻ കുട്ടി, എസ് രാജീവ്, പി രഘുനാഥ് (സെക്രട്ടറിമാർ) പി ശശിധരൻ നായർ (ട്രഷറർ). 44 അംഗ സംസ്ഥാന കമ്മിറ്റിയെയും വനിതാ സബ് കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.





പി കരുണാകരൻ എംപി
(പ്രസിഡന്റ്)



എം.തമ്പാൻ
(ജനറൽ സെക്രട്ടറി)



ട്രാൻസ്പോർട്ട് ഭവന് മുന്നിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർ നടത്തിയ നിരാഹാര സമരത്തെ സ. ആനത്തലവട്ടം ആനന്ദൻ അഭിവാദ്യം ചെയ്യുന്നു.

കേരള സ്റ്റേറ്റ് ഓട്ടോ- ടാക്സി ആന്റ് ലൈറ്റ് മോട്ടോർ വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) സംസ്ഥാന ജനറൽ കൗൺസിലിനോട് അനുബന്ധിച്ചുനടന്ന പ്രകടനം.



# വൈദ്യുതി ജീവനക്കാർ രാജ്യവ്യാപക പ്രക്ഷോഭത്തിലേക്ക്

വൈദ്യുതി നിയമം ഭേദഗതി ചെയ്തുകൊണ്ട് രാജ്യത്തെ വൈദ്യുതി മേഖലയെ സ്വകാര്യവല്ക്കരിക്കുന്നതിനെതിരെ വൈദ്യുതി മേഖലയിലെ തൊഴിലാളികളും ഓഫീസർമാരും എഞ്ചിനീയർമാരും നടത്തുന്ന രാജ്യവ്യാപക പ്രക്ഷോഭത്തിനു മുന്നോടിയായി നാഷണൽ കോ ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എൻജിനിയേഴ്സിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് ജീവനക്കാരേയും ബഹുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല ജനകീയ കൺവൻഷൻ സംഘടിപ്പിച്ചു. പി.കരുണാകരൻ എം.പി ഉദ്ഘാടനം ചെയ്തു.





ജില്ലയിൽ നടത്തുന്ന 84 ജനസഭ 2014 ഭേദഗതി ബിൽ പാസ്സാക്കുന്ന ദിവസം നടത്തുന്ന മിന്നൽ പണിമുടക്കും സംസ്ഥാന, തലസ്ഥാനങ്ങളിൽ നടക്കുന്ന മാർച്ചും വിജയിപ്പിക്കുന്നതിന് കൺവൻഷൻ ആഹ്വാനം ചെയ്തു. വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു), വർക്കേഴ്സ് ഫെഡറേഷൻ എ.ഐ.ടി.യു.സി, സ്വതന്ത്ര തൊഴിലാളി യൂണിയൻ എസ്.ടി.യു, ഓഫീസേഴ്സ് അസോസിയേഷൻ, എൻജിനിയേഴ്സ് അസോസിയേഷൻ, പെൻഷനേഴ്സ് അസോസിയേഷൻ, കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ, പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ, വിവിധ സർവീസ് സംഘടനകൾ, പൊതുമേഖല സംഘടനകൾ എന്നിവർ സംബന്ധിച്ചു. സംഘാടക സമിതി ചെയർമാൻ വി.വി.രമേശൻ അദ്ധ്യക്ഷത വഹിച്ചു. കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് സി. ഉണ്ണിക്കൃഷ്ണൻ വിഷയാവതരണം നടത്തി. സംഘാടകസമിതി കൺവീനർ വി.ജനാർദ്ദനൻ, സി.ഐ.ടി.യു ജില്ലാ കമ്മിറ്റി പ്രസിഡന്റ് കെ.ബാലകൃഷ്ണൻ, എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി സി.പി. ബാബു, എസ്.ടി.യു ജില്ലാ ജനറൽ സെക്രട്ടറി ഷെറീഫ് കൊടവഞ്ചി, പി.വി മധുസൂദനൻ, പി.സുരേന്ദ്ര, സദർ റിയാസ്, ബി.രമേശൻ, സംഘാടക സമിതി ജോ:കൺവീനർ കെ.ശശിധരൻ, കെ.വി.ദാമോദരൻ എന്നിവർ സംസാരിച്ചു.

## STATEMENT OF OWNERSHIP AND PARTICULARS ABOUT THE PERIODICAL CITU SANDESAM (Monthly) FORM IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity | : | Monthly |
| 3. | Printer's Name | : | Elamaram Kareem |
| | (Whether Citizen of India) | : | Yes |
| | (If foreigner, state the country of origin) | | |
| | Address | : | General Secretary, CITU State Committee,<br>E. Balanandan Smaraka Mandiram<br>Thiruvananthapuram |
| 4. | Publisher's Name | : | Elamaram Kareem |
| | (Whether Citizen of India) | : | Yes |
| | (If foreigner, state the country of origin) | | |
| | Address | : | General Secretary, CITU State Committee,<br>E. Balanandan Smaraka Mandiram<br>Thiruvananthapuram |
| 4. | Editor's Name | : | Elamaram Kareem |
| | (Whether Citizen of India) | | |
| | (If foreigner, state the country of origin) | : | Yes |
| 5. | Owner's Name | : | Elamaram Kareem<br>General Secretary, CITU State Committee,<br>E. Balanandan Smaraka Mandiram<br>Thiruvananthapuram |

I, Elamaram Kareem hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
18-04-2018

(Sd/)
Elamaram Kareem (Publisher)